
# TRICHUR ARCHDIOCESAN BULLETIN

2025 ഏപ്രിൽ | വാല്യം: 92 | ലക്കം: 04




ജറുസലെമിലേക്കു രാജകീയ പ്രവേശനം (മത്താ 21, 9)



27-ാം ചരമവാർഷികം

## മാർ ജോസഫ് കുണ്ടുകുളം

തൃശ്ശൂർ അതിരൂപത പ്രഥമ മെത്രാപ്പോലീത്ത

ജനനം: 16.09.1917 മരണം: 26.04.1998

Trichur Archdiocesan Bulletin
# TAB

ESTD: 1934

**ഏപ്രിൽ 2025**

ലക്കം: 04 | വാല്യം: 92

04

*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur
*Chief Editor*
**Fr. Francis Aloor**
*Executive Editor*
**Fr. Shijo Chiriyankandath**
*Design*
smritidesin.com
*Printed at*
St. Mary's Orphanage Press
*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
Email: curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

## ഉള്ളടക്കം

| | |
|---|---|
| ഇടയലേഖനം | 4 |
| കച്ചേരിക്കാര്യം | 10 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 15 |
| സഹായമെത്രാന്റെ പരിപാടികൾ | 16 |
| നാളാഗമം | 18 |
| നാമകരണ നടപടികൾ | 21 |
| വൈദികർ | 25 |
| സന്യസ്തർ | 28 |
| എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം | 34 |
| വിശ്വാസ പരിശീലനം | 36 |
| സ്ഥാപനങ്ങൾ | 41 |
| സംഘടനകൾ | 57 |



# 1 ഇടയലേഖനം

## മാർ ആൻഡ്രൂസ് താഴത്ത്

735/ 2025
27.02.2025 PL- 1

### നോമ്പുകാലം

ഈശോയിൽ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സലമക്കളേ,

2025 ജൂബിലി വർഷത്തിലെ വലിയ നോമ്പിലേക്ക് നാം പ്രവേശിക്കുകയാണ്. ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പ്രധാന വിഷയമായി ഫ്രാൻസിസ് മാർപാപ്പ സ്വീകരിച്ചിരിക്കുന്നത് 'പ്രത്യാശയോടെ നമുക്ക് ഒരുമിച്ച് യാത്ര ചെയ്യാം' (Let us journey together in hope) എന്നതാണ്. ഈ സന്ദേശത്തിൽ നാം മനസ്സിലാക്കുന്നതുപോലെ, (1) പാപത്തെയും മരണത്തെയും തോല്പിച്ച് ഉത്ഥാനം ചെയ്ത ഈശോയുടെ പെസഹാവിജയത്തിന്റെ സന്തോഷത്തിൽ പങ്കുചേരുക എന്നതാണ് 'പ്രത്യാശയുടെ തീർത്ഥാടകരാകുക' എന്ന മുദ്രാവാക്യത്തിലൂടെ മാർപാപ്പ അർത്ഥമാക്കുന്നത്. (2) ഈ തീർത്ഥാടനം പരസ്പരം ശ്രവിച്ചും പങ്കുവച്ചും സഹായിച്ചും കൂടെ നടന്നുമുള്ള കൂട്ടായ്മ ശൈലിയിലാകാൻ (സിനഡാത്മകത) സഹായിക്കണം. (3) പിതാവിന്റെ ഭവനം ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ തീർത്ഥാടനത്തിൽ ദൈവരാജ്യനിർമ്മിതിക്കായി

അനുതാപത്തോടും, നമ്മെ നിരാശരാക്കാത്ത പ്രത്യാശയോടുംകൂടെ (റോമാ 5:5) സുവിശേഷത്തിൽ നാം വിശ്വസിക്കണം (മർക്കോസ് 1:15). ഇപ്പോൾ രോഗബാധിതനായിരിക്കുന്ന ഫ്രാൻസിസ് മാർപാപ്പയുടെ ആരോഗ്യത്തിനുവേണ്ടി നാം പ്രാർത്ഥിക്കുന്നതോടൊപ്പം രോഗശയ്യയിൽ പോലും പ്രത്യാശയുടെ വാക്കുകൾ പറയുന്ന മാർപാപ്പയുടെ വീരോചിത ചൈതന്യം നമുക്ക് മാതൃകയാക്കാം.

നോമ്പ് ആരംഭിക്കുന്നതിന്റെ ഭാഗമായുള്ള വിഭൂതിദിനത്തിന്റെ പ്രാർത്ഥനകൾ, നോമ്പുകാലത്തിലേക്ക് ഒരുക്കത്തോടെ പ്രവേശിക്കാൻ നമുക്ക് സഹായകരമാണ്. വിഭൂതി ദിനത്തിൽ നാം ഇപ്രകാരം പ്രാർത്ഥിക്കുന്നു: 'ഇന്ന് ഞങ്ങൾ ആരംഭിക്കുന്ന നോമ്പ് അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും ജീവിതനവീകരണത്തിലേക്കും ഞങ്ങളെ നയിക്കട്ടെ'. 'ജീവിത നവീകരണം വരുത്താനുള്ള ഏറ്റവും അനുയോജ്യമായ സമയമാണ് നോമ്പുകാലം. വി. മത്തായിയുടെ സുവിശേഷം ആറാം അധ്യായത്തിൽ നോമ്പുകാല ചൈതന്യം എന്തെന്നും എങ്ങനെ ജീവിക്കണമെന്നും ഈശോ നമ്മെ പഠിപ്പിക്കുന്നു. ധർമ്മദാനം, പ്രാർത്ഥന, ഉപവാസം എന്നീ മൂന്ന് പദപ്രയോഗങ്ങളിലൂടെ ദൈവത്തോടും സഹോദരങ്ങളോടും, പ്രത്യേകിച്ച്, പാവപ്പെട്ടവരോടും പ്രകൃതിയോടും ഉള്ള നമ്മുടെ ധർമ്മം അഥവാ ഉത്തരവാദിത്വം എങ്ങനെയാണ് നിർവ്വഹിക്കുന്നത് എന്ന് ആത്മപരിശോധന ചെയ്ത് ജീവിതനവീകരണം വരുത്താൻ ആഹ്വാനം ചെയ്യുന്നു. ഇതിന് ഈശോയുടെ കൂടെയായിരിക്കുന്ന ഉപവസിക്കലും പ്രാർത്ഥനയും അനിവാര്യമാണ്. അതുകൊണ്ട്, പാപബോധം, പശ്ചാത്താപം, പരിഹാരം, പ്രാർത്ഥന, പരോപകാരം തുടങ്ങിയവ വഴി ജീവിതനവീകരണം വരുത്തലാണ് നോമ്പുകാല ചൈതന്യം.

ദൈവരാജ്യപ്രഘോഷണം, പീഡാസഹനം, മരണം, ഉത്ഥാനം എന്നിവയായിരുന്നു മനുഷ്യവർഗ്ഗത്തെ രക്ഷിക്കാനുള്ള ഈശോയുടെ ദൈവികപദ്ധതി. എന്നാൽ, ഈശോ ഈ രക്ഷാകര പദ്ധതി പ്രാവർത്തികമാക്കുന്നതിനു ഒരുക്കമായി, പരസ്യജീവിതത്തിന്റെ ആരംഭത്തിൽ ചെയ്തത്, മരുഭൂമിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലുമായി നാല്പതു ദിവസം പിതാവിനോട് ചേർന്നിരിക്കുക എന്നതായിരുന്നു. ഈ നാൽപതു ദിവസത്തിന്റെ ഓർമ്മയിലാണ് വലിയ നോമ്പ് നമ്മൾ ആചരിക്കുന്നത്. നമ്മുടെ പാരമ്പര്യത്തിൽ ഇതിനെ 50 നോമ്പായിട്ടാണ് ആചരിച്ചുപോരുന്നത്. നോമ്പുകാല ഘട്ടത്തിലെ കർത്താവിന്റെ ദിവസമായ ഏഴു ഞായറാഴ്ചകളും പെസഹാ ദിനങ്ങളായ മൂന്ന് ദിവസങ്ങളും ഈശോ മരുഭൂമിയിൽ ചിലവഴിച്ച നാല്പതു ദിവസങ്ങളും ഉൾപ്പെടുത്തിയാണ് അമ്പതു ദിവസങ്ങൾ കണക്കാക്കുന്നത്.

വിവിധ ജീവിതാന്തസ്സുകളിലും ജീവിതതുറകളിലും ഉള്ളവർക്ക് പ്രത്യേക കർമ്മപദ്ധതികൾ ജൂബിലി വർഷത്തിൽ ആസൂത്രണം ചെയ്യാൻ മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. സാർവത്രിക സഭയിൽ നൽകപ്പെട്ട ജൂബിലിവർഷ കർമ്മപരിപാടികളോട് ചേർന്ന് നമ്മുടെ അതിരൂപതയിലും പ്രത്യേക കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. അവ ജൂബിലി ചൈതന്യത്തിൽത്തന്നെ പ്രായോഗികമാക്കാൻ ഞാൻ ആഹ്വാനം ചെയ്യുന്നു. ജൂബിലിവർഷ പ്രാർത്ഥന, പ്രത്യേക ആരാധന, ബൈബിൾ കൺവെൻഷനുകൾ, ജൂബിലിഭവന ദാനങ്ങൾ, ജൂബിലി ഡയാലിസിസ്, വലിയ കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കൽ, കുട്ടികൾ-യുവജനങ്ങൾ-വൃദ്ധർ-ഭിന്നശേഷിക്കാർ-രോഗബാധിതർ- കുടുംബജീവിതക്കാർ-സമർപ്പിതർ-വൈദികർ തുടങ്ങിയവർക്കുള്ള പ്രത്യേക പരിപാടികൾ ഈ പദ്ധതികളിൽ ഉൾപ്പെടുന്നതാണ്. തൃശ്ശൂർ അതിരൂപത ഏറ്റെടുത്തിരിക്കുന്ന ഷംഷാബാദ് രൂപതയിലെ വിശാഖപട്ടണം എവുപ്രാസ്യ മിഷനെ സഹായിക്കാൻ ഈ അവസരത്തിൽ ഞാൻ ഏവരോടും ആഹ്വാനം ചെയ്യുന്നു. ക്രൈസ്തവ സഭയുടെ വിശ്വാസപ്രമാണം രൂപപ്പെട്ടത് എ. ഡി. 325 ലെ നിഖ്യാ സൂനഹദോസിൽ വെച്ചാണ്. ഇതിന്റെ 1700-ാം വർഷജൂബിലി ആചരിക്കുന്നത് ഈ അവസരത്തിൽ വളരെ പ്രസക്തമാണ്.

മാർപാപ്പ പ്രഖ്യാപിച്ചിട്ടുള്ള ദണ്ഡവിമോചനങ്ങൾ ലഭിക്കാൻ ഈ ജൂബിലി വർഷത്തിൽ തീർത്ഥാടനങ്ങൾ നടത്തുന്നതും അനുഗ്രഹപ്രദമായിരിക്കും. സഭയുടെ വിശുദ്ധിയുടെ ഭണ്ഡാഗാരത്തിൽനിന്നും, സഭ നിശ്ചയിച്ച ഭക്താഭ്യാസങ്ങളിലൂടെ, പാപത്തിൽ നിന്നും പാപകറകളിൽനിന്നും മോചനം ലഭിക്കാനുള്ള അവസരങ്ങളാണ് ദണ്ഡവിമോചനങ്ങൾ. പാപത്തെക്കുറിച്ച് പശ്ചാത്തപിച്ച് കുമ്പസാരിക്കുകയും, വിശുദ്ധ കുർബാന സ്വീകരിക്കുകയും, വിശ്വാസപ്രമാണം, കർതൃപ്രാർത്ഥന (സ്വർഗ്ഗസ്ഥനായ പിതാവേ), മരിയസ്തുതി (നന്മനിറഞ്ഞ മറിയമേ), ത്രിത്വസ്തുതി എന്നിവ ചൊല്ലി മാർപാപ്പയുടെ നിയോഗാർത്ഥം പ്രാർത്ഥിക്കുകയും ചെയ്യുക ഇതിന്റെ നിബന്ധനകളാണ്.

പുരാതന കാലം മുതൽ തന്നെ നമ്മുടെ സഭയിൽ തീർത്ഥാടനങ്ങൾ പതിവായിരുന്നു. ജൂബിലി വർഷത്തിൽ റോമിലെ ബസിലിക്കകൾക്കു പുറമെ എല്ലാ രൂപതകളിലും ദണ്ഡവിമോചനങ്ങൾ ലഭിക്കുന്ന വിശുദ്ധ കവാടങ്ങളുള്ള തീർത്ഥകേന്ദ്രങ്ങൾ ജൂബിലി വർഷത്തിൽ ഉണ്ടാകണമെന്ന് മാർപാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്. വിശുദ്ധ കവാടങ്ങളുള്ള മൂന്ന് തീർത്ഥകേന്ദ്രങ്ങളാണ് നമ്മുടെ അതിരൂപതയിലുള്ളത്. അവ മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രമായ പാലയൂർ, തൃശ്ശൂർ ലൂർദ് കത്തീഡ്രൽ, തൃശ്ശൂർ വ്യാകുലമാതാവിൻ

ബസിലിക്ക എന്നിവയാണ്. മാത്രമല്ല, വിവിധ ദൈവാലയങ്ങൾ സന്ദർശിച്ച് (ഉദാ: ഏഴു പള്ളി സന്ദർശനം) പ്രാർത്ഥിക്കുന്നതും ജൂബിലി ചൈതന്യമാണ്. നമ്മുടെ അതിരൂപതയിൽ തീർത്ഥകേന്ദ്ര ങ്ങളായി പ്രഖ്യാപിക്കപ്പെട്ട സ്ഥലങ്ങളായ പാലയൂർ, ബസിലിക്ക യിലെ അതിരൂപതാ നിത്യാരാധന കേന്ദ്രം, ഒല്ലൂർ വി. എവുപ്രാസ്യ യുടെ കബറിടം, ഇടവക തീർത്ഥകേന്ദ്രങ്ങളായി പ്രഖ്യാപിക്കപ്പെ ട്ടിട്ടുള്ള പള്ളികൾ (1. തൃശ്ശൂർ ബസിലിക്ക, 2. മറ്റം നിത്യസഹായമാതാ പള്ളി 3. പഴുവിൽ വി. അന്തോണീസിന്റെ പള്ളി, 4. വേലൂപ്പാടം വി. യൗസേപ്പിതാവിന്റെ പള്ളി, 5. റഫായേൽ മാലാഖയോട് പ്രത്യേക ഭക്തിയുള്ള ഒല്ലൂർ പള്ളി 6. പാവറട്ടി വി. യൗസേപ്പിതാവിന്റെ പള്ളി 7. പെരിഞ്ചേരി തിരുഹൃദയ പള്ളി, 8. അരിമ്പൂർ വി. ഗീവർ ഗ്ഗീസിന്റെ കുരിശുപള്ളി, 9. കോഞ്ചിറ പോംപെ മാതാവിന്റെ പള്ളി) എന്നിവിടങ്ങളിലേക്കും ചൊവ്വന്നൂരിലെ ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ കബറിടത്തിലേക്കും ചേലക്കര ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ കബറിടത്തിലേക്കും ധന്യ പദവിയിലെത്തിയ സി. സെലിൻ കണ്ണനായ്ക്കലിന്റെ കുണ്ടന്നൂരിലെ ജന്മഗൃഹത്തിലേക്കും മറ്റും ഈ വർഷം പ്രത്യേക തീർത്ഥാടനങ്ങൾ നടത്തുന്നത് ഉചിത മാണ്.

ജൂബിലി വർഷത്തിലെ പാലയൂർ മഹാതീർത്ഥാടനം നടക്കുന്നത് 2025 ഏപ്രിൽ 6 ഞായറാഴ്ചയാണ്. അതിരൂപതയുടെ വിവിധ ഭാഗ ങ്ങളിൽനിന്ന് വിശുദ്ധ തോമാശ്ലീഹായുടെ പാദസ്പർശമേറ്റ ഇന്ത്യ യിലെ ആദ്യത്തെ ക്രൈസ്തവ സമൂഹം രൂപീകരിക്കപ്പെട്ട പാലയൂ രിലേക്ക് തീർത്ഥാടനം നടത്തി ദൈവാനുഗ്രഹവും ദണ്ഡവിമോചന വും പ്രാപിക്കാൻ എല്ലാവരെയും ആഹ്വാനം ചെയ്യുന്നു. അന്നേ ദിവസം, രാവിലെ അതിരൂപതയുടെ വിവിധ മേഖലകളിൽനിന്നും ഉച്ചകഴിഞ്ഞ് 3:00ന് പാവറട്ടിയിൽനിന്നും നടത്തുന്ന മഹാതീർത്ഥാ ടനത്തിൽ കഴിയുന്നത്ര വിശ്വാസികൾ പങ്കുചേരണമെന്നു ആഹ്വാനം ചെയ്യുന്നു. തീർത്ഥാടനത്തെകുറിച്ചുള്ള കൂടുതൽ വിശദശാംശങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതാണ്.

2026 ൽ, സീറോ മലബാർ സമുദായശാക്തീകരണവർഷം ആചരി ക്കാൻ മെത്രാന്മാരുടെ സിനഡ് നിശ്ചയിച്ചിരിക്കുകയാണ്. ജൂബിലി വർഷമായ 2025 ൽ തന്നെ സമുദായശാക്തീകരണ ബോധവത്ക്കരണ പരിപാടികൾ ആസൂത്രണം ചെയ്യാനും ആഹ്വാനമുണ്ട്. ഭാരതത്തിന്റെ, പ്രത്യേകിച്ച് കേരളത്തിന്റെ, രാഷ്ട്രനിർമ്മിതിയിൽ വലിയ പങ്കുവഹിച്ചി ട്ടുള്ള സമുദായമാണ് ക്രൈസ്തവർ, പ്രത്യേകിച്ച്– സീറോ മലബാർ ക്രൈസ്തവർ. എന്നാൽ, ഇന്ന് നമ്മുടെ സമുദായം വളരെയേറെവെല്ലു വിളികൾ നേരിട്ടുകൊണ്ടിരിക്കുന്നു; പല തരത്തിലും നാം പിന്നോട്ടു

പോയികൊണ്ടിരിക്കുകയാണ്. വർഗ്ഗീയ ചിന്ത കൂടാതെ സമുദായ അവബോധം വളർത്തുകയും സമുദായ കൂട്ടായ്മ ഉറപ്പു വരുത്തുകയും ചെയ്യേണ്ടത് സീറോ മലബാർ സമുദായത്തിന്റെ നിലനിൽപ്പിനു തന്നെ അത്യാവശ്യമായിരിക്കുന്നു. ഇന്ന് അംഗസംഖ്യയിൽ ഏറ്റവും വേഗം കുറഞ്ഞുകൊണ്ടിരിക്കുന്ന സമുദായമായി നാം മാറിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം, സർക്കാർ ജോലി, സാംസ്കാരിക പ്രവർത്തനങ്ങൾ, വാണിജ്യ-വ്യവസായ-രാഷ്ട്രീയ മേഖലകൾ തുടങ്ങിയവയിൽ ഇന്ന് നാം പലപ്പോഴും പിന്തള്ളപ്പെടുന്നു എന്ന വസ്തുത വേദനാജനകമാണ്. ന്യൂനപക്ഷങ്ങളിലെ ന്യൂനപക്ഷമായ ക്രൈസ്തവ സമുദായം പല തരത്തിലുള്ള വിവേചനങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. മുന്നോക്ക വിഭാഗമെന്നതിന്റെ പേരിൽ സംവരണം ഇല്ലാത്തതിനാൽ സീറോ മലബാർ സമുദായാംഗങ്ങളായ നമുക്ക് പല കാര്യങ്ങളിലും അവഗണന അനുഭവിക്കേണ്ടിവരുന്നു. അതിനാൽ നമുക്ക് ലഭിക്കേണ്ട അവകാശങ്ങളെക്കുറിച്ച് അവബോധമുണ്ടാകാനും അവ ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾക്കുമായി ആവശ്യമായ സംഘടനകളും നേതൃത്വമുള്ള വ്യക്തികളും സംവിധാനങ്ങളും ഉണ്ടാകേണ്ടിയിരിക്കുന്നു.


സമുദായശക്തീകരണത്തിന്റെ ഭാഗമായി സിനഡ് പ്രത്യേകം ആവശ്യപ്പെടുന്നത് സമുദായ ബോധം വളർത്തുന്നതോടൊപ്പം സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സിനെ ശക്തിപ്പെടുത്തുക എന്നതാണ്. അതിനാൽ, നമ്മുടെ അതിരൂപതയിൽ കത്തോലിക്കാ കോൺഗ്രസ്സിന്റെ ഇന്നത്തെ സംഘടന രൂപം മാറേണ്ടിയിരിക്കുന്നു. എല്ലാ സീറോമലബാർ സഭാംഗങ്ങളെയും ഉൾപ്പെടുത്തുന്നതായിരിക്കണം സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസ്സ്. അതിനാൽ ഓരോ ഇടവകയിലെയും വൈദികർ, പ്രധിനിധി യോഗാംഗങ്ങൾ, കുടുംബ കൂട്ടായ്മ ഭാരവാഹികൾ, വിശ്വാസ പരിശീലകർ, എല്ലാ സംഘടനകളുടെയും ഭാരവാഹികൾ തുടങ്ങിയവർ നിർബന്ധമായും കത്തോലിക്കാ കോൺഗ്രസ്സിൽ സജീവമായി പ്രവർത്തിക്കുന്നവരായിരിക്കണം. ഈ മാർച്ച് മാസം മുതൽ തന്നെ എല്ലാ സീറോ മലബാർ സഭാംഗങ്ങളെയും ഉൾപ്പെടുത്തി ഇടവക-ഫൊറോനാ തലങ്ങളിൽ സമുദായശാക്തീകരണ കൺവെൻഷനുകൾ നടത്താനും കർമ്മപരിപാടികൾ ആവിഷ്കരിക്കാനും ഞാൻ ആഹ്വാനം ചെയ്യുന്നു. ആത്മീയവും സാമുദായികവും സാമൂഹ്യവും മറ്റുമായ ഈ ശാക്തീകരണ കർമ്മപരിപാടികൾ കുടുംബം, ഇടവക, ഫൊറോന, അതിരൂപത തുടങ്ങിയ തലങ്ങളിലും കുട്ടികൾ, യുവജനങ്ങൾ, വൈദികർ, സമർപ്പിതർ, പ്രവാസികൾ, കർഷകർ, തൊഴിലന്വേഷകർ, കച്ചവടക്കാർ, വ്യവസായസംരംഭകർ എന്നിങ്ങനെ എല്ലാ

വിഭാഗങ്ങൾക്കിടയിലും ഉണ്ടാകേണ്ടതാണ്. ഇതിന് സഹായകമായി അതിരൂപതാതലത്തിൽ EDEN എന്ന ഒരു ട്രസ്റ്റ് രൂപീകരിച്ച് കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുന്നു എന്ന വിവരവും നിങ്ങളെ അറിയിക്കട്ടെ.

നോമ്പുകാലവും ജൂബിലി വർഷവും സമുദായശാക്തീകരണ വർഷവും നമുക്ക് ദൈവാനുഗ്രഹത്തിന്റെയും ജീവിത നവീകരണത്തിന്റെയും സഭാവളർച്ചയുടെയും അവസരമാകട്ടെ എന്ന് ആശംസിക്കുന്നു. തന്റെ പരസ്യജീവിതത്തിന് മുന്നോടിയായി മരുഭൂമിയിൽ ഉപവസിച്ച് പ്രാർത്ഥിച്ച് ആത്മാവിൽ നിറഞ്ഞ ഈശോയുടെ മാതൃക നമ്മുടെ ജീവിതത്തിലേക്ക് പകർത്താനും ആത്മീയമായി വളരാനും ഈ നോമ്പുകാലഘട്ടം നമ്മെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ആഗതമാകുന്ന ഉയിർപ്പു തിരുനാളിന്റെ ആശംസകൾ ഏവർക്കും മുൻകൂട്ടി നേരുന്നു. പരിശുദ്ധ അമ്മയുടെയും വിശുദ്ധ തോമാശ്ലീഹായുടെയും മധ്യസ്ഥതവഴി ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
*തൃശ്ശൂർ അതിരൂപത*
*മെത്രാപ്പോലീത്ത*

പുനരുത്ഥാനം
**അവൻ ഇവിടെയില്ല; താൻ അരുളിച്ചെയ്തതു പോലെ അവൻ ഉയിർപ്പിക്കപ്പെട്ടു.**
**(മത്താ 28, 6)**

# കച്ചേരി വാർത്തകൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**
**ഏപ്രിൽ 2025**

4 : ആദ്യവെള്ളി
6 : നോമ്പ് ആറാം ഞായർ
13 : നോമ്പ് ഏഴാം ഞായർ
ഓശാന ഞായർ
16 : വലിയ ബുധൻ/ പെസഹാബുധൻ മുതൽ വലിയ ശനി വരെ ത്രികാലജപം 'മിശിഹാ നമ്മെപ്രതി....'
17 : പെസഹാവ്യാഴം
18 : പീഡാനുഭവവെള്ളി
ഇന്ന് ഉപവാസദിനം
19 : വലിയ ശനി
വൈകീട്ട് മുതൽ പന്തക്കുസ്താതിരുനാൾ വരെ ത്രികാലജപം 'സ്വർല്ലോക രാജ്ഞി....'
20: ന. കർത്താവീശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ
ഉയിർപ്പ് ഒന്നാം ഞായർ
24: വി. ഗീവർഗ്ഗീസ്
25: വേദസാക്ഷികളുടെ തിരുനാൾ
വി. മർക്കോസ് സുവിശേഷകൻ
27: ഉയിർപ്പ് രണ്ടാം ഞായർ
പുതുഞായർ

**2. ഏപ്രിൽ മാസത്തെ പരിപാടികൾ**

03: ഇന്റർ കൂരിയമീറ്റിംഗ്
06: പാലയൂർ തീർത്ഥാടനം
14 : വൈദിക-സമർപ്പിത വിശുദ്ധീകരണ ദിനം
25: ആലോചനസമിതി യോഗം (10:30 am)
സ്ഥാപന ഡയറക്ടർമാരുടെ യോഗം (02:30 pm)
26: ആർച്ച്ബിഷപ്സ് ഹൗസ് സ്റ്റാഫ് പിക്നിക്
28: കൊച്ചച്ചന്മാരുടെ യോഗം (10:00 am)

**3. ഉയിർപ്പുകാലം**

ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ

ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥന കളിലും ഗീതങ്ങളിലും ഉള്ളത്.

ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രമായ കർത്താവിന്റെ ഉയിർപ്പാണ് സഭയിൽ ആദ്യമായി ആഘോഷിച്ചു തുടങ്ങിയ തിരു നാൾ. ഉത്ഥാനം മുതൽ പന്തക്കുസ്താവരെയുള്ള സംഭവങ്ങൾ ഏഴ് ആഴ്ചകളിലായി ഈ കാലത്തിൽ സഭ അനുസ്മരിക്കുന്നു. ഉയിർപ്പിന്റെ എട്ടാം ദിനമായ പുതുഞായർ മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപന ദിനമാണ്.

സഭയെ നയിക്കാൻ കേപ്പായെയും മറ്റു ശ്ലീഹന്മാരെയും അവരുടെ പിൻഗാമികളെയും ചുമതലപ്പെടുത്തിയ ഉത്ഥിതനായ മിശിഹാ ലോകാവസാനം വരെ തന്റെ ശ്ലീഹന്മാരോടും പിൻഗാമികളോടും തന്റെ ജനത്തോടും കൂടെയുണ്ട് എന്ന സദ്വാർത്തയെയും ഈ കാലം നമുക്കു നൽകുന്നു.

ഉയിർപ്പു കഴിഞ്ഞ് 40-ാം ദിവസം 'കർത്താവിന്റെ സ്വർഗാരോഹണ തിരുനാൾ' ആഘോഷിക്കുന്നു. അതുകൊണ്ടുതന്നെ, സ്വർഗ്ഗരാജ്യ പ്രവേശനവുമായി അഭേദ്യം ബന്ധപ്പെട്ട് നില്ക്കുന്ന നിത്യജീവ നും ഉയിർപ്പും ഈ കാലത്തിലെ വിചിന്തനവിഷയങ്ങളാണ്. സ്വർഗ്ഗാരോഹണത്തോടനുബന്ധിച്ച് ഈശോ ശിഷ്യന്മാർക്ക് നൽകിയ നിർദ്ദേശമനുസരിച്ച് സദാസമയവും ദൈവാലയത്തിൽ പ്രാർത്ഥിക്കുന്ന ശിഷ്യരെയും സഭ നമുക്ക് പരിചയപ്പെടുത്തുന്നു. സ്വർഗവും ഭൂമിയും സന്ധിക്കുന്ന കർത്താവിന്റെ ആലയത്തിൽ പ്രത്യാശയോടെ പന്തക്കുസ്താനുഭവത്തിനായി കാത്തിരിക്കാനാണ് സഭാമാതാവ് നമ്മോടും ആവശ്യപ്പെടുന്നത്.

**4. പാലയൂർ മഹാതീർത്ഥാടനം:**

2025 ഏപ്രിൽ 6-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാ ടനം. തീർത്ഥാടനത്തിന് വിശ്വാസികളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**5. വൈദിക-സമർപ്പിത വിശുദ്ധീകരണദിനം**

ഏപ്രിൽ 14 തിങ്കളാഴ്ച ലൂർദ്ദ് പള്ളിയിൽ വെച്ചാണ് ഈ വർഷ ത്തെ വൈദിക-സമർപ്പിത വിശുദ്ധീകരണദിനം ആചരിക്കുന്നത്. അന്നേ ദിവസം രാവിലെ 10 മണിക്ക് പരിപാടികൾ ആരംഭിക്കും. അതിരൂപതയ്ക്കകത്ത് ശുശ്രൂഷ ചെയ്യുന്ന സന്യാസവൈദിക രുൾപ്പെടെ മുഴുവൻ ബഹു. അച്ചന്മാരും അന്നത്തെ തിരുകർമ്മങ്ങ ളിൽ പങ്കെടുക്കേണ്ടതാണ്. ഉച്ചക്കഴിഞ്ഞുള്ള കുർബാന മധ്യേ സൈത്തു കുദാശ ചെയ്യുന്നതാണ്. സൈത്തു കുദാശ അതിരൂപത യുടെ കൂട്ടായ്മ വിളിച്ചോതുന്ന ഒരു സന്ദർഭമാണ്. അതുകൊണ്ട് ഇടവകകളിൽ നിന്ന് പരമാവധി ദൈവജനപങ്കാളിത്തം ഉണ്ടാകാൻ ബഹു. അച്ചന്മാർ പരിശ്രമിക്കണം. മുഴുവൻ കൈക്കാരൻമാരും

പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സിസ്റ്റേഴ്സും പ്രസ്തുത കുർബാനയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**6. പെസഹാവ്യാഴം പ്രത്യേകപിരിവ്**

പെസഹാവ്യാഴാഴ്ച എല്ലാ കുടുംബങ്ങളിൽ നിന്നുമായി എടുക്കുന്ന പ്രത്യേക പിരിവ് വൈദികവിദ്യാർത്ഥികളുടെ പരിശീലന ചെലവിലേക്കായി മേരിമാത മേജർ സെമിനാരിയിലേക്ക് നൽകാനുള്ളതാണ്. ഇക്കാര്യം ജനങ്ങളെ ഓർമ്മപ്പെടുത്തണം. പ്രസ്തുത പിരിവ് 30-04-2025നു മുമ്പായി അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**7. പെസഹാഊട്ട്**

അതിരൂപതയിലെ വൈദികസമ്മേളനത്തിൽ മുമ്പ് അറിയിച്ചിരുന്നതുപോലെ പെസഹാവ്യാഴാഴ്ച നടത്തുന്ന പെസഹാഊട്ട് എല്ലാവർക്കും വേണ്ടിയുള്ള ഒരു പൊതു ഊട്ടുസദ്യയല്ല. പെസഹാഊട്ട് നിലനില്ക്കുന്ന പള്ളികളിൽ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർക്കു വേണ്ടി മാത്രം നടത്തുന്ന നേർച്ച ഊട്ടാണ് പെസഹാഊട്ട്. പെസഹാവ്യാഴാഴ്ച പള്ളികളിൽ ആരാധന നടക്കുന്നതിനാൽ പെസഹാഊട്ട് പൊതുഊട്ടുസദ്യയായി നടത്താതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**8. അതിരൂപത കാര്യാലയത്തിന് അവധി**

2025 ഏപ്രിൽ 13 ഓശാന മുതൽ ഏപ്രിൽ 27 പുതുഞ്ഞായർ വരെ അതിരൂപത കാര്യാലയത്തിന് അവധിയായിരിക്കും. ആ ദിവസങ്ങളിൽ അടിയന്തിര പ്രാധാന്യമുള്ള അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**9. രജിസ്റ്ററുകളിലെ തിരുത്ത്**

തൃശ്ശൂർ മെത്രാപ്പോലീത്തൻ പ്രോവിൻസിലെ കാര്യാലയ അംഗങ്ങൾ 2022 ജൂലൈ 14ന് ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം രജിസ്റ്ററുകളിൽ കൂട്ടിചേർക്കലുകൾ നടത്തുന്നതിന് ആവശ്യമായ നിബന്ധനകൾ താഴെ പറയുന്നു. ബഹു. വികാരിമാർ പുതിയ നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**I. പേരിനെ സംബന്ധിച്ച്**

1. പേരു തിരുത്തപ്പെടേണ്ട വ്യക്തിയാണ് അതിരൂപത കാര്യാലയത്തിൽ അപേക്ഷ നൽകേണ്ടത്. അപേക്ഷ നൽകുന്ന വ്യക്തിക്ക് പ്രായപൂർത്തിയാകാത്തപക്ഷം ടിയാളുടെ മാതാപിതാക്കൾക്ക് അപേക്ഷ നൽകാവുന്നതാണ്.

2. അപേക്ഷ നൽകുമ്പോൾ കൂട്ടിചേർക്കപ്പെടേണ്ട സിവിൽ പേരിന് ആധാരമായ സിവിൽ രേഖകളായി ജനനസർട്ടിഫിക്കറ്റും എസ്. എസ്. എൽ. സി. സർട്ടിഫിക്കറ്റുമാണ് സമർപ്പിക്കേണ്ടത്.

3. പേര് കൂട്ടിചേർക്കുന്നതിനായി സമർപ്പിക്കുന്ന അപേക്ഷ ആവശ്യമായ പരിശോധനകൾക്ക്ശേഷം മാത്രമേ അതിരൂപത കാര്യാലയം പരിഗണിക്കുകയുള്ളൂ.

4. പേര് കൂട്ടിചേർക്കപ്പെടേണ്ട വ്യക്തിയുടെ മാമ്മോദീസരേഖ യുടെ ഒറിജിനൽ ഹാജരാക്കേണ്ടതാണ്.

5. അപേക്ഷ സമർപ്പിക്കുമ്പോൾ രണ്ട് സാക്ഷികൾ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തുകയും ഒപ്പുവയ്ക്കുകയും സാക്ഷികളുടെ ഐ. ഡി. പ്രൂഫ് നൽകുകയും വേണം. സാക്ഷികളായി സ്വന്തം മാതാ പിതാക്കളോ സഹോദരങ്ങളോ മറ്റു മതസ്ഥരോ പാടുള്ളതല്ല.

6. നോട്ടറി പബ്ലിക് സാക്ഷ്യപ്പെടുത്തിയ അപേക്ഷകന്റെ/ അപേക്ഷകയുടെ സത്യവാങ്മൂലം നിർബന്ധമില്ല.

7. അതിരൂപത കാര്യാലയത്തിന്റെ അപേക്ഷ ഫോമിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

8. അപേക്ഷാഫോമിൽ അപേക്ഷകന്റെ വികാരിയുടെയോ മാമ്മോ ദീസ/വിവാഹം നടന്ന ഇടവകയിലെ വികാരിയുടെയോ ശുപാർശ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

9. അതിരൂപതയിലെ ഇടവകകളിൽ മാമ്മോദീസ/വിവാഹം നടത്തിയ വ്യക്തികളുടെ രജിസ്റ്റിലാണ് കൂട്ടിചേർക്കലുകൾ നടത്തു ന്നതിന് അനുവാദം നൽകുക. മാമ്മോദീസ/വിവാഹം നടന്നത് മറ്റു രൂപതകളിലെ പള്ളിയിലാണെങ്കിൽ ആ രൂപതകളിലാണ് അപേക്ഷ നൽകേണ്ടത്.

10. അപേക്ഷ നൽകുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ അപേ ക്ഷയിൽ വ്യക്തമാക്കിയിരിക്കണം.

a. (........................) പള്ളി മാമ്മോദീസ രജിസ്റ്ററിൽ എന്റെ വിളിപേര് (........................) എന്നാണ്.

b. എന്നാൽ സിവിൽ രേഖകളിൽ (ജനനസർട്ടിഫിക്കറ്റ്, എസ്. എസ്. എൽ. സി.) എന്റെ പേര് (........................) എന്നാണ്.

c. സിവിൽരേഖപ്രകാരം മാമ്മോദീസ രജിസ്റ്ററിൽ എന്റെ വിളി പേര് (........................) എന്നറിയപ്പെടാൻ ഞാനാഗ്രഹിക്കുന്നു.

d. മാമ്മോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന (........................) എന്ന വ്യക്തിയും സിവിൽ രേഖകളിൽ രേഖപ്പെടുത്തിയിരിക്കുന്ന (........................) എന്ന വ്യക്തിയും ഒരാൾ തന്നെയാണ്.

**9. അപേക്ഷയിൽ സാക്ഷികൾ സാക്ഷ്യപ്പെടുത്തുന്നതിനായുള്ള മാതൃക**

a. (........................) പള്ളിയിലെ മാമ്മോദീസ രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കുന്ന (പേര്) എന്ന പേരുള്ള മേൽപ്പറഞ്ഞയാൾക്ക് സിവിൽ

രേഖകളിൽ (പേര്) എന്നാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

b. അപേക്ഷ നല്കുമ്പോൾ അപേക്ഷയിൽ സാക്ഷികളുടെ പേര്, വീട്ടുപേര്, ഇടവക, ഒപ്പ്, ഐ. ഡി. പ്രൂഫുകൾ എന്നിവ ഉണ്ടായിരിക്കണം.

<u>II. തീയതിയെ സംബന്ധിച്ച്</u>

1. സാധാരണഗതിയിൽ ജനനതീയതിയിൽ മാറ്റം വരുത്താൻ അനുവാദം നൽകാറില്ല. പള്ളികളിലെ രജിസ്റ്ററിൽ എഴുതുമ്പോൾ വന്ന പാകപ്പിഴകളാണെങ്കിൽ വേണ്ടത്ര രേഖകൾ പരിശോധിച്ച ശേഷം മാത്രമേ കൂട്ടിചേർക്കുവാൻ അനുവാദം നൽകുക.

**9. വൈദികനിയമനം:**


1. ഫാ. നടുത്തുണ്ടത്തിൽ ജെറിൻ MSJ – ജൂബിലി മിഷൻ മെഡിക്കൽ കോളേജ് പാസ്റ്ററൽ കെയർ ടീം അംഗം; സാധുത 2025 ഫെബ്രുവരി 5 മുതൽ.

2. ഫാ. സുപ്പീരിയർ MSJ – കുരിയച്ചിറ ഇടവകയിൽ സഹായി; സാധുത 2025 ഫെബ്രുവരി 5 മുതൽ.

3. ഫാ. ജാക്സൺ ചാലക്കൽ – ശാന്തിധാം സി. എം. സി. മഠത്തിൽ ഞായറാഴ്ചകളിൽ വി. ബലിയർപ്പണം കൂടി; സാധുത 2025 ഫെബ്രുവരി 8 മുതൽ.

4. ഫാ. സനൽ മാളിയേക്കൽ– തോട്ടത്തിൽ ലൈൻ എസ്. കെ. ഡി. മഠത്തിൽ വി. ബലിയർപ്പണം കൂടി; സാധുത 2025 ഫെബ്രുവരി 8 മുതൽ.

5. ഫാ. സിജോ അരിക്കാട്ട് – വികാരി–ഇൻ–ചാർജ്ജ് മുല്ലശ്ശേരി; സാധുത 2025 ഫെബ്രുവരി 27 മുതൽ ഏപ്രിൽ 5 വരെ.



**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

## DECREE OF PROHIBITION

Rev. Fr. Thomas Chakramakkil CMI is prohibited to perform pastoral and priestly functions for the public in the Archeparchy of Trichur by the Order (Order No. 720/2025 dated 26.02.2025) of the Archbishop of Trichur. (Exception to this is for the celebrations within the Elthuruth CMI Monastery exclusively for the inmates of the monastery without the participation of the public).

## ENGAGEMENTS

**APRIL 2025**

**Mar Andrews Thazhath**

| Date | Day | Time | Description |
|---|---|---|---|
| 1 | Tue | Morning | Holy Mass @ Minor Seminary |
| 2 | Wed | | Bible Convention @ Kodannur |
| 3 | Thu | Morning | Inter Curia Meeting @ Ramanathapuram |
| | | Evening | Bible Convention @ Palayur |
| 4 | Fri | Evening | Jacobite Convention @ Pattikad |
| | | Evening | Inauguration of CTC course @ DBCLC |
| 6 | Sun | Morning | Palayur Great Pilgrimage |
| 10 | Thu | Evening | Trust Meeting - JMMCH |
| 12 | Sat | Morning | Vikalanga Meeting @ Town Hall |
| 13 | Sun | Morning | Palm Sunday Mass @ Lourdes Cathedral |
| 14 | Mon | Morning | Priest's Sanctification Day @ Lourdes Cathedral |
| 17 | Thu | Morning | Maundy Thursday Mass @ Dolours Basilica |
| 18 | Fri | Morning | Good Friday @ Lourdes Cathedral |
| | | Evening | Pariharapradikshinam @ Basilica |
| 20 | Sun | Morning | Holy Mass @ Lourdes Cathedral |
| 22-27 | | | Visit to Holy Land |
| 28 | Mon | Morning | Meeting of Assistant Vicars @ DBCLC |
| 29 | Tue | Morning | Vestition and Jubilee of SABS sisters |
| 30 | Wed | Morning | Blessing of renovated Church @ Kuriachira |
| | | Evening | Blessing of Prysbytery @Thiroor |

## ENGAGEMENTS
**APRIL 2025**

**Mar Tony Neelankavil**

| **Date** | **Day** | **Time** | **Description** |
|---|---|---|---|
| 01 | Tue | Morning | Vocation Week, Holymass @ SMMS |
| | | Evening | Mundur retreat concluding message |
| 03 | Thu | Morning | Ramanathapuram: Inter Curia meeting |
| 04 | Fri | Morning | Holymass @ Spiritual Animation Centre |
| | | Evening | Governing Body @ STC |
| 05 | Sat | Morning | Catechist Training Course @ DBCLC |
| 06 | Sun | Evening | Palayur Pilgrimage |
| 07- 11 | | | Veeraghattam |
| 12 | Sat | Morning | Franciscan Athmaya Sangamam @ Kurumal |
| 13 | Sun | Morning | Palm Sunday @ Basilica |
| 14 | Mon | Morning | Priest Sanctification Day & Chrism Mass |
| | | Evening | Editorial Meeting of Catholicasabha |
| 15 | Tue | Morning | STC Trust meeting |
| 16 | Wed | Morning | Holy Mass @ Parappur CMC Novitiate House |
| 17 | Thu | Morning | Maunday Thursday @ Lourde Cathedral |
| 18 | Fri | Morning | Good Friday @ Basilica |
| 20 | Sun | Morning | Easter Mass @ Basilica |
| 21 | Mon | Morning | Fourth child Baptism @ Ollur |
| 23 | Wed | Morning | Holymass @ SMMS, Selection Camp |
| 24 | Thu | Morning | Consultors' Meeting |
| | | Evening | Institution Directors' Meeting |

| | | | |
|---|---|---|---|
| | | | Fourth Child Baptism @ Varakkara South |
| 27 | Sun | Morning | Holy Communion @ Nellikkunnu |
| | | Evening | Catholica Congress Programme @ Palghat |
| 28 | Mon | Morning | Assistant Vicars' Meeting |
| 29 | Tue | Evening | JMMC Nursing Graduation Ceremony |
| 30 | Wed | Evening | Fourth Child Baptism @ Pavaratty |

യേശു ദൈവപുത്രൻ

**ഞാൻ എന്റെ പിതാവിന്റെ
പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ
നിങ്ങൾ എന്നെ വിശ്വസിക്കേണ്ടാ.
എന്നാൽ, ഞാൻ അവ
ചെയ്യുന്നെങ്കിൽ, നിങ്ങൾ എന്നിൽ
വിശ്വസിക്കുന്നില്ലെങ്കിലും ആ
പ്രവൃത്തികളിൽ വിശ്വസിക്കുവിൻ.
അപ്പോൾ, പിതാവ് എന്നിലും ഞാൻ
പിതാവിലും ആണെന്നു നിങ്ങൾ
അറിയുകയും ആ അറിവിൽ
നിലനിൽക്കുകയും
ചെയ്യും**

**(യോഹ 10, 37–38)**



# നാളാഗമം

## ഫെബ്രുവരി 2025

01. അഭിവന്ദ്യ ടോണി പിതാവ് സി.എം.സി. ജനറലേറ്റിൽ ബഹു. സിസ്റ്റേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു. ഉച്ചക്ക് മംഗലപുഴ സെമിനാരിയിലെ മീറ്റിംഗിന് പോയി.

02. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ബ്രഹ്മകുളം ഇടവകയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് വൈകിട്ട് വിയ്യൂർ ഇടവകയിൽ ബലിയർപ്പിച്ചു.

03. അഭിവന്ദ്യ താഴത്ത് പിതാവ് പാലക്കാട് രൂപതയുടെ സാൻജോ നേഴ്സിങ് കോളേജ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മേരിമാതാ സെമിനാരിയിലെ സ്റ്റാഫ് മീറ്റിംഗിൽ പങ്കെടുത്തു.

04. അഭിവന്ദ്യ താഴത്ത് പിതാവ് അരണാട്ടുകര ഇടവകയുടെ കിഴിലുള്ള ലാലൂരിലുള്ള കുരിശുപള്ളിയുടെ വെഞ്ചിരിപ്പ് നടത്തി വി. കുർബാനയർപ്പിച്ചു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ മുക്കാട്ടുകരയിൽ നാലാമത്തെ കുട്ടിക്ക് മാമ്മോദിസ നൽകി. ഉച്ചകഴിഞ്ഞ്

പെരിഞ്ചേരിയിൽ ലിറ്റിൽ ഫ്ളവർ സ്കൂളിന്റെ വാർഷികത്തിൽ പങ്കെടുത്തു.

06. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുതുക്കാട് ഇടവകയിൽ മാളിയേക്കൽ റിൽസൺ-നിനു ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി.

6-21. ബെൽജിയം, യൂറോപ്യൻ യാത്രക്കായി അഭിവന്ദ്യ ടോണി പിതാവ് പോയി.

08. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഡി. ബി. സി. എൽ. സി. യിൽ നടന്ന കേരള കാത്തലിക്ക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാന സമ്മേളനം ഉദ്ഘാടനം ചെയ്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ചു. ഉച്ചക്ക് സാന്ത്വനം ട്രസ്റ്റിന്റെയും ദർശന സർവീസ് സൊസൈറ്റിയുടെയും ട്രെയിൻ ട്രസ്റ്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടന്ന പങ്ക് എന്ന 45 ദിവസത്തെ തൊഴിൽ അധിഷ്ഠിത കോഴ്സ് തൈക്കാട്ടുശേരിയിലുള്ള ക്വീൻ മേരി സ്ഥാപനത്തിൽ ഉദ്ഘാടനം ചെയ്തു.

11. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് കോട്ടയം, കടുത്തുരുത്തി വലിയപ്പളിയിൽ നടന്ന പുറത്തു നമസ്ക്കാര ചടങ്ങിൽ സന്ദേശം നൽകി.

16. അഭിവന്ദ്യ താഴത്ത് പിതാവ് വൈകീട്ട് മനക്കൊടി ദൈവാലയത്തിൽ മേരിമാതാ സെമിനാരിയിലെ വൈദികാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന യൂത്ത് ഡേ ഉദ്ഘാടനം ചെയ്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഡി. ബി. സി. എൽ. സി. യിൽ പറോക്കിന്റെ നേതൃത്വത്തിൽ നടന്ന കൊച്ചച്ചന്മാരുടെ ഓൺ ഗോയിങ് ഫോർമേഷൻ ഉദ്ഘാടനം ചെയ്തു.

19. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയിൽ ദിവ്യബലിയർപ്പിച്ചു.

22. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കൊട്ടേക്കാട് ഇടവകയിൽ തൈക്കാട്ടിൽ സിന്റോ+റിനു ദമ്പതികളുടെ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദിസാ നൽകി. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുറനാട്ടുക്കര ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഒളരിക്കര നവജ്യോതി കോളേജിൽ ഭിന്നശേഷി കലോത്സവത്തിന്റെ സമാപന യോഗത്തിൽ പങ്കെടുത്തു വൈകീട്ട് പോപ്പ് പോൾ മേഴ്സി ഹോമിന്റെ ഹോം ഡേ പരിപാടിയിൽ പങ്കെടുത്തു.

23. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ഡി. ബി. സി. എൽ. സി.

യിൽ നടന്ന പുതിയ ഇടവകകളിലേക്ക് സ്ഥലംമാറിപ്പോയ വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചക്ക് ഫൊറോനാ വികാരിമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കോയമ്പത്തൂർ ഗാന്ധിനഗർ കാരുണ്യ ദൈവാലയത്തിന്റെ തിരുനാളിൽ പങ്കെടുത്തു ബലി അർപ്പിച്ചു. ഉച്ച കഴിഞ്ഞ് മൈനർ സെമിനാരിയിൽ ഡിഗ്രി വൈദികവിദ്യാർത്ഥികളുടെ പാരന്റ്സ് മീറ്റിംഗിൽ പങ്കെടുത്തു.

24. അഭിവന്ദ്യ ടോണി പിതാവ് പട്ടിക്കാട് ഇടവകയിൽ രാവിലെ നാലാമത്തെ കുട്ടിക്ക് മാമ്മോദിസ നൽകി. തുടർന്നു മംഗലപുഴ സെമിനാരിയിലെ മീറ്റിംഗിൽ പങ്കെടുക്കുവാൻ പോയി. വൈകുന്നേരം മരിയപുരം എം.എം.ബി. ബ്രദേഴ്സിന്റെ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു ദിവ്യബലി അർപ്പിച്ചു.

25. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് വരടിയം സാന്തോം മിഷൻ ഹൗസ് മഠം കപ്പേളയിൽ ബഹു. സി അലീസിയ സി.എസ്.സി. യുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. അതിരൂപത ആലോചനസമിതി യോഗത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ പുത്തൂർ ഇടവകയിൽ നാലാമത്തെ കുട്ടിയുടെ മാമ്മോദിസ നൽകി.

26. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് പള്ളിക്കുന്ന് ഇടവകയിൽ ബഹു. സേവ്യർ ഖാൻ വട്ടായിലച്ചന്റെ അഭിഷേകാഗ്നി ബൈബിൾ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും വചനസന്ദേശം നൽകുകയും ചെയ്തു.

26-28 അഭിവന്ദ്യ ടോണി പിതാവ് N B C L C ഗവണിംഗ് ബോഡിയുടെ മീറ്റിംഗിനായി ഗോവയിലേക്ക് പോയി.

27. അഭിവന്ദ്യ താഴത്ത് പിതാവ് സി. ബി. സി. ഐ. സെക്രട്ടറീസ് മീറ്റിങ്ങിൽ പങ്കെടുക്കുന്നതിനായി ഡൽഹിയിലേക്ക് പോയി.

28. അഭിവന്ദ്യ ടോണി പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ റിട്ടയർമെന്റ് പരിപാടിയിൽ പങ്കെടുത്തു.

# 1 ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ



**രണ്ടാം ശനിയാഴ്ചാചരണം**

ക്ലരിഷ്യൻ സന്യാസ സമൂഹാംഗവും കറുകുറ്റി ആശ്രമസുപ്പീരിയറുമായ ബഹു. ഡെന്നീസ് മാത്യു അച്ചൻ മുഖ്യകാർമ്മികനായ മാർച്ച് മാസത്തിലെ രണ്ടാം ശനി ഓർമ്മയാചരണം ഏറ്റെടുത്ത് നടത്തിയത് മംഗലപുഴയിൽ നിന്നുള്ള പറമ്പത്തുശ്ശേരി ആലീസ് പാപ്പച്ചൻ & ഫാമിലി ആയിരുന്നു. ക്ലരിഷ്യൻ സഭാംഗം തന്നെയായ ബഹു. മാത്യു മേച്ചിറക്കലച്ചൻ സഹകാർമ്മികനായി. കറുകുറ്റി ഹോളിഹോസ്റ്റ് ഇടവകയിൽ നിന്നുള്ള ധാരാളം വിശ്വാസികളും അവിടെ നിന്നുള്ള ചാരിറ്റി സിസ്റ്റേഴ്സും ആദ്യന്തം തിരുകർമ്മങ്ങളിൽ പങ്കുചേരുകയും ചെയ്തു. ബഹു. ഡെന്നീസ് അച്ചന്റെ സന്ദേശത്തിൽ നിന്ന്:


അനുഗ്രഹീതമായ ഈ ചൊവ്വന്നൂർ ദൈവാലയത്തിൽ നാം ഒരുമിച്ചുകൂടിയിരിക്കുന്നത് ധന്യനായ അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിച്ച്, കർത്താവിന്റെ കൃപ നമ്മുടെ കുടുംബങ്ങളിലേക്കും നാം ആയിരിക്കുന്ന ദേശങ്ങളിലേക്കും ലഭിക്കുന്നതിനുവേണ്ടിയാണ്. 76 വർഷം നീണ്ട ഊക്കനച്ചന്റെ ജീവിതത്തിന് ഒരു

അർത്ഥം ഉണ്ടായിരുന്നു. കർത്താവിനെ സ്നേഹിക്കുകയെന്നുള്ളതായിരുന്നു അച്ചന്റെ ലക്ഷ്യം. യേശുവിനെ അത്ര അഗാധമായി സ്നേഹിച്ച് പുണ്യത്തിൽ ജീവിച്ച് മരിച്ച് ഒരു ധന്യനായിത്തീർന്നു. അദ്ദേഹത്തിൽ നിറഞ്ഞുനിന്നിരുന്ന ദൈവിക ഗുണങ്ങളും മാനുഷിക ഗുണങ്ങളും ഭക്തികളും നന്മകളായി ആയിരിക്കുന്ന സാഹചര്യങ്ങളിൽ വ്യയം ചെയ്തതിനാലാണ് ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടുവാൻ അദ്ദേഹത്തിന് കഴിഞ്ഞത്. താൻ അനുഭവിച്ച ദൈവത്തിന്റെ കരുണാർദ്രസ്നേഹം യുഗാന്ത്യംവരെ അപരനിലേക്ക് ഒഴുക്കുന്നതിനുവേണ്ടിയാണ് ചാരിററി സന്യാസിനിസമൂഹത്തിന് അദ്ദേഹം ജന്മം നല്കിയത്. നോമ്പുകാലത്തിലൂടെ നാം കടന്നുപോകുമ്പോൾ ഊക്കനച്ചന്റെ സഹനജീവിതത്തേയുംക്കുറിച്ച് ഓർമ്മിക്കുന്നത് നല്ലതാണ്. ബാല്യകാലത്തുതന്നെ അദ്ദേഹം ഏറെ സഹിച്ചിരുന്നു. മാതാപിതാക്കളുടെ മരണത്താൽ നന്നേ ചെറുപ്പത്തിൽ തന്നെ അനാഥത്വത്തിന്റെ തിക്താനുഭവങ്ങൾ അദ്ദേഹം രുചിച്ചറിഞ്ഞു. അതിലൂടെയെല്ലാം കർത്താവ് അദ്ദേഹത്തെ അവിടുത്തേക്കുവേണ്ടി ശോധന ചെയ്തെടുക്കുകയായിരുന്നു. അന്നു മുതൽ ദൈവപരിപാലനയുടെ കാഴ്ചപ്പാടിൽ ജീവിതത്തെ നോക്കി കാണുവാൻ അദ്ദേഹം ശ്രമിച്ചു.

എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന പിതാവായ ദൈവത്തെ ആ കാലഘട്ടത്തിൽതന്നെ ഊക്കനച്ചൻ കണ്ടെത്തി. കാരണം ദൈവദൃഷ്ടിയുടെ മുമ്പിൽ അനേകായിരങ്ങളുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുവാനുള്ള ഒരു ദൈവികമനുഷ്യനായിട്ടാണ് ഊക്കനച്ചൻ സൃഷ്ടിക്കപ്പെട്ടത്. അവഗണനയുടെയും അവഹേളനങ്ങളുടെയും അനാഥത്വത്തിന്റെയുമെല്ലാം വേദനകൾ യേശുവിന്റെ പീഢാസഹനങ്ങളോട് ചേർത്ത് വച്ച് ധന്യനായ ജോണച്ചൻ ക്രിസ്തുവിന് അനുരൂപനായിത്തീർന്നതുപോലെ നാമും നമ്മുടെ തിരസ്കരണങ്ങളുടെയും ഇല്ലായ്മകളുടെയും ഒറ്റപ്പെടലുകളുടെയുമെല്ലാം നിമിഷങ്ങൾ ഈശോയുടെ ബലിയോട് ചേർത്തുവെച്ച് മറ്റൊരു ക്രിസ്തുവായിത്തീരണം. അങ്ങനെ നമുക്കും ഈശോയുടെയും അമ്മയുടെയും പ്രിയപ്പെട്ടവരായിത്തീരാം. സ്വർഗ്ഗസ്ഥനായ പിതാവിനെ ''എന്റെ പിതാവേ'' എന്ന് അവകാശത്തോടെ വിളിക്കാം.

ചൊവ്വന്നൂർ ഇടവക വികാരി ബഹു. തോമസ് ചൂണ്ടലച്ചൻ ഏവർക്കും നന്ദികൾ അറിയിക്കുകയും ചെയ്തു.

## 2 ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ



വിശുദ്ധ ഗീവർഗീസിനെക്കുറിച്ചുള്ള ദൈവദാസന്റെ സന്ദേശം ഇപ്രകാരമാണ്. 'മഹാസർപ്പത്തെ നീ കൊന്നു...' നെപ്പോളിയൻ രാജ്യഭരണം ഏറ്റെടുത്ത ഉടനെ ഫ്രാൻസിലെ എല്ലാ അമ്മമാരോടും സ്വരാജ്യത്തെ യുദ്ധ വീരന്മാരെക്കുറിച്ചുള്ള ചരിത്രങ്ങൾ കുഞ്ഞുങ്ങളെ പറഞ്ഞു മനസ്സിലാക്കിക്കണമെന്ന് കല്പനയുണ്ടായി. സർവ്വാധിപതിയായ ദൈവം തന്റെ വീര പരാക്രമികളുടെ പെരുന്നാളുകളെയും ഓർമ്മയേയും പരിപാലിക്കുവാൻ തിരുമനസ്സാകുന്നു. അവരിൽ ഏറ്റവും ശോഭിക്കുന്ന ഒരാളാണ് വി.ഗീവർഗീസ്. ഇദ്ദേഹം ജയിച്ച സർപ്പങ്ങൾ ഏതെല്ലാമായിരുന്നു?

1. ഡയോക്ലീഷൻ ചക്രവർത്തിയുടെകാലത്ത് അദ്ദേഹത്തിന്റെ വിശ്വസ്ത സ്നേഹിതനായിരുന്നു ഗീവർഗീസ്. വീര പടയാളിയായിരുന്ന ഗീവർഗീസ് ക്രിസ്ത്യാനിയാണെന്നറിഞ്ഞ ക്ഷണത്തിൽ തന്റെ വേദത്തിലേക്ക് നയിക്കുന്നതിന് ഉദ്ദേശിച്ച് ഡയോക്ലീഷൻ ഗീവർഗീസിനെ ഉപദേശിക്കുന്നു. അതിന് വഴങ്ങാത്തതിനാൽ പീഡനമുറകൾ ആരംഭിക്കുന്നു. പീഡനങ്ങൾക്കുശേഷം എരിയുന്ന തീച്ചൂള

യിൽ ഇടുന്ന ഗീവർഗീസിനെ സ്വർഗ്ഗത്തിൽ നിന്ന് ഒരു മാലാഖവന്ന് സുഖപ്പെടുത്തുന്നു. ക്രൂരസർപ്പമായ ഡയോക്ലീഷനെ അന്വേഷിക്കുന്ന ഗീവർഗീസ് ക്ഷേത്രത്തിൽ ചക്രവർത്തിയെ കണ്ടെത്തുന്നു. ഗീവർഗീസ് അത്ഭുതകരമായി സൗഖ്യപ്പെട്ടത് കാണുന്ന രണ്ടു മന്ത്രിമാരും ചക്രവർത്തിയുടെ ഭാര്യ അലക്സാന്ദ്രിയയും ഗീവർഗീസിന്റെ ദൈവത്തെ സ്തുതിക്കുന്നു. ഉടൻതന്നെ അവർഡയോക്ലീഷന്റെ വാളിനിരയാകുന്നു. ശിരച്ഛേദത്തിന് വിധേയനാകുന്ന ഗീവർഗീസ് തന്റെ രക്തസാക്ഷിത്വം വഴി ഡയോക്ലീഷൻ എന്ന സർപ്പത്തെ ജയിച്ചതായി അന്തോണിയച്ചൻ എടുത്തുപറയുന്നു.

2. രണ്ടാമത് പിശാചാകുന്ന സർപ്പത്തെ ഗീവർഗീസ് ജയിച്ചു. പിശാചിന്റെ സ്വാധീനമുണ്ടായിരുന്ന റോമാ സാമ്രാജ്യത്തെ തന്റെ വിശ്വാസസ്ഥിരതയാലും അത്ഭുതങ്ങളാലും വിശുദ്ധൻ രക്ഷിച്ചു. ഒരിക്കൽ 'അപ്പോളോ' ബിംബത്തിന്റെ മുമ്പിൽ 'നീ സാക്ഷാൽ ദൈവമാണോ' എന്ന സഹദായുടെ ചോദ്യത്തിൽ ആ ബിംബത്തിൽ ഒളിച്ചിരുന്ന പിശാച്' ഞാനാകട്ടെ എന്റെ കൂടെയുള്ള മറ്റു ദേവന്മാരാകട്ടെ ദൈവമല്ല' എന്നറിയിച്ച് അലറുവാൻ തുടങ്ങി. വിശുദ്ധൻ കുരിശടയാളം വരച്ചപ്പോൾ ഒരിടി വീണ് ക്ഷേത്രത്തെയും ബിംബങ്ങളെയും തകർത്തു.

3. ലോകമാകുന്ന സർപ്പത്തെ ഗീവർഗീസ് ജയിച്ചു. സർപ്പം ഭൂമിയിൽ ഇഴഞ്ഞുനടക്കുകയും ഭൂമിതന്നെ ഭക്ഷിച്ച് അതിന്റെ വിഷത്തെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇപ്രകാരം മനുഷ്യൻ ഭൂമിയോട് എത്ര അടുക്കുന്നുവോ അത്രയ്ക്കും അവനിൽ സാക്ഷാൽ ജീവനു ഹാനികരമായ വിഷം വർദ്ധിക്കുന്നു. ഇതിനാലാണ് ദാനിയേൽ പ്രവാചകൻ ലോകത്തെ ഒരു സർപ്പമെന്ന് വിളിക്കുന്നത്. സുഖവും പദവികളും ധനവും ഗീവർഗീസ് ത്യജിച്ച് ലോകത്തെ ജയിച്ചത് അന്തോണിയച്ചൻ വിവരിക്കുന്നു.

4. ഒടുവിൽ വിശുദ്ധൻ ജയിച്ചത് മരണമാകുന്ന സർപ്പത്തെയാണ്. അദ്ദേഹത്തിന്റെ മരണം മരണത്തിന്മേലുള്ള വിജയമാണ്. യേശുവിൽ മരിക്കുന്നവർ നിത്യമായി ജീവിക്കും. 'അതിനാൽ മരണമേ നിന്റെ ദംശനമെവിടെ' എന്നെഴുതപ്പെട്ടിരിക്കുന്നു. ഏശയ്യ 25:8ൽ 'താൻ മരണത്തെ ജയത്തിൽ വിഴുങ്ങി' എന്ന് പറഞ്ഞിരിക്കുന്നത് നമ്മുടെ വിശുദ്ധനിലും അക്ഷരാർത്ഥത്തിൽ നിറവേറി.

ഏപ്രിൽ 24ന് തിരുന്നാൾ ആചരിക്കുന്ന വിശുദ്ധ ഗീവർഗീസ് നമുക്ക് വലിയ പ്രചോദനവുംമാതൃകയും പ്രിയപ്പെട്ട മദ്ധ്യസ്ഥനുമാണ്.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




| | |
|---|---|
| ഫാ. ബിനോയ് മഞ്ഞളി | 01 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 02 |
| ഫാ. ആന്റോ ഒല്ലൂക്കാരൻ | 02 |
| ഫാ. ആന്റണി ചിറ്റിലപ്പിള്ളി Jr. | 03 |
| ഫാ. ജീജോ വള്ളൂപ്പാറ | 04 |
| ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. കനേഡിയൻ തണ്ടാശ്ശേരി | 05 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 06 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 06 |
| ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര | 07 |
| ഫാ. സോബിൻ പായിക്കാട്ട് | 07 |
| ഫാ. ഷിജു ചിറ്റിലപ്പിള്ളി | 08 |
| ഫാ. ജോഷി പറോക്കാരൻ | 09 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 10 |
| ഫാ. ഗോഡ്വിൻ എടക്കളത്തൂർ | 11 |
| ഫാ. റിഞ്ചോ ഓലപ്പുരക്കൽ | 11 |
| ഫാ. ജോയി അടമ്പുകുളം | 12 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 13 |
| ഫാ. ടൈസൻ മണ്ടുംപാൽ | 13 |
| ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ | 13 |
| ഫാ. ലിവിൻ ചൂണ്ടൽ | 14 |
| ഫാ. മാത്യു കുറ്റിക്കോട്ടയിൽ | 14 |
| ഫാ. ജോൺ മുളക്കൽ | 14 |
| ഫാ. സ്റ്റീഫൻ അറക്കൽ | 16 |
| ഫാ. മാത്യു ചാക്കേരി | 16 |
| ഫാ. തോമസ് വടക്കേത്തല | 16 |
| ഫാ. അലക്സ് മാപ്രാണി | 18 |
| ഫാ. ഡൈജോ പൊറുത്തൂർ | 18 |
| ഫാ. സെബി ചിറ്റാട്ടുകര | 19 |
| ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | 19 |
| ഫാ. ആൻസിൽ വെള്ളറ | 19 |
| ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ | 20 |
| ഫാ. ക്രിസ്റ്റീൻ ചിറമ്മൽ | 21 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 22 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 22 |
| ഫാ. ജോസ് പുലിക്കോട്ടിൽ | 24 |
| ഫാ. ജോബി കടപ്പൂരാൻ | 25 |
| ഫാ. ബിനോയ് ചിറ്റിലപ്പിള്ളി | 27 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 27 |
| ഫാ. ജിയോ ചെറടായി | 28 |
| ഫാ. മേജോ കോരെത് | 28 |
| ഫാ. ആന്റണി മേച്ചേരി | 28 |
| ഫാ. റിജോയ് തൈവളപ്പിൽ | 28 |
| ഫാ. സലീഷ് അറങ്ങാശ്ശേരി | 29 |
| ഫാ. ജിന്റോ ചൂണ്ടൽ | 29 |
| ഫാ. ജോബ് വടക്കൻ | 29 |
| ഫാ. ഫ്രാൻസിസ് അറക്കൽ | 30 |
| ഫാ. ഫ്ളെർജിൻ തയ്യാലക്കൽ | 30 |




ഫാ. ജോജു ആളൂർ 24
ഫാ. സിജോ അരിക്കാട്ട് 24
ഫാ. അനു ചാലിൽ 24
ഫാ. ലിജോ ചാലിശ്ശേരി 24
ഫാ. ജോർജ്ജ് ചേലപ്പാടൻ 24
ഫാ. ഡേവിസ് ചെറയത്ത് Jr. 24
ഫാ. ജോർജ്ജ് ചെറുവത്തൂർ 24
ഫാ. ജിയോ ചിരിയങ്കണ്ടത്ത് 24
ഫാ. ജിന്റോ ചൂണ്ടൽ 24
ഫാ. വർഗ്ഗീസ് എടക്കളത്തൂർ 24
ഫാ. ജോർജ്ജ് എടക്കുളത്തൂർ 24
ഫാ. റോജോ  എലുവത്തിങ്കൽ 24
ഫാ. അരുൺ കാഞ്ഞിരത്തിങ്കൽ 24
ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ 24
ഫാ. വർഗ്ഗീസ് കരിപ്പേരി 24
ഫാ. മനോജ് കീഴൂരുമുട്ടിക്കൽ 24
ഫാ. ജോർജ്ജ് കോമ്പാറ 24
ഫാ. പ്രിന്റോ കുളങ്ങര 24
ഫാ. വർഗ്ഗീസ് കൂത്തൂർ 24
മോൺ. ജോർജ്ജ് മാനാടൻ 24

ഫാ. ക്രിസ്റ്റോ മഞ്ഞളി 24
ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ 24
ഫാ. ജിഫി മേക്കാട്ടുകുളം 24
ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ24
ഫാ. ജിജോ മുരിങ്ങാത്തേരി 24
ഫാ. ജോമോൻ മുരിങ്ങാത്തേരി 24
ഫാ. ജോർജ്ജ് നിരപ്പുകാലയിൽ 24
ഫാ. വർഗ്ഗീസ് പാലത്തിങ്കൽ 24
ഫാ. ജോഷി പറോക്കാരൻ 24
ഫാ. സോബിൻ പായിക്കാട്ട് 24
ഫാ. പാണേങ്ങാടൻ ക്ലിന്റ് 24
ഫാ. പ്രിൻസ് പിണ്ടിയാൻ 24
ഫാ. ജോജു പൊറുത്തൂർ 24
ഫാ. ജെയ്സൻ പുന്നാശ്ശേരി 24
ഫാ. കനേഡിയൻ തണ്ടാശ്ശേരി 24
ഫാ. മനോജ് താണിക്കൽ 24
ഫാ. ജിയോ തരകൻ 24
ഫാ. വർഗ്ഗീസ് തരകൻ 24
ഫാ. ജസ്റ്റിൻ തേക്കാനത്ത് 24
ഫാ. ജോർജ്ജ് തേറാട്ടിൽ 24
ഫാ. ഷാജൻ തേർമഠം 24
ഫാ. ജോർജ്ജ് തേർമഠം 24
ഫാ. വർഗ്ഗീസ് ഊക്കൻ 24
ഫാ. ജോർജ്ജ് വടക്കേത്തല 24
ഫാ. മിഥുൻ വടക്കേത്തല 24
ഫാ. ഗ്ലാഡ്രിൻ പോൾ വട്ടക്കുഴി 24
ഫാ. വിനോയ് വാഴപ്പിള്ളി 24

## ചരമദിനങ്ങൾ
## DEATH DAY

| | |
|---|---|
| ഫാ. പെരുമാട്ടിൽ ഗീവർഗ്ഗീസ് | 25.04.1895 |
| ഫാ. അമ്പുക്കൻ യോഹന്നാൻ | 19.04.1930 |
| ഫാ. മാളിയേക്കൽ തോമസ് | 16.04.1944 |
| ഫാ. കൊള്ളന്നൂർ മാത്യു | 27.04.1944 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 18.04.1962 |
| ഫാ. തട്ടിൽ സെബാസ്റ്റ്യൻ | 01.04.1963 |
| ഫാ. വലിയവീട്ടിൽ ജോസഫ് | 10.04.1972 |
| ഫാ. വാലികോടത്ത് ജോൺ | 24.04.1973 |
| ഫാ. കിഴക്കൂടൻ അബ്രാഹം | 28.04.1977 |
| ഫാ. അക്കര സേവ്യർ | 07.04.1978 |
| ഫാ. ബ്രഹ്മകുളം ഫ്രാൻസിസ് | 18.04.1982 |
| ഫാ. കാട്ടൂക്കാരൻ പോൾ | 16.04.1983 |
| ഫാ. ചാലക്കൽ ജോൺ | 14.04.1991 |
| മോൺ. അടമ്പുകുളം ജേക്കബ് | 11.04.1993 |
| മോൺ. ചാലിശ്ശേരി ഇഗ്നേഷ്യസ് | 11.04.1997 |
| ഫാ. ചിറമ്മൽ ഫ്രാൻസിസ് | 18.04.1997 |
| ഫാ. വടക്കൻ സിറിയക് | 26.04.2017 |
| ഫാ. എടയാൽ ചാക്കോ | 14.04.2018 |
| ഫാ. ചിറ്റിലപ്പിള്ളി റാഫേൽ | 07.04.2019 |
| ഫാ. ചിറമ്മൽ ജോർജ്ജ് | 22.04.2021 |
| ഫാ. ചെറയത്ത് ജേക്കബ് | 30.04.2021 |
| ഫാ. തൈക്കാട്ടിൽ ജേക്കബ് | 30.04.2021 |
| ഫാ. ഐനിക്കൽ ആന്റണി | 17.04.2022 |

# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

### എഫ്. സി. സി.

ഫെബ്രുവരി 1 മുതൽ 13 വരെ ആലുവ പോർസ്യുങ്കുളാ ജനറലേറ്റിൽ വെച്ച് നടന്ന ജനറൽ പ്ലീനറി സിനാക്സിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയ, പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് ബ. സി. ഫിലോ ജീസ്, ബ. സി. ഉഷസ് ആളൂർ എന്നിവരുൾപ്പെടെ 11 സിനാക്സിസ് അംഗങ്ങൾ സംബന്ധിച്ചു. ഫെബ്രുവരി 11 -ാം തീയതി ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിൽ നടന്ന കോളേജ് ഡേ പരിപാടിയിലും യാത്രയയപ്പ് സമ്മേളനത്തിലും പ്രൊവിൻഷ്യൽ സുപ്പീരിയർ ബ. സി. ഫോൺസി മരിയ സംബന്ധിച്ചു. കോളേജിന്റെ സപ്തതിയുടെ നിറവിൽ ലഭിച്ച ഓട്ടോണമസ് പദവിയുടെ ഔദ്യോഗിക പ്രഖ്യാപനവും തദവസരത്തിൽ നടന്നു. ഫെബ്രുവരി 13-ാം തീയതി തിരൂർ സിയോൻ റിന്യുവൽ സെന്ററിൽവെച്ച് 33 ദിവസത്തെ ധ്യാനം ആരംഭിച്ചു. തൃശൂർ അസ്സീസി പ്രോവിൻസിൽനിന്ന് 14 സഹോദരിമാർ സംബന്ധിക്കുന്നു. ഫെബ്രുവരി 14 ന് തൃശൂർ എം.ഐ ഓഡിറ്റോറിയത്തിൽവെച്ച് അൽഫോൻസ ഗാർഡന്റെ സമാപന സമ്മേളനം നടന്നു. 2024- 25 അധ്യയന വർഷത്തിലെ എൽ പി, യു പി, ഹൈസ്കൂൾ, ഹയർ സെക്കന്ററി

വിഭാഗങ്ങളിലെ ബെസ്റ്റ് അൽഫോൻസ ഗാർഡൻ യൂണിറ്റുകൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു. കുടുംബവർഷത്തോടനുബന്ധിച്ച് മങ്ങാട് സെന്റ് ജോർജ്ജ് ഇടവകയിൽ ഫെബ്രുവരി 15-ാം തീയതി മുതൽ 20-ാം തീയതി വരെ നടന്ന ഹോം മിഷൻ പരിപാടിയിൽ വിവിധ കോൺവെന്റുകളിൽ നിന്നുള്ള 65 സിസ്റ്റേഴ്സ് പങ്കെടുത്തു. ഫെബ്രുവരി 16-ാം തീയതി കുട്ടംകുളം ആബ്ബാ കോൺവെന്റിൽ വെച്ച് Pre Postulants Phase ലെ അർത്ഥിനികളുടെ മാതാപിതാക്കളുടെ സംഗമം നടന്നു. ഫെബ്രുവരി 22-ാം തീയതി, 2024-2025 അദ്ധ്യയന വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന എല്ലാ അധ്യാപക - അനധ്യാപകർക്കുമായി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് യാത്രയയപ്പ് സമ്മേളനം നടന്നു. ഫെബ്രുവരി 25-ാം തീയതി നിത്യവ്രതത്തിനൊരുങ്ങുന്ന 4 ജൂനിയർ സിസ്റ്റേഴ്സിനെ തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ബിഷപ്പ്സ് ഹൗസിൽവെച്ച് ഇന്റർവ്യൂ നടത്തി. ഫെബ്രുവരി 28-ാം തീയതി അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽവെച്ച് രണ്ട് ദിവസത്തെ ജൂനിയേഴ്സ് മീറ്റ് നടന്നു. ഇതിൽ 20 സിസ്റ്റേഴ്സ് സംബന്ധിച്ചു.

**സി.എം.സി.**

ഈ വർഷത്തെ സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി 2 ദിവസത്തെ online കോഴ്സിനുശേഷം ആലുവ ജനറലേററിൽ വച്ച് സാഘോഷം കൊണ്ടാടി. തൃശ്ശൂർ പ്രോവിൻസിൽനിന്നും 5 ജൂബിലി അമ്മമാർ പങ്കെടുത്തു. ഫെബ്രു. 2 സമർപ്പിതദിനമായി ആചരിച്ചു. രോഗീദിനമായ ഫെബ്രു. 11 ന് പ്രൊവിൻഷ്യൽ ഹൗസിൽ ജപമാല പ്രദക്ഷിണം നടത്തി പ്രാർത്ഥിച്ചു. പ്രൊവിൻഷ്യാളമ്മയും കൗൺസിലേഴ്സും ഒല്ലൂർ വിൻസെന്റ് ഡി പോൾ ഹോസ്പിറ്റലിലും, ബഥാനിയായിലും രോഗികളെ സന്ദർശിച്ച് പ്രാർഥിക്കുകയും മധുരം കൊടുക്കുകയും ചെയ്തു. സി.എം.സി.യുടെ 160-ാം സ്ഥാപനദിനമായ ഫെബ്രുവരി 13 ന് എല്ലാ ഭവനങ്ങളിലും ഈ നിയോഗാർത്ഥം ദിവ്യബലി അർപ്പിക്കുകയും ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു. ആലുവ ജനറലേറ്റിൽവെച്ച് നടന്ന ആഘോഷപരിപാടികളിൽ പ്രൊവിൻഷ്യാളമ്മയും കൗൺസിലേഴ്സും ഏതാനും സിസ്റ്റേഴ്സും പങ്കെടുത്തു. National സി. ആർ. ഐ കാക്കനാട് നടന്ന മീറ്റിങ്ങിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ സംബന്ധിച്ചു. 14 ന് ചൂണ്ടൽ സെന്റ് ജോസഫ് നേഴ്സിങ് സ്കൂളിൽ നടത്തിയ Lamp Lighting Ceremony യിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സാലി പോൾ അധ്യക്ഷത വഹിച്ചു.

ഫെബ്രു. 15 ന് സുപ്പിരിയേഴ്സിന്റെ മീറ്റിങ്ങും 2001 മുതൽ 2008 വരെയുള്ള ആദ്യവ്രതം ചെയ്ത സിസ്റ്റേഴ്സിന്റെ Gathering ഉം നടത്തി.

Rev. Fr. Vincent Alappat നയിച്ച ക്ലാസ്സ് ഏറെ ചിന്തോദ്ദീപകമായിരുന്നു. വത്തിക്കാന്റെ പൊന്തിഫിക്കൽ മാധ്യമ കാര്യാലയം ഒരുക്കിയ അന്താരാഷ്ട്ര മാധ്യമ സമ്മേളനത്തിൽ പങ്കെടുത്ത് തിരിച്ചെത്തിയ സി.ലിസ്മിക്ക് ഊഷ്മളമായ സ്വീകരണം നൽകി. ആലുവ ജനറലേററിൽ വച്ച് നടന്ന GCPC മീറ്റിംഗിൽ പ്രൊവിൻഷ്യാളമ്മയും കൗൺസിലേഴ്സും പങ്കെടുത്തു. ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന സി.എം.സി. മാനേജ്മെന്റിന്റെ കീഴിലുള്ള അദ്ധ്യാപിക- അനദ്ധ്യാപകർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഫെബ്രു 10 ന് ഹൃദ്യമായ യാത്രാമംഗളങ്ങൾ ആശംസിച്ചു. ചൂണ്ടൽ സെന്റ് ജോസഫ് ആശുപത്രിയുടെ വാർഷികാഘോഷത്തിലും ആരോഗ്യ സംരക്ഷണ മേഖലയിൽ ഉന്നതനിലവാരം പുലർത്തുന്ന വർക്കായുള്ള ദേശീയ അക്രെഡിറ്റേഷൻ ബോർഡിന്റെ അംഗീകാരം കൈവരിച്ചതിന്റെ ആഘോഷ പരിപാടിയിലും ബഹുമാന പ്രൊവിൻഷ്യൻസുപ്പീരിയർ അധ്യക്ഷത വഹിച്ചു.

**സി എച്ച് എഫ്**

നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ ടീം മൂന്നുദിവസത്തെ പ്രാർത്ഥനയ്ക്കായി കുരിശുമല കപ്പുച്ചിൻ ഫാദേഴ്സിന്റെ ലവേർണ ആശ്രമത്തിലേക്ക് പോയി. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ സമർപ്പിത ദിനം സമുചിതമായി ആഘോഷിച്ചു. നവജ്യോതി പ്രൊവിൻഷ്യൽ കൗൺസിൽ ടീം രൂപം കൊണ്ടതിന്റെ ഒന്നാം വാർഷിക ദിനം നവജ്യോതി കുടുംബം പ്രൊവിൻഷ്യൽ കൗൺസിലിനെ അഭിനന്ദിക്കുകയും ആശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്തു. മണ്ണുത്തി സി എച്ച് എഫ് ജനറലേറ്റിൽ വച്ച് നടത്തിയ ജനറൽ പ്ലീനറി കൗൺസിൽ മീറ്റിംഗിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ജെസിൻ തെരേസ്, മദർ ഉദയ, സി. മേഴ്സി പോൾ എന്നിവർ സംബന്ധിച്ചു. സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻഷ്യൽ പ്ലീനറി കൗൺസിൽ മീറ്റിംഗ് നടത്തപ്പെട്ടു. 1997 മുതൽ 2002 വരെയുള്ള കാലഘട്ടത്തിൽ ആദ്യ വ്രതാർപ്പണം നടത്തിയ സിസ്റ്റേഴ്സിന്റെ ബാച്ച് ഗാതറിംഗ് 2G പ്രോഗ്രാം Grow and Glow, 21, 22 തിയതികളിലായി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. ഒളരിക്കര നവജ്യോതി കോളേജ് ഓഫ് ടീച്ചർ എജുക്കേഷൻ ഫോർ വിമൺ കോളേജിൽ വെച്ച് നടത്തപ്പെട്ട ദർശന കലാമികവ്, ഭിന്നശേഷി കലോത്സവം 2025 സി എച്ച് എഫ് നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ജെസിൻ തെരേസ് ഉദ്ഘാടന കർമ്മം നിർവഹിച്ചു. സി എച്ച് എഫ് നവജ്യോതി കോപ്പറേറ്റീവ് എഡ്യുക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലെയും സ്റ്റാഫിന് റവ. ഫാ.

ലിജോ പോൾ ബ്രഹ്മകുളം CMI ക്ലാസ്സെടുത്തു. പ്രസ്തുത മീറ്റിംഗിൽ വെച്ച് മറിയം ബഡ്സ് മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകുകയും, ഈ വർഷം ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിക്കുന്ന അധ്യാപകർക്ക് യാത്രയയപ്പ് നൽകുകയും സമ്മാനങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. 2004 മുതൽ 2024 വരെയുള്ള കാലഘട്ടത്തിൽ ആദ്യവ്രതാർപ്പണം നടത്തിയ സിസ്റ്റേഴ്സിന്റെ ബാച്ച് ഗ്യാതറിംഗ് 2G പ്രോഗ്രാം 2025, Grow & Glow 28, മാർച്ച് 1 തിയതികളിലായി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തപ്പെട്ടു. നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ജൂനിയേഴ്സ് കോഴ്സ് നടത്തി.

### എസ് എ ബി എസ്

സമർപ്പിത ദിനമായ ഫെബ്രുവരി 2 ഇടവക ദേവാലയങ്ങളിലും മഠങ്ങളിലും സമുചിതമായി ആഘോഷിച്ചു. അന്നേദിനം തൃശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ വച്ച് നടത്തിയ സമർപ്പിത ദിനാഘോഷങ്ങളിൽ മദർ മേഴ്സിറ്റ കണ്ണമ്പുഴ, വികർ പ്രൊവിൻഷ്യൽ സി. ലിൻസ മരിയ പാറേക്കാടൻ, സി. ലീ ജോസ് കൈപ്രമ്പാട്ട് എന്നിവർ പങ്കെടുത്തു. ഫെബ്രുവരി 6 മുതൽ 9 വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പ്രൊവിൻഷ്യൽ സിനാക്സിസ് ചർച്ചാ സമ്മേളനം നടന്നു. ഫെബ്രുവരി 11 ആരാധനാ സന്യാസിനീ സമൂഹത്തിന്റെ പൊന്തിഫിക്കൽ ഡേ, ലൂർദ്ദ് മാതാവിന്റെ തിരുനാൾ ദിനം, രോഗിദിനം എന്നിവ ആഘോഷിച്ചു. ഫെബ്രുവരി 13ന് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ഏകദിന സെമിനാറിൽ മദർ മേഴ്സിറ്റ കണ്ണമ്പുഴ, സി. റൈന ഇടത്തിപ്പറമ്പൻ എന്നിവർ സംബന്ധിച്ചു. കൊച്ചിയിലെ Goodness Film School നടത്തുന്ന Pastoral Communication through New Media' എന്ന 6 Months Course സി. മെബിൾ ട്രീസ ചീരൻ ഫെബ്രുവരി 21 ന് ഉന്നത വിജയത്തോടെ പൂർത്തിയാക്കി. ആരാധനാസഭയിലെ Provincial Finance Officer, Provincial Secretary എന്നീ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തവർക്കായി തൊടുപുഴ ദിവ്യകാരുണ്യ ഭവനിൽ വച്ച് ഫെബ്രുവരി 21 മുതൽ 23 വരെ സംഘടിപ്പിച്ച ഓറിയന്റേഷൻ പ്രോഗ്രമിൽ സി. ഫിജി തെരേസ് പുല്ലോക്കാരൻ, സി. ജോസഫൈൻ പാലത്തിങ്കൽ എന്നിവർ പങ്കെടുത്തു. രോഗിയായി കഴിയുന്ന പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായ്ക്കു വേണ്ടി ഫെബ്രുവരി 23 ന് പ്രത്യേക പ്രാർത്ഥന നടത്തി. Franciscan Conventual Fathers ന്റെ നേതൃത്വത്തിൽ കറുകുറ്റിയിലെ Assisian Academy –യിൽ വച്ച് സംഘടിപ്പിച്ച Chat GPT & AI Workshop (For Priests, Nuns & Brothers) ൽ സി. സ്റ്റെഫി കണ്ണമ്പുഴ, സി. കാതറിൻ അറങ്ങാശ്ശേരി എന്നിവർ സംബന്ധിച്ചു. SSLC, +2 വിദ്യാർത്ഥി

കൾക്കായി തൃശൂർ നിർമ്മല മാതാ സെൻട്രൽ സ്കൂളിൽ വച്ച് സി. എൽസീന കള്ളിവളപ്പിലിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 26 ന് ഒരു One Day Retreat സംഘടിപ്പിച്ചു.

**സി. എസ്. സി.**

മുല്ലക്കര ആത്മദർശൻ കോൺവെന്റിൽ വച്ച് 2025 ഫെബ്രുവരി 22, മാർച്ച് 01, 08, എന്നീ തിയതികളിൽ വി. കൊച്ചുത്രേസ്യായുടെ സ്പിരിച്ച്വാലിറ്റിയെ കുറിച്ച് ബഹു. ഫാദർ സജി കണയങ്കൽ സി. എസ്.ടി ക്ലാസ്സ് നയിച്ചു. മരിയ പ്രവിശ്യയിലെ എല്ലാ പ്രാദേശിക ഭവനങ്ങളിലും SSLC, +2 പരീക്ഷ എഴുതുന്ന എല്ലാ വിദ്യാർത്ഥികൾക്കായി ഏകദിന പ്രാർത്ഥന നടത്തി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2025 ഫെബ്രുവരി 21 ന് വൊക്കേഷൻ പ്രമോട്ടേഴ്സായി മീറ്റിംഗ് സംഘടിപ്പിച്ചു. മാർച്ച് 1 ന് കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് വൊക്കേഷൻ പ്രമോട്ടേഴ്സിനും പ്രയർ ഗ്രൂപ്പ് അംഗങ്ങൾക്കുമായി ക്ലാസും ദിവ്യകാരുണ്യ ആരാധനയും ബ്രദർ റാഫേലിന്റെ നേതൃത്വത്തിൽ നടത്തി. CSC സഹയാത്ര സന്ദർശിച്ച സ്ഥലങ്ങൾ; പടതുശ്ശേരി, പോന്നോർ, ചൊവ്വന്നൂർ. ബഹു. സി. ഹർഷിതയുടെ നേതൃത്വത്തിൽ പൂങ്കുന്നം ഇടവകയിൽ ഹോം മിഷൻ നടത്തി.

**സി. എസ്. എസ്.**

ലോകസമർപ്പിതദിനത്തോടനുബന്ധിച്ച് മണ്ണുത്തി Holy Spirit Generalate ൽ നടത്തിയ one day programme ൽ ബിഷപ്പ് എമിരിറ്റസ് മാർ ബോസ്കോ പുത്തൂർ ക്ലാസ്സിന് നേതൃത്വം നല്കുകയും വിവിധ മഠങ്ങളിൽ നിന്നുള്ള സിസ്റ്റേഴ്സ് പരിപാടിയിൽ പങ്കെടുക്കുകയും ചെയ്തു. സി. എസ്. എസ്. റിന്യുവൽ ടീമിന്റെ നേതൃത്വത്തിൽ ജെറുസലെം ധ്യാനകേന്ദ്രത്തിൽ വച്ച് ഫെബ്രുവരി 24 മുതൽ മാർച്ച് 1 വരെയുള്ള തിയതികളിൽ നവീകരണധ്യാനം നടത്തപ്പെടുകയും അതിൽ 45 സഹോദരിമാർ പങ്കെടുക്കുകയും ചെയ്തു. ഇടുക്കി രൂപതയിലെ കാന്തിപാറ, പൊൻമുടി എന്നീ ഇടവകകളിൽ സി. ജെസ്‌ലിൻ, സി. ഡിവീന, സി. ജിസ്മിൻ എന്നിവർ ഹോം മിഷൻ നടത്തുകയുണ്ടായി. ഫെബ്രുവരി 11-ാം തിയ്യതി മണ്ണുത്തി ലൂർദ്ദ് കോൺവന്റിൽ ലൂർദ്ദ് മാതാവിന്റെ തിരുന്നാൾ സമുചിതമായി ആഘോഷിച്ചു. അതിനോടനുബന്ധിച്ച് ലൂർദ്ദ് കോൺവെന്റിൽ 13 മണിക്കൂർ ആരാധനയും നടത്തപ്പെട്ടു. ഡൽഹിയിൽ വച്ച് നടത്തപ്പെട്ട SDFI യുടെ ജനറൽ ബോഡി മീറ്റിങ്ങിൽ സ്നേഹോദയ പ്രൊവിൻഷ്യൽ റവ. സി. ഡോ. റിറ്റ പങ്കെടുത്തു. സീറോ മലബാർ സഭയിലെ സന്യാസിനീ സമൂഹങ്ങളുടെ മേലധികാരികൾക്കായി സഭാ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ

സുപ്പിരീയർ ജനറൽ റവ. സി. അൽഫോൻസ, അസിസ്റ്റന്റ് ജനറൽ റവ. സി. അനിറ്റ, സ്നേഹോദയ പ്രൊവിൻഷ്യൽ കൗൺസിലർ റവ. സി. ലൂസി, പ്രൊവിൻഷ്യൽ സെക്രട്ടറി സി. ലിൻസ് മരിയ എന്നിവർ പങ്കെടുക്കുകയും ചെയ്തു.

**സി. എസ്. എം.**

പരിശുദ്ധ ലൂർദ് മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് ലൂർദ്നാഥാ പ്രൊവിൻസ് മുഴുവൻ ഫെബ്രുവരി ഏഴാം തീയതി 15 മണിക്കൂർ അഖണ്ഡ ജപമാല നടത്തി. ഫെബ്രുവരി എട്ടാം തീയതി യങ് സിസ്റ്റേഴ്സിന് ആയിട്ട് ഒരു ഏകദിന സമ്മേളനം ലൂർദ്നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ നടത്തി. ഫെബ്രുവരി 26 തീയതി വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ ഗാതറിങ് ലൂർദ് നാഥാ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടത്തി. കോൺഗ്രിഗേഷൻ ഓഫ് ദി സിസ്റ്റേഴ്സ് ഓഫ് സെന്റ് മർത്താ സന്യാസിനി സമൂഹത്തിലെ 10 സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി മണ്ണംപേട്ട കൃപഭവൻ ജനറലേറ്റിൽ വച്ച് 2025 മാർച്ച് 1-ാം തീയതി ആഘോഷിച്ചു. സീറോ മലബാർ സഭയുടെ കൂരിയാ മെത്രാൻ മാർ സെബാസ്റ്റ്യൻ വാണിയപുരക്കൽ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമികത്വം നല്കി.

## ആദരാഞ്ജലികൾ



സി എസ് സി വരടിയം സാന്തോം മിഷൻ ഹൗസിലെ അംഗമായ ബഹു. സി അലീസിയ സി.എസ്.സി 22.05.2025 ന് നിര്യാതയായി 25-ാം തീയ്യതി ഉച്ചതിരിഞ്ഞ് 3.00 മണിക്ക് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യ കാർമികത്വത്തൽ മൃതസംസ്ക്കാരം വരടിയം സാന്തോം മിഷൻ ഹൗസിൽ വച്ച് നടത്തി

| | |
|---|---|
| **ഫാ. സിജോ** | **സി. ജോളി** |
| **പൈനാടത്ത് OFM.Cap** | **ചിറ്റിലപ്പിള്ളി FCC** |
| പ്രസിഡണ്ട് | സെക്രട്ടറി |

# സെന്റ് തോമസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രം, പാലയൂർ

**1. പാലയൂർ തളിയകുളത്തിൽ വ്രതാരംഭ കൂട്ടായ്മയ്ക്ക് ആയിരങ്ങൾ പങ്കെടുത്തു**

സീറോ മലബാർ ആരാധനക്രമ വത്സരത്തിലെ നോമ്പുകാലത്തിന് തുടക്കമായി. ആധുനിക കാലഘട്ടത്തിൽ നമ്മുടെ ജീവിതത്തിൽ ഈ നോമ്പുകാലഘട്ടം ജീവിതവിശുദ്ധി വരുത്താൻ ഈ സമയം പ്രയോജനപ്പെടുത്തണമെന്ന് തൃശൂർ അതിരൂപത മെത്രാപോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അഭിപ്രായപ്പെട്ടു. മനസാന്തരത്തിലൂടെ ജീവിത വിശദീകരണം നേടുവാൻ പിതാവ് പ്രസംഗ മദ്ധ്യേ ആഹ്വാനം ചെയ്തു.

മാർ തോമാശ്ലീഹാ ക്രിസ്തുമത വിശ്വാസത്തിന് തുടക്കം കുറിച്ച പാലയൂർ മാർ തോമ മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥകേന്ദ്രത്തിന്റെ തളിയകുള കപ്പേളയിൽ നടന്ന തിരുക്കർമത്തിൽ വെച്ച് ആയിരക്കണക്കിന് വിശ്വാസികളുടെ നെറ്റിയിൽ മെത്രാപോലീത്ത ചാരം പൂശി. തുടർന്ന് പരിത്യാഗത്തിന്റെ ഭാഗമായി ചാരവസ്ത്രം ധരിച്ചവരും വിശ്വാസികളും പള്ളിയിലേക്ക് പ്രദിക്ഷണമായെത്തി കുരിശടിയിലെ കൽവിളക്കിൽ തിരിതെളിയിച്ചു.

ദിവ്യബലിക്ക് ഫാ. ജോൺപോൾ ചെമ്മണ്ണൂർ (പാലയൂർ മഹാ തീർത്ഥാടനം കൺവീനർ), ഫാ. അഗസ്റ്റിൻ TOR (പാലയൂർ സെന്റ് ഫ്രാൻസിസ് ആശ്രമം ഇൻ ചാർജ്) എന്നിവർ സഹകാർമ്മി കരായി. മറ്റു തിരുക്കർമങ്ങൾക്ക് ഫാ അജിത്ത് കൊള്ളന്നൂർ, ഫാ. ഹാഡ്‌ലി നീലങ്കാവിൽ, ഫാ. മാനുവൽ TOR, ഫാ. ഗ്ലാഡ്രിൻ വട്ടക്കുഴി, ആർച്ച് പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ, അസി വികാരി ഫാ. ക്ലിന്റ് പാണെങ്ങാടൻ എന്നിവർ വ്രതാരമ്പ കൂട്ടായ്മ ചടങ്ങുകൾക്ക് നേതൃത്വം വഹിച്ചു. പാലയൂർ മഹാതീർത്ഥാടനത്തിന് മുന്നോടിയായാണ് നോമ്പുകാല ആരംഭത്തിൽ തൃശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ വ്രതാരംഭ കൂട്ടായ്മ സംഘടിപ്പിച്ചത്.

**2. നോമ്പിലെ ആദ്യ വെള്ളി: ജാഗരണ പദയാത്രകൾ എത്തി**

വിശുദ്ധ കുരിശും ജപമാലയും പ്രാർത്ഥനാമന്ത്രങ്ങളുമായി വിശ്വാസികൾ എത്തിയതോടെ പാലയൂർ ജാഗരണ പദയാത്രകൾക്ക് തുടക്കമായി. വലിയ നോമ്പിലെ വെള്ളിയാഴ്ചകളിൽ രാത്രിയിൽ

നടത്തുന്ന ജാഗരണ പദയാത്രയക്ക് ആരംഭം കുറിച്ച് മാർച്ച് 7 വെള്ളിയാഴ്ച തൃശൂർ ബസിലക്കയിൽ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.

തൃശൂർ ബസിലിക്കയിൽ നിന്ന് പ്രധാന ജാഗരണ പദയാത്ര ആരംഭിച്ചതോടൊപ്പം വിവിധ ഇടവകളിൽ നിന്നും വികാരിമാരുടെ നേതൃത്വത്തിലുള്ള പദയാത്രകൾ പലയൂരിൽ എത്തിച്ചേർന്നു.

**ഫാ. ഡേവിസ് കണ്ണമ്പുഴ**
ആർച്ച് പ്രീസ്റ്റ്

പീഡാനുഭവവും
ഉത്ഥാനവും
**ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് തൻെറ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ**
**(മാർക്കോ 8, 34)**

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയുടെ പ്രിയ കുഞ്ഞുമക്കളെ,

ഈശോയുടെ എല്ലാ കൂട്ടുകാർക്കും സുഖം തന്നെയല്ലേ? എല്ലാവരും നോമ്പിന്റെ പ്രാർത്ഥനയിലും ചൈതന്യത്തിലും ആണെന്ന് വിശ്വസിക്കുന്നു. പരീക്ഷകളെല്ലാം കഴിഞ്ഞ് അവധി കാലത്തേക്ക് പ്രവേശിക്കുകയാണല്ലോ. എങ്ങനെയാണ് ഈ അവധിക്കാലം ഈശോയ്ക്ക് ഇഷ്ടമുള്ളപോലെ നമ്മൾ ഉപയോഗിക്കേണ്ടത്?

ഒന്നാമതായി, അവധിക്കാലം ഒത്തിരി നന്മ പ്രവർത്തികൾ ചെയ്യാനും പുണ്യത്തിൽ വളരാനുള്ള അവസരമാണ്. 'ഈശോയാണ് എന്റെ ബെസ്റ്റ് ഫ്രണ്ട്; ദിവ്യകാരുണ്യം സ്വർഗ്ഗത്തിലേക്ക് ഉള്ള എന്റെ ഹൈവേയും' എന്ന് പറഞ്ഞ കുട്ടിയെ നിങ്ങൾക്ക് ഓർമ്മയില്ലേ; അതെ, വാഴ്ത്തപ്പെട്ട കാർലോ അകുറ്റിസ്. കാർലോ, കമ്പ്യൂട്ടർ ഗെയിംമുകൾ കളിച്ചിരുന്ന കുട്ടിയായിരുന്നു. പക്ഷേ, അത് ആത്മാവിന്റെ മേൽ ആധിപത്യം ഉറപ്പിക്കുന്നു എന്ന് മനസ്സിലായപ്പോൾ അവൻ അത് ഒഴിവാക്കി. ആ സമയം മുഴുവൻ ഈശോയുടെ ദിവ്യകാരുണ്യ അത്ഭുതങ്ങൾ സമാഹരിച്ച് ഒരു വെബ്സൈറ്റ് തയ്യാറാക്കി ലോകത്തിന് മുമ്പിൽ ഈശോയെ പ്രഘോഷിച്ചു. അതുകൊണ്ടുതന്നെ, സഭ കാർലോയെ യുവജനങ്ങളുടെയും കമ്പ്യൂട്ടർ പ്രോഗ്രാമർമാരുടെയും മധ്യസ്ഥനായി ഉയർത്തി.

പ്രിയ കൂട്ടുകാരെ, നിങ്ങളും ഇതുപോലെ ദിവ്യകാരുണ്യ ഭക്തിയിൽ വളരണം. അവധിക്കാലത്തിൽ മുടങ്ങാതെ വിശുദ്ധ കുർബാനയിൽ സംബന്ധിക്കാനും ഇടവകയിലെ മറ്റ് പ്രവർത്തനങ്ങളിൽ പങ്കെടുക്കാനും എല്ലാവരും ശ്രദ്ധിക്കണം. വലിയ ആഴ്ചയിലെ തിരുകർമ്മങ്ങളിൽ തീക്ഷ്ണതയോടെ സംബന്ധിക്കണം. ഈ ജൂബിലി വർഷത്തിൽ തീർത്ഥാടനങ്ങൾ നടത്തി പ്രാർത്ഥിക്കാനും പ്രത്യേകിച്ച്, നമ്മുടെ അതിരൂപതയിലെ പാലയൂർ മഹാതീർത്ഥാടനത്തിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കാനും എല്ലാവരും ഒരുങ്ങണം.

കൂട്ടുകാരെ, അവധിക്കാലം നമ്മുടെ കഴിവുകളെ കണ്ടുപിടിക്കാനും വളർത്താനും അതുവഴി ഈശോയെ മഹത്വപ്പെടുത്താനും കൂടിയുള്ള അവസരമായി നിങ്ങൾ ഉപയോഗിക്കണം.

അതിന് നമ്മൾ എന്താണ് ചെയ്യേണ്ടത്? ഒരു കൊച്ചു കളിപ്പാട്ടമായി ഈശോയ്ക്ക് നമ്മളെത്തന്നെ സമർപ്പിക്കുക. ഈശോയുടെ ഇഷ്ടം പോലെ കയ്യിലെടുക്കാനും നെഞ്ചോട് ചേർത്ത് പിടിക്കാനും തട്ടിക്കളിക്കാനും സാധിക്കുന്ന ഒരു കൊച്ചു കളിപ്പാട്ടം. അങ്ങനെ നമ്മൾ ഈശോയുടെ സ്വന്തമായി മാറുന്നു. വിശുദ്ധ മദർ തെരേസ പറയുന്നതുപോലെ, 'ഞാൻ ഈശോയുടെ കയ്യിലെ ഒരു പെൻസിലാണ്.'

ഈ നോമ്പുകാലത്ത് കൂടുതൽ വിശുദ്ധിയോടെ ഈശോയെ കൂടുതൽ സ്നേഹിക്കാനും നമ്മുടെ കൊച്ചു കൊച്ചു വേദനകളെ സന്തോഷത്തോടെ സ്വീകരിക്കാനും നമുക്ക് സാധിക്കട്ടെ. എല്ലാവർക്കും പ്രത്യാശ നിറഞ്ഞ ഉത്ഥാന തിരുനാൾആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

## വിശ്വാസപരിശീലനകേന്ദ്രം

കഴിഞ്ഞ അധ്യയനവർഷം വിശ്വാസപരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ബഹു. വൈദികർക്കും സമർപ്പിതർക്കും വിശ്വാസ പരിശീലകർക്കും മാതാപിതാക്കന്മാർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത. വാർഷിക പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് സഹായിച്ചവർക്കും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തവർക്കും പ്രത്യേകം നന്ദി.

**I. വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കുള്ള പരിപാടികൾ**

1. Scholarship Examiation - Std. IV, VII, X

Date: April 05 Saturday

Centre - DBCLC

Time : 10 am - 12 noon

4, 7, 10 ക്ലാസ്സുകാർക്കാണ് സ്കോളർഷിപ്പ് പരീക്ഷ ഉണ്ടായിരിക്കുക.

സ്കോളർഷിപ്പിനുള്ള കുട്ടികളെ ഒരുക്കിവിടേണ്ടതാണ്. ഹാൾ ടിക്കറ്റ് സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുത്ത് ആവശ്യമായ ഒപ്പുകൾ സഹിതം കുട്ടികളുടെ കൈവശം കൊടുത്തയക്കേണ്ടതാണ്.

**2. Std. XII, ACC വാർഷിക പരീക്ഷാഫലം**

Std. XII & ACC പരീക്ഷാഫലം ഏപ്രിൽ 12 ന് അതിരൂപതാ വിശ്വാസ പരിശീലന സോഫ്റ്റ് വെയറിലും Blog-ലും പസിദ്ധീകരിക്കുന്നതാണ്. Blog Address: http://catechismtrichur.blogspot.in

**3. Std. XII & ACC ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം**

പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർക്ക് വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ഏപ്രിൽ 20 ആണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**4. ACC, XII പുനപരീക്ഷയും ഇംപ്രൂവ്മെന്റ് പരീക്ഷയും**

1. Std. XII - April 26, Saturday : Time: 10 AM - 12 Noon
2. ACC - April 26, Saturday: Time: 02 PM - 5PM

പരീക്ഷാസെന്റർ: ഡി.ബി.സി.എൽ.സി.

വിശദവിവരങ്ങൾക്ക് വിശ്വാസപരിശീലന മാർഗ്ഗരേഖ നമ്പർ 84.2, 101.9 കാണുക. 12-ാം ക്ലാസ്സ് വാർഷികപരീക്ഷയിൽ പാസ്മാർക്ക് നേടാൻ കഴിയാത്തവർക്കും പരീക്ഷയ്ക്ക് മുടങ്ങിയവർക്കും (എലിജിബിൾ ലിസ്റ്റിൽ ഉള്ളവർക്കു മാത്രം) എസിസി പ്രവേശനത്തിന് ആവശ്യമായ മാർക്കില്ലാത്തവർക്കും (40%), എസിസി പരീക്ഷയിൽ ഇംപ്രൂവ്മെന്റ് വേണമെന്നുള്ളവർക്കും വിശ്വാസപരിശീലന ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി ഏപ്രിൽ 22 ആണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ.

**II. വിശ്വാസപരിശീലകർക്കുള്ള കോഴ്സുകളും സെമിനാറുകളും**

**1. Basic C T C**

1st Batch April 4 - 6 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ രാവിലെ 10.30 ന് അവസാനിക്കുന്നു.

2nd Batch April 25 to 27 വെള്ളിയാഴ്ച വൈകിട്ട് 5 മണിക്ക് തുടങ്ങി ഞായർ വൈകിട്ട് 4 മണിക്ക് അവസാനിക്കുന്നു.

സ്ഥലം: ഡി.ബി.സി.എൽ.സി.; ഫീസ് : 400 രൂപ.

വിശ്വാസപരിശീലകരായി നിയമിക്കപ്പെട്ട് ആദ്യത്തെ 3 വർഷത്തി

നുള്ളിൽ എല്ലാ വിശ്വാസപരിശീലകരും അതിരൂപതാ വിശ്വാസ പരിശീലനകേന്ദ്രം നിശ്ചയിച്ചിട്ടുള്ള വിശ്വാസപരിശീലകർക്കുള്ള അടിസ്ഥാനപരിശീലന കോഴ്സിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടണം. സ്റ്റാഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാത്രമേ ഈ കോഴ്സിൽ പ്രവേശിപ്പിക്കുകയുള്ളൂ. ബഹുമാനപ്പെട്ട വൈദികരും പ്രിൻസിപ്പൽമാരും മുൻകൈയെടുത്ത് സിടിസി കോഴ്സിൽ പങ്കെടുക്കാത്ത വിശ്വാസപരിശീലകരെ കോഴ്സിൽ പങ്കെടുപ്പിക്കുമല്ലോ. രജിസ്ട്രേഷൻ സോഫ്റ്റ്വെയർ മുഖാന്തിരം.

**2. Advanced C T C**

ഒരു ബാച്ച് മാത്രം. 2 ഞായറാഴ്ചകളിലായി നടത്തുന്നു. ബേസിക് സി ടി സി യിൽ പങ്കെടുത്ത് 10 വർഷമെങ്കിലും കഴിഞ്ഞവരാണ് ഈ കോഴ്സിൽ പങ്കെടുക്കേണ്ടത്.

സ്ഥലം: ഡി.ബി.സി.എൽ.സി.; ഫീസ് : 250 രൂപ.

Day -1 May 4, Day 2- May 11 കാലത്ത് 9.30 നു തുടങ്ങി വൈകിട്ട് 4 ന് അവസാനിക്കുന്നു. രണ്ട് ദിവസവും പങ്കെടുത്തവർക്ക് മാത്രമാണ് സർട്ടിഫിക്കറ്റ് ലഭിക്കുക. രജിസ്ട്രേഷൻ സോഫ്റ്റ് വെയർ മുഖാന്തിരം.

**3. പ്രിൻസിപ്പൽ കോൺഫറൻസ്: മെയ് 11 ഞായർ**

ഡി.ബി.സി.എൽ.സി.യിൽ; സമയം 1.30 PM മുതൽ 4.30 PM വരെ. എല്ലാ പ്രിൻസിപ്പൽമാരും, ഈ വർഷം പുതുതായി തെരഞ്ഞെടുക്കപ്പെട്ടവരും ഈ കോൺഫറൻസിൽ പങ്കെടുക്കേണ്ടതാണ്.

**4. പാഠപുസ്തക ശില്പശാല 11, 12 ക്ലാസ്സുകാർക്ക് – മെയ് 18 ഞായർ**

11, 12 വിശ്വാസപരിശീലന ക്ലാസ്സുകളിൽ പുതിയ പാഠപുസ്തകമായതിനാൽ ഈ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന വിശ്വാസപരിശീലകർക്ക് ഒരു ശില്പശാല മെയ് 18 ഞായറാഴ്ച്ച ഡിബിസിഎൽസിയിൽ വെച്ച് സംഘടിപ്പിക്കുന്നു. ഈ ക്ലാസ്സുകളിലെ എല്ലാ അധ്യാപകരും ഈ ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. സമയം രാവിലെ 9 മുതൽ ഉച്ചതിരിഞ്ഞ് 4.30 വരെ.

**III. പൊതുവായ അറിയിപ്പുകളും നന്ദിയും**

**1. പാഠപുസ്തകങ്ങൾ 2025 – 26 അധ്യയനവർഷം**

12–ാം ക്ലാസ്സിലെ വിശ്വാസപരിശീലന പാഠപുസ്തകത്തിന് മാറ്റമുള്ളതായി അറിയിക്കുന്നു. ACC-ക്ക് ഒന്നാമത്തെ സിലബസ്സ് ആണ് പ്രസ്തുത വർഷത്തിൽ പഠിപ്പിക്കേണ്ടത്. പുസ്തകങ്ങൾക്കായുള്ള ഓർഡർ മെയ് മാസത്തിൽ തന്നെ തന്ന് സഹകരിക്കുക.

**2. ഫൊറോന പ്രമോട്ടർമാരുടെ യോഗം**

വിശ്വാസപരിശീലനം ഫൊറോന പ്രമോട്ടർമാരുടെ യോഗം മാർച്ച് 12 ന് ഡിബിസിഎൽസിയിൽ വെച്ച് നടത്തി. പുതിയ അധ്യയന വർഷത്തെക്കുറിച്ചുള്ള ചർച്ചകൾ നടന്നു. പങ്കെടുത്ത ബഹു. വൈദികർക്ക് നന്ദി അറിയിക്കുന്നു.

**3. ഓൺലൈൻ പ്രിൻസിപ്പൽ കോൺഫറൻസ് - മാർച്ച് 20 ന് നടത്തി**

പ്രിൻസിപ്പൽമാരുടെ ഓൺലൈൻ കോൺഫറൻസ് മാർച്ച് 20ന് നടന്നു. 2025-26 അധ്യയന വർഷത്തെക്കുറിച്ച് ചർച്ചകൾ നടന്നു.

**4. കാറ്റക്കെറ്റിക്കൽ കൗൺസിൽ മീറ്റിംഗ് മാർച്ച് 21, 22**

കാറ്റക്കെറ്റിക്കൽ കൗൺസിൽ അംഗങ്ങൾക്കായി മാർച്ച് 21, 22 തിയതികളിലായി ഡി ബി സി എൽ സിയിൽ റസിഡൻഷ്യൽ മീറ്റിംഗ് നടത്തി. പുതിയ അധ്യയന വർഷത്തെക്കുറിച്ചുള്ള ചർച്ചകളും തീരുമാനങ്ങളും എടുക്കുകയുണ്ടായി.

**5. Std. XII, ACC** മൂല്യനിർണ്ണയ ക്യാമ്പ് മാർച്ച് 02, 09, 16 എന്നീ തിയതികളിലായി നടന്നു. മൂല്യനിർണ്ണയക്യാമ്പിൽ പങ്കെടുത്ത എല്ലാ അധ്യാപകർക്കും ഒത്തിരി നന്ദി.

**6. വേനൽകൂടാരം**

വേനലവധിക്കാലം വിശ്വാസപരിശീലന വിദ്യാർത്ഥികൾക്ക് ഉല്ലാസഭരിതവും അറിവു വർദ്ധിപ്പിക്കാനുതകുന്ന വിധത്തിലുള്ള പലവിധ ക്ലാസ്സുകളും കളികളുമായി ഈ വർഷവും അത്മായ നേതൃത്വ പരിശീലനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഡിബിസിഎൽസി യിൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. 1-ാം ക്ലാസ്സു മുതൽ 8-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളെയാണ് ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുന്നത്. മെയ് മാസത്തിൽ നടക്കുന്ന ഈ ക്യാമ്പിലേക്ക് നമ്മുടെ വിദ്യാർ ത്ഥികളെ പറഞ്ഞയയ്ക്കുമല്ലോ. ഫീസ് ബാധകമാണ്.

ഉയിർപ്പുതിരുനാൾ ആശംസകളോടെ,

**ഫാ. സനൽ മാളിയേക്കൽ**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. പോൾ മുട്ടത്ത്**
അസി. ഡയറക്ടർമാർ

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

# മേരിമാതാ മേജർ സെമിനാരി

**മാസധ്യാനം**

2024 ഫെബ്രുവരി മാസത്തെ ധ്യാനം 7, 8 തിയതികളിലായി നടന്നു. പാലക്കാട് രൂപതാംഗവും ജീസസ് ഫ്രട്ടേർണിറ്റിയുടെ നാഷണൽ കോഡിനേറ്ററുമായ റവ. ഫാ. മാർട്ടിൻ തട്ടിലാണ് ധ്യാന ചിന്തകൾ നൽകിയത്. പൗരോഹിത്യ ജീവിതത്തിന്റെ സാമൂഹിക മാനങ്ങളെക്കുറിച്ച് അച്ചൻ ധ്യാനചിന്തകളിൽ വിവരിച്ചു.

**സ്നേഹോത്സവം ഫോളോ അപ്പ്**

ഈ അധ്യയനവർഷം സ്നേഹോത്സവം നടത്തപ്പെട്ട വരാക്കര സൗത്ത്, പേരാമംഗലം എന്നി ഇടവകളിലെ കുടുംബങ്ങളിൽ വൈദി കവിദ്യാർത്ഥികൾ ഫെബ്രുവരി 25-ാം തിയതി സന്ദർശനം നടത്തി. അന്നേദിവസം ഇടവകദേവാലയത്തിൽ ദൈവജനത്തോടൊപ്പം വിശുദ്ധ കുർബാനയിൽ സംബന്ധിച്ചു, അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു.

**യാത്രയയപ്പ്**

തത്വശാസ്ത്ര പഠനം ഈ വർഷം പൂർത്തിയാക്കുന്ന വൈദിക വിദ്യാർഥികൾക്ക് സെമിനാരികുടുംബം മാർച്ച് 1ന് യാത്രയയപ്പ് നൽകി. അന്നേദിവസം അർപ്പിക്കപ്പെട്ട സമൂഹബലിയിൽ ബഹുമാന പ്പെട്ട സിബി ചെറുതോട്ടിലച്ചൻ മുഖ്യകാർമ്മികനായി. ബഹുമാന പ്പെട്ട ജിബിൻ താഴേക്കാടനച്ചൻ വചനസന്ദേശം പങ്കുവെച്ചു. തുടർന്ന് വൈദികരുടെ നേതൃത്വത്തിൽ കൈവെയ്പ്പ് പ്രാർത്ഥനയും പ്രാർത്ഥന ശുശ്രൂഷയും ഉണ്ടായിരുന്നു. അതെതുടർന്ന് നടന്ന യാത്രയപ്പ് യോഗത്തിൽ ബഹു. ഫ്രീജോ അച്ചനും, ബഹു. സിജോൺ അച്ചനും ആശംസകൾ അറിയിച്ചു സംസാരിച്ചു.

**പരീക്ഷകൾ**

2024-2025 അധ്യയന വർഷത്തിലെ രണ്ടാം സെമസ്റ്റർ പരീ ക്ഷകൾ മാർച്ച് 7 മുതൽ 13 വരെയുള്ള ദിവസങ്ങളിൽ നടന്നു. ഈ അധ്യയന വർഷം തത്വശാസ്ത്രപഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥി കളുടെ comprehensive written & oral പരീക്ഷകൾ യഥാക്രമം മാർച്ച് 1, 12 തിയതികളിലായി നടത്തപ്പെട്ടു.

**പട്ടങ്ങൾ സ്വീകരിക്കുന്നതിനുള്ള ഒരുക്കവും മാസധ്യാനവും**

ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള ഈ അധ്യയന വർഷ

ത്തിലെ അവസാനത്തെ മാസധ്യാനവും മ്ശംശാന, ഹെവുപ്പദ്യാക്ക്ന, കാറോയാ എന്നീ പട്ടങ്ങൾ സ്വീകരിക്കുന്നതിനുള്ള ഒരുക്കവും മാർച്ച് മാസം 13, 14, 15 തിയ്യതികളിലായി നടന്നു. ബഹുമാനപ്പെട്ട ബിനു തടത്തിൽപുത്തൻവീട്ടിലച്ചൻ ധ്യാനം നയിച്ചു. തത്വശാസ്ത്ര വിദ്യാർത്ഥികൾക്കായുള്ള ഈ അധ്യയന വർഷത്തിലെ അവസാന ത്തെ മാസധ്യാനം മാർച്ച് മാസം 14,15 തിയ്യതികളിലായി നടന്നു. ബഹുമാനപ്പെട്ട ദിലീപ് വിതയത്തിൽ അച്ചനാണ് ധ്യാന ചിന്തകൾക്ക് നേതൃത്വം നൽകിയത്.

**അവധിക്കാലം**

സെമിനാരിപരിശീലനത്തിന്റെ ഒരു അധ്യയന വർഷംകൂടി പിന്നിട്ടു തങ്ങളുടെ രൂപതകളിലേക്കും സന്യാസ ഭവനങ്ങളിലേക്കും മാർച്ച് 15ന് ബ്രദേഴ്സ് യാത്രതിരിച്ചു. തങ്ങളുടെ കുടുംബാംഗ ങ്ങളുടെയും ഇടവകക്കാരുടെയും കൂടെയായിരുന്ന് പ്രായോഗിക അനുഭവങ്ങളും ബോധ്യങ്ങളും സ്വന്തമാക്കി മെയ് 30ന് അവർ സെമിനാരിയിൽ തിരിച്ചെത്തും.

**ബേഴ്സ് സ്ഥാപിച്ചവർ**

Individual Benefactor Membership

ശ്രീമതി മേരി ജോസ്, ചാലിശ്ശേരി ഹൗസ്, പി.ഒ. ചൂലിശ്ശേരി, തൃശ്ശൂർ.

**ഫാ. സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

## സെന്റ് മേരീസ് മൈനർ സെമിനാരി

**മാസധ്യാനം**

2025 മാർച്ച് മാസം ഒന്നാം തിയതി ബഹുമാനപ്പെട്ട സാജൻ പിണ്ടിയാൻ അച്ചൻ മൈനർ സെമിനാരിക്കാർക്കും, ബഹുമാനപ്പെട്ട സനൽ മാളിയേക്കൽ അച്ചൻ ഡിഗ്രി പഠിക്കുന്ന വൈദിക വിദ്യാർ ഥികൾക്കും മാസധ്യാനചിന്തകൾ നൽകി.

**അഭിവന്ദ്യപിതാക്കന്മാരുടെ ദിവ്യബലിയർപ്പണം**

2025 മാർച്ച് 4, ചൊവ്വാഴ്ച, അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും, മാർച്ച് 5ന്, ബുധനാഴ്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

**‘ദൈവദർശൻ’ Resource Camp**

മാർച്ച് 27, 28 തിയതികളിൽ ‘ദൈവദർശൻ’ Resource Camp ന് ബഹുമാനപ്പെട്ട അലക്സ് മരോട്ടിക്കൽ അച്ചൻ നേതൃത്വം നൽകി.

**‘ദൈവദർശൻ’ ക്യാമ്പുകൾ**

ഇടവകകളിൽ കുട്ടികൾക്കായി നടത്തിവരുന്ന ‘ദൈവദർശൻ’ ക്യാമ്പുകൾ, മുൻകൂട്ടിയുള്ള ബുക്കിംഗ് അനുസരിച്ച്, മാർച്ച് 31ന് ആരംഭിച്ച് മേയ് 3 വരെ, നമ്മുടെ അതിരൂപതയിലെ വൈദിക വിദ്യാർഥികളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

**ഡീക്കൻ പട്ടവും ചെറുപട്ടങ്ങളും**

നമ്മുടെ അതിരൂപതയിലെ ദൈവശാസ്ത്ര വൈദികവിദ്യാർഥികൾ, മാർച്ച് മാസം 29-ന് കത്തീഡ്രലിൽവെച്ച് ഡീക്കൻ പട്ടവും, ചെറുപട്ട ങ്ങളും അഭിവന്ദ്യ ആൻഡ്രൂസ് പിതാവിൽ നിന്നും യഥാക്രമം സ്വീകരിച്ചു.

**ദൈവവിളി ക്യാമ്പുകൾ**

ആൺകുട്ടികൾക്കായുള്ള ദൈവവിളി ക്യാമ്പുകൾ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വെച്ച്:

ഒന്നാം ബാച്ച്: 2025 മാർച്ച് 31 മുതൽ ഏപ്രിൽ 1 വരെ

രണ്ടാം ബാച്ച്: ഏപ്രിൽ 2 മുതൽ ഏപ്രിൽ 3 വരെ

മൂന്നാം ബാച്ച്: ഏപ്രിൽ 4 മുതൽ ഏപ്രിൽ 5 വരെ.

ഏപ്രിൽ 5 ന് പെൺകുട്ടികൾക്കായി ഡി.ബി.സി.എൽ.സി. യിൽ വെച്ച്.

ദൈവവിളികൾ കണ്ടെത്തി, കുട്ടികളെ അതതു ക്യാമ്പുകളിലേക്ക് ഒരുക്കി പറഞ്ഞയക്കുന്ന ബഹുമാനപ്പെട്ട വികാരിയച്ചൻമാരുടെ സ്ത്യുത്യർഹ സേവനത്തിനു കൃതജ്ഞത അറിയിക്കുന്നു.

**ദൈവവിളി വാരാചരണം**

ദൈവവിളി വാരാചരണത്തിൻറെ ഭാഗമായി ദൈവവിളിക്കായി പ്രത്യേകം പ്രാർഥിക്കാൻ മാർച്ച് 31 മുതൽ ഏപ്രിൽ 5 വരെ തൃശ്ശൂർ ലൂർദ് കത്തീഡ്രൽ പള്ളിയിലെ നിത്യാരാധനചാപ്പലിലേക്ക് ഏവ രേയും ക്ഷണിക്കുന്നു.

**സെലക്ഷൻ ക്യാമ്പ് 2025**

ഈ വർഷം ദൈവവിളി ക്യാമ്പിൽ പങ്കെടുത്ത ആൺകുട്ടികൾ ക്കായി, തൃശ്ശൂർ അതിരൂപതയിലെ മൈനർ സെമിനാരിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള ക്യാമ്പ് ഏപ്രിൽ 22 മുതൽ 25 വരെ മൈനർ സെമിനാരിയിൽവെച്ച് നടക്കുന്നു.

**വൈദികവസ്ത്ര സ്വീകരണത്തിനുള്ള ഒരുക്കധ്യാനം**

ഏപ്രിൽ 27 മുതൽ മേയ് 3 വരെ വൈദികവസ്ത്ര സ്വീകരണത്തിനുള്ള ഒരുക്കധ്യാനം തിരുവില്വാമല സെന്റ് പോൾ ഗുരുകുലം സെമിനാരിയിൽ നടക്കുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. മാവെറിക്ക് ജോ, S/o മെൽവിൻ & മരിയ, C/o റവ. ഫാ. ജിന്റോ ചൂണ്ടൽ തൃശ്ശൂർ അതിരൂപത

2. ശ്രീ ജോൺ വി. ഒ., വാഴപ്പറമ്പൻ ഹൗസ്, കോനിക്കര

എല്ലാ ഉപകാരികളേയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് നന്ദിയോടെ പ്രാർഥിക്കുന്നു.

**ഫാ. ജോയ് പുത്തൂർ**
റെക്ടർ

# എക്സൽ അക്കാദമി

**സിവിൽ സർവീസ് കോഴ്സ്**

സിവിൽ സർവീസ് കോച്ചിങ്ങ് വീക്കെൻഡ് ബാച്ചുകൾ 21-09-2024 ശനിയാഴ്ച മുതൽ ആരംഭിച്ചു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ആയിരിക്കും ക്ലാസുകൾ നടക്കുക. പ്ലസ് ടു, ഡിഗ്രി, പി ജി വിദ്യാർത്ഥികൾക്ക് അഡ്മിഷൻ എടുക്കാവുന്നതാണ്. പ്രധാനമായും 4 വർഷത്തെ ഡിഗ്രി കോഴ്സ് വിദ്യാർത്ഥികൾക്ക് ഡിഗ്രി പഠനത്തോടൊപ്പം സിവിൽ സർവീസ് പരീക്ഷക്ക് വേണ്ടിയുള്ള ഒരുക്കങ്ങളും പൂർത്തീകരിക്കാവുന്ന രീതിയിലാണ് ക്ലാസുകൾ തയ്യാറാക്കിയിരിക്കുന്നത് .

**K - TET ( Kerala Teachers Eligibility Test )**

K-TET പരീക്ഷക്കുവേണ്ടിയുള്ള കാറ്റഗറി 1, 2, 3, 4 കോച്ചിങ്ങിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**P S C & Defence പരീക്ഷ കോഴ്സുകൾ**

ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു. അഡ്മിഷൻ തുടരുന്നു.

**Excel Foundation Course**

Excel Foundation Courseന്റെ (8th std. to 12th Std.) പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. എല്ലാ രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ക്ലാസ്സുകൾ ഉണ്ടായിരിക്കും.

**ന്യൂനപക്ഷവകുപ്പ് PSC സൗജന്യ പരിശീലനം**

(Coaching Centre for Minority Youth)

2025 ജനുവരി മുതൽ കേരള സർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലനകോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ നടന്നുകൊണ്ടിരിക്കുന്നു. ക്ലാസ്സുകൾ ജനുവരി 5 മുതൽ ആരംഭിച്ചു. കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാം ശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യപരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ, സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക: 9744941585 / 9895525077

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**മാണി കെ. പീറ്റർ**
അക്കാദമിക്ക് ഹെഡ്

# INSTITUTE OF THEOLOGY

**TRICHUR D B C L C**

**(Phone : 0487- 2333245, Mob : 9188131341)**

**Convocation**

Institute of Theology Convocation Day മാർച്ച് 23 ന് നടന്നു. 2024-2025 അധ്യയന വർഷത്തിലെ കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് അഭിവന്ദ്യ പിതാക്കൻമാർ സർട്ടിഫിക്കറ്റ് നൽകി. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കിയവർക്ക് അഭിനന്ദനങ്ങൾ. ക്ലാസ്സുകൾ നയിച്ച ബഹു. അധ്യാപകർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**1. B.A. in Theology and Religious Studies (Three Years)**

സെക്കന്റ് സെമസ്റ്ററിലെ Creation and Theological Anthropology (Rev. Dr. Lijo Chalissery), Theology of Inter-religious Dialogue (Rev. Dr. Vincent Kundukulam) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

മാർച്ച് 02, 16 എന്നി ദിവസങ്ങളിൽ സ്നേഹത്തിന്റെ സന്തോഷം (Rev. Fr. Bastian Punnoliparambil), പൗരസ്ത്യസഭയുടെ കാനോന

സംഹിത (Rev. Dr. Shijo Chriyankkandath) എന്നീ വിഷയങ്ങളുടെ ക്ലാസ്സുകൾ നടന്നു.

**3. Advanced Certificate Course in Theology (Six Months)**

സന്യാസിനികൾക്കായി ആറ് മാസത്തെ Regular Theology Course, പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. പുതിയ ബാച്ചിലേക്കുള്ള ക്ലാസുകൾ ജൂൺ മാസത്തിൽ ആരംഭിക്കുന്നു.

**4. Basic Bible Course (BBC)**

മാർച്ച് മാസം ക്ലാസ്സ് നയിച്ചത് Rev. Dr. Davis Panakkal CMI

**5. Certificate Course on Sacred Liturgy**

ജനുവരി മാസത്തിൽ Syro-Malabar Qurbana Studies (Rev. Dr. Johnson Chittilapilly), Syro-Malabar Qurbana Studies -(Rev.Dr. Sebastian Chalackal) ക്ലാസ്സുകൾ നടന്നു.

**7. Basic Theology Course (Three Months)**

സന്യാസാർത്ഥിനികൾക്കുള്ള മൂന്നു മാസത്തെ Basic Theology Course വിജയകരമായി പൂർത്തിയാക്കിയവർക്ക് അഭിനന്ദനങ്ങൾ. ഈ കോഴ്സിൽ പങ്കെടുക്കുന്നതിന് സന്യാസാർത്ഥിനികളെ അയച്ച അധികാരികൾക്ക് നന്ദി

ആശംസകൾ

**ഫാ. സൈജോ തൈക്കാട്ടിൽ**
ഡയറക്ടർ

**ഫാ. സനൽ മാളിയേക്കൽ**
ഡീൻ & റെജിസ്ട്രാർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**കേരളത്തിലെ ആദ്യത്തെ RFID ബ്ലഡ് ബാഗ് സംവിധാനം ജൂബിലിയിൽ**

രക്തദാതാവിന്റെയും രക്തസ്വീകർത്താവിന്റെയും സുരക്ഷ ഉറപ്പാക്കുന്നതിനായി RFID (റേഡിയോ ഫ്രിക്വൻസി ഐഡന്റിഫിക്കേഷൻ) ബ്ലഡ് ബാഗ് സാങ്കേതിക വിദ്യ ട്രാൻസ്ഫ്യൂഷൻ മെഡിസിൻ ഡിപ്പാർട്ടുമെന്റിൽ ആരംഭിച്ചു. അത്തരം സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന (ബയോലോഗി ഐ.ഡി.) കേരളത്തിലെ ആദ്യത്തെ ആശുപത്രിയാണ് തൃശ്ശൂർ ജൂബിലി മിഷൻ. രക്തം ശേഖരിക്കുന്നത് മുതൽ കൃത്യമായി രോഗിക്ക് നൽകുന്നത് വരെ RFID ടാഗുകൾ ഉപയോഗിക്കുന്നു. ഇത് രക്തദാനവുമായി ബന്ധപ്പെട്ട തെറ്റുകൾ

കുറക്കുന്നതിനും അനാവശ്യമായ സംശയങ്ങൾ ഒഴിവാക്കി ആരോഗ്യപ്രദമായ രക്തദാനം ഉറപ്പാക്കുവാനും സഹായിക്കുന്നു. അത് വഴി രോഗികളുടെ സുരക്ഷ ഉറപ്പാക്കുന്നു. RFID ടാഗുകൾക്ക് രക്ത യൂണിറ്റുകളെ സ്വയം തിരിച്ചറിയാൻ കഴിയും. ഇത് മനുഷ്യന്റെ അശ്രദ്ധമൂലമുള്ള അപകട സാധ്യത കുറക്കുന്നതിനും ഓരോ യൂണിറ്റും ശരിയായി കൈകാര്യം ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും അതുവഴി ശരിയായ രക്തം ശരിയായ രോഗിക്ക് ശരിയായ സമയത്ത് എത്തിക്കുന്നതിനും വഴിയൊരുക്കുന്നു. രക്ത സ്വീകരണത്തിലൂടെ ഉണ്ടായേക്കാവുന്ന ട്രാൻസ്ഫ്യൂഷൻ റിയാക്ഷൻസ് നിരീക്ഷിക്കാൻ സഹായിക്കുന്നു. ഒപ്റ്റിമം സ്റ്റോക്ക് ലെവൽ നിലനിർത്താനും രക്ത ബാഗുകൾ കാലാഹരണപ്പെടുന്നത് കുറക്കാനും സഹായിക്കുന്നു. രക്തദാനം മുതൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ വരെയുള്ള രക്തത്തിന്റെ പൂർണമായ ട്രാക്കിങ്ങ് മൂലം സുതാര്യത വർദ്ധിക്കുന്നു. RFID സംവിധാനത്തിലൂടെ ബ്ലഡ് സെന്ററിന്റെ കാര്യക്ഷമതയും കൃത്യതയും സുരക്ഷയും മെച്ചപ്പെടുത്തുവാൻ സഹായിക്കുമെന്ന് ലാബ് ഡയറക്ടർ ഡോ. സുശില ജേക്കബ് അഭിപ്രായപ്പെട്ടു. M.D. ട്രാൻസ്ഫ്യൂഷൻ മെഡിസിൻ കോഴ്സ് നൽകുന്ന കേരളത്തിലെ ഏക സ്വാശ്രയ മെഡിക്കൽ കോളജ് കൂടിയാണ് ജൂബിലി.

**ജൂബിലിയും കേരള വെറ്റിനറി സർവ്വകലാശാലയും ധാരണാപത്രത്തിൽ ഒപ്പുവെച്ചു.**

ജൂബിലി മിഷൻ മെഡിക്കൽ കോളേജും കേരള വെറ്റിനറി ആൻഡ് എനിമൽ സയൻസ് യൂണിവേഴ്സിറ്റിയും (KVASU) സംയുക്തമായി ധാരണാപത്രത്തിൽ (MoU) ഒപ്പുവെച്ചു. പൊതുജനാരോഗ്യവിഷയവുമായി ബന്ധപ്പെട്ട പല മേഖലകളിലും ഗവേഷണപരമായും വിദ്യഭ്യാസപരമായും ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ ഈ സംരംഭം പ്രയോജനപ്പെടും.

**ഡോ. വാസുദേവൻ എൻഡോവ്മെന്റ് ഒറേഷനിൽ ഡോ. അശ്വിൻ ദലാൽ മുഖ്യപ്രഭാഷണം നടത്തി**

ഇന്ത്യയിൽ ജനിതക പഠന ഗവേഷണങ്ങൾക്ക് നേതൃത്വം നൽകുന്ന കേന്ദ്രഗവൺമെന്റ് സ്ഥാപനമായ ഹൈദ്രാബാദിലെ സെന്റർ ഫോർ ഡി.എൻ.എ. ഫിംഗർ പ്രിൻന്റിങ്ങിലെ ഡയഗ്നോസ്റ്റിക് വിഭാഗം മേധാവി ഡോ. അശ്വിൻ ദലാൽ, ഡോ. ഡി. എം. വാസുദേവൻ എൻഡോവ്മെന്റ് ഒറേഷനിൽ മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യൻ ജീനോമിക്സ് ലാൻഡ്സ്കേപ്പ് എന്ന വിഷയത്തിൽ രാജ്യത്തെ വിവിധ വിഭാഗം ജനങ്ങളുടെ ജനിതക പഠനത്തിന്റെ അടിസ്ഥാനത്തിൽ നയരൂപീകരണത്തിന്റെ ആവശ്യകതയും ഇന്നത്തെ സാഹ

ചര്യങ്ങളും ഇദ്ദേഹം വിവരിച്ചു.

**കേരള ശാസ്ത്ര കോൺഗ്രസ്സിൽ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിനു പ്രത്യേക അനുമോദനം**

മണ്ണുത്തിയിൽ നടന്ന 37-ാമത് കേരള ശാസ്ത്ര കോൺഗ്രസ്സിൽ വെച്ച് ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിനു പ്രത്യേക അനുമോദനം ലഭിച്ചു. പ്രസ്തുത ശാസ്ത്ര കോൺഗ്രസ്സിൽ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ചിലെ ഡോ. രമ്യ ചന്ദ്രൻ ജീവ ശാസ്ത്ര സയന്റിസ്റ്റ് വിഭാഗത്തിൽ മികച്ച പേപ്പർ അവാർഡും, ഡോ. സരിത ഫ്രാൻസിസ് ആരോഗ്യ ശാസ്ത്ര സയന്റിസ്റ്റ് വിഭാഗത്തിൽ മികച്ച പോസ്റ്റർ അവാർഡും കരസ്ഥമാക്കി. ശാസ്ത്ര കോൺഗ്രസി നോടനുബന്ധിച്ചു നടത്തിയ സയൻസ് എക്സ്പോയിൽ ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസർച്ച് അവതരിപ്പിച്ച സ്റ്റാളിനു പ്രത്യേക അനുമോദന പുരസ്കാരവും ലഭിച്ചു.

**പ്രസവശുശ്രൂഷ രംഗത്തെ മികവിനുള്ള അവാർഡ്**

പ്രസവശുശ്രൂഷ രംഗത്തെ മികവിനുള്ള ധനം ഹെൽത്ത്കെയർ അവാർഡ് 2025 ജൂബിലി മിഷൻ ആശുപത്രിക്ക് ലഭിച്ചു. അസോസി യേഷൻ ഓഫ് ഹെൽത്ത് കെയർ പ്രൊവൈഡേഴ്സ് ഓഫ് ഇന്ത്യ യുടെ (AHPI) ഡയറക്ടർ ജനറൽ ഡോ. ഗിരിധർ ഗ്യാനി-യിൽ നിന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, ഗൈനക്കോളജി വിഭാഗം മേധാവി ഡോ. സറീന ഗിൽവാസ് എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി. ഐക്യരാഷ്ട്ര സംഘടനയിൽ നിന്നുള്ള പ്രതിനിധി ഡോ. മുരളി തുമ്മാരുകുടി ചടങ്ങിൽ സന്നിഹിതനായിരുന്നു. അഞ്ച് പതിറ്റാണ്ടി ലേറെ പഴക്കമുള്ള ജൂബിലിയുടെ ഗൈനക്കോളജി വിഭാഗം ഒരു പ്രധാന റഫറൽ കേന്ദ്രമാണ്. പല സങ്കീർണമായ കേസുകളും കൈകാര്യം ചെയ്യുന്നതിൽ വൈദഗ്ധ്യം നേടിയിട്ടുള്ള വിദഗ്ധരായ ഡോക്ടർമാർ അടങ്ങിയതാണ് ജൂബിലിയുടെ ഗൈനക്കോളജി വിഭാഗം. വളരെ എളിയ നിലയിൽ ആരംഭിച്ച ഗൈനക്കോളജി വിഭാഗം ഇന്ന് പ്രതിദിനം ഔട്ട് പേഷ്യന്റ് വിഭാഗത്തിൽ മാത്രമായി നാനൂറോളം രോഗികളെ ചികിത്സിക്കുന്നു. ധനം ബിസിനസ് മീഡി യയും, കൊച്ചി ഐ.എം.എ.യും ചേർന്ന് സംഘടിപ്പിച്ച ചടങ്ങ് കൊച്ചിയിലെ ലെ മെറിഡിയൻ ഹോട്ടലിലാണ് നടന്നത്.

**അഭിനന്ദനങ്ങൾ**

- റേഡിയോളജി വിഭാഗത്തിലെ രണ്ടാം വർഷ റേഡിയോളജി റസിഡന്റ് ഡോ. റംസിയ മുഹമ്മദ് കൊച്ചിയിൽ നടന്ന നാഷണൽ കോൺഫറൻസ് റേഡിയോളജി ക്വിസ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

- തിരുവനന്തപുരത്ത് വച്ച് നടന്ന കേരള ഹോക്കി സംസ്ഥാന മാസ്റ്റേഴ്സ് ടൂർണമെന്റ് വനിതാവിഭാഗത്തിൽ തൃശ്ശൂർ ഹോക്കി ടീമംഗവും, കാന്റീൻ സ്റ്റാഫംഗവുമായ നീതു പി. ജെ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- ഓഫറിങ്ങ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- ഇ. പി. ഫ്രാൻസിസ്, എലുവത്തിങ്കൽ ഹൗസ്, ചൊവ്വൂർ, തൃശ്ശൂർ
- വെനസ്ഡേ ക്ലബ്, എറണാകുളം
- ഇവാനിയ ജെൻസൺ
- ലിറ്റിൽ ഫ്ളവർ കോളേജ്, ഗുരുവായൂർ
- ലിറ്റിൽ ഫ്ളവർ ചർച്ച്, പൂച്ചുണ്ണിപ്പാടം, തൃശ്ശൂർ
- പ്രൊഫ. കെ. പി. മാണി
- ഷീല ഫ്രാൻസിസ്, ചിറയത്ത് ഹൗസ്
- ഡോ. രമേഷ് എസ്., ന്യൂറോ സർജറി, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ലൂർദ്ദ് മാത പ്രൊവിൻഷ്യൽ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ
- നൈന, സ്റ്റാഫ് നേഴ്സ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ
- സി. ആനി
- ഷീല ജോസ്, കളത്തിപറമ്പിൽ ഹൗസ്, അരണാട്ടുകര, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ഇന്ത്യൻ നോളജ് സിസ്റ്റം (ഐ.കെ.എസ്) സെന്റർ**

ഇന്ത്യൻ നോളജ് സിസ്റ്റം (ഐ.കെ.എസ്) സെന്റർ കേന്ദ്രമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. സ്റ്റാർസ് സ്ക്കോളർഷിപ്പുകളുടെ വിതരണവും, കോളേജ് വിദ്യാർത്ഥികളുടെ ഹൈക്കു കവിതാ സമാഹാരത്തിന്റെ പ്രകാശനവും നിർവ്വഹിച്ചു. കോളേജിലെ പാലോക്കാരൻ സ്ക്വയറിൽ നടന്ന ചടങ്ങിൽ അതിരൂപത വികാരി

ജനറൽ മോൺ. ജോസ് കോനിക്കര അദ്ധ്യക്ഷത വഹിച്ചു.

**2. ഡി –സോൺ കലോത്സവം**

2024–2025 ഡി–സോൺ കലോത്സവത്തിൽ കടുത്ത മത്സരം കാഴ്ച വച്ച് 206 പോയിന്റ് നേടി, സെന്റ് തോമസ് കോളേജ് രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**3. മാർത്തോമാ ട്രോഫി ഫുഡ്ബോൾ ജേതാക്കൾ**

മാർത്തോമാ കോളേജ് സ്റ്റേഡിയത്തിൽ നടന്ന 58–ാംമത് മാർത്തോമാ ട്രോഫി അഖിലകേരള ഇന്റർ കോളേജിയേറ്റ് ഫുഡ്ബോൾ ടൂർണമെന്റിൽ സെന്റ് തോമസ് കോളേജ് ചാമ്പ്യൻമാരായി. ദക്ഷിണ റെയിൽവേ സ്പോർട്ട്സ് സെക്രട്ടറി എം.പി ലിപിൻ രാജ് ട്രോഫി സമ്മാനിച്ചു.

**4. അവാർഡ് ലഭിച്ചു**

മണ്ണുത്തി കാർഷിക സർവകലാശാലയിൽ നടന്ന 37–ാമത് കേരള ശാസ്ത്ര കോൺഗ്രസിൽ കോളേജിലെ സുവോളജി ഗവേഷണ വിഭാഗത്തിലെ രഹന പി.എ ക്ക് മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള അവാർഡ് ലഭിച്ചു.

**5. ഗുരു സ്മൃതി**

അന്തരിച്ച അദ്ധ്യാപകരുടെ ഓർമ്മയ്ക്കായി സെന്റ് തോമസ് കോളേജിൽ ഗുരുസ്മൃതി നടത്തി. മെഡ്ലിക്കോട്ട് ഹാളിൽ ചേർന്ന അനുസ്മരണ സമ്മേളനം വികാരി ജനറാൾ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഫാ. കെ.എ മാർട്ടിൻ അദ്ധ്യക്ഷത വഹിച്ചു. സുവോളജി വകുപ്പ് മേധാവി ഡോ. സി.എഫ് ബിനോയ്, പൂർവ്വവിദ്യാർത്ഥി സംഘടന സെക്രട്ടറി ജെയിംസ് മുട്ടിക്കൽ, വിവിധ വിഷയങ്ങളിൽ മികവു തെളിയിച്ച വിദ്യാർത്ഥികൾക്ക് എൻഡോവ്മെന്റുകൾ വിതരണം ചെയ്തു.

**6. ചാമ്പ്യൻമാരായി**

മമ്പാട് എം.ഇ.എസ് കോളേജിൽ വച്ച് നടന്ന 2024–2025 ലെ കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇന്റർ സോൺ പുരുഷ സെപക്തക്രോ ചാമ്പ്യൻഷിപ്പിൽ സെന്റ് തോമസ് കോളേജ് ചാമ്പ്യന്മാരായി.

**7. പുതിയ ചെടികളുടെ കണ്ടെത്തൽ കഥയുമായി പത്താം വർഷം**

ഡിപ്പാർട്ട്മെന്റ് ഓഫ് ബോട്ടണി രണ്ടു ദിവസത്തെ നാഷണൽ സെമിനാർ സ്പിഷിസ് ദ പാഷൻ 10, എന്ന പേരിൽ നടത്തി. നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ റിജണൽ സെന്ററിന്റെ മുൻ ഡെപ്യൂട്ടി ഡയറക്ടറായ ഡോ. എൻ ശശിധരൻ സെമി

നാർ ഉദ്ഘാടനം ചെയ്തു. ബോട്ടണിക്കൽ സർവ്വെ ഓഫ് ഇന്ത്യ യുടെ സീനിയർ സയന്റിസ്റ്റായ ഡോ. സുജന കെ.എ. മുഖ്യപ്രഭാഷണം നടത്തി.

**8. ഫോട്ടോഗ്രാഫി ക്യാമ്പ് സംഘടിപ്പിച്ചു**

മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റ് ഊട്ടി കോത്തഗിരിയിൽ രണ്ട് ദിവസത്തെ ലാൻഡ്സ്കേപ്പ് ആന്റ് നേച്ചർ ഫോട്ടോഗ്രാഫി ക്യാമ്പ് സംഘടിപ്പിച്ചു. അതിമനോഹരമായ പ്രകൃതിദൃശ്യങ്ങൾ പകർത്തുന്നതിൽ സാങ്കേതികവും സർഗ്ഗാത്മകവുമായ വൈദഗ്ദ്ധ്യം കൊണ്ട് ക്യാമ്പ് പങ്കാളികളെ സജ്ജമാക്കി. പ്രൊഫഷണൽ ക്യാമറകളും ലെൻസുകളും ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് അനുഭവപരിചയം ലഭിച്ചു.

**9. സംവാദമത്സരം സംഘടിപ്പിച്ചു.**

കോളേജിലെ ഒരേറ്ററി ആൻഡ് ഡിബേറ്റ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഫെഡറൽ ബാങ്കും മാതൃഭൂമിയുമായി കൈക്കോർത്ത് രാജ്യത്തെ ഏറ്റവും വലിയ യുവജന സംവാദമത്സരം 'ഫെഡറൽ ബാങ്ക് സ്റ്റിക്ക് ഫോർ ഇന്ത്യ' സംഘടിപ്പിച്ചു. വധശിക്ഷ നീതി നടപ്പാക്കുന്നില്ല എന്നതായിരുന്നു വിഷയം.

**10. എൻഡോമെന്റ് ലെക്ചർ സംഘടിപ്പിച്ചു.**

കോളേജിലെ കെമിസ്ട്രി അലുമിനി അസോസിയേഷൻ അഞ്ചാമത് എൻഡോമെന്റ് ലെക്ചർ കവിപ്രതിഭാ ഹാളിൽ വച്ച് സംഘടിപ്പിച്ചു. ഭാഭ അറ്റോമിക് റിസർച്ച് സെന്റർ, മുംബൈയിലെ മുൻ സയന്റിഫിക് ഓഫീസർ ഡോ. വി. വേണുഗോപാൽ നേതൃത്വം നൽകി.

**11. പ്രഭാഷണം സംഘടിപ്പിച്ചു**

തൃശ്ശൂരിലെ എൽത്തുരുത്ത് സെന്റ് അലോഷ്യസ് കോളേജിലെയും തൃശ്ശൂരിലെ ശ്രീ സി. അച്യുത മേനോൻ ഗവൺമെന്റ് കോളേജിലെയും ഇംഗ്ലീഷ് വകുപ്പുകളുമായി സഹകരിച്ച് കോളേജിലെ ഇംഗ്ലീഷ് വകുപ്പും സ്റ്റാർസും ചേർന്ന് ഒരു വിശിഷ്ട പ്രഭാഷണം സംഘടിപ്പിച്ചു. സെഷനിൽ റിസോഴ്സ് പേഴ്സൺ ആയി ഫാ. ജെയ്സൺ കൂനംപ്ലാക്കൽ പങ്കെടുത്തു, 'പോസ്റ്റ്ഫിനോമെനോളജിക്കൽ ടൈംസിലെ ഹെർമെന്യൂട്ടിക്കൽ അധികവും സാഹിത്യ വായനകളും' എന്ന വിഷയത്തിൽ അവർ ഉൾക്കാഴ്ച നൽകുന്ന ഒരു പ്രഭാഷണം നടത്തി.

**12. ഇന്റർനാഷണൽ കോൺഫറൻസ് ഓൺ സോഷ്യൽ സയൻസ്**

തരണനെല്ലൂർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഇരിങ്ങാലക്കുടയിൽ സെന്റ് തോമസ് കോളേജ് തൃശ്ശൂരും, കോളേജ് ഓഫ്

ഗ്രാഡ്യൂയേറ്റ് സ്റ്റഡി ഇൻ മാനേജ്മെന്റും, കോൺ കേൻ യൂണിവേഴ്സിറ്റി തായ്ലന്റും ആൻഡ് ഡി.എം.ഐ സെന്റ്. യുജിൻ യൂണിവേഴ്സിറ്റി സാമ്പിയയും സംയുക്തമായി ഇന്റർനാഷണൽ കോൺഫറൻസ് ഓൺ സോഷ്യൽ സയൻസ് എന്ന പരിപാടി സംഘടിപ്പിച്ചു.

**13. മെറിറ്റ് ഡേ**

കെമിസ്ട്രി റിസർച്ച് ആൻഡ് പിജി വിഭാഗം മെറിറ്റ് ദിനാചരണം നടത്തി. പ്രൊഫ. ജോസ് മേച്ചേരിയുടെ എൻഡോവ്മെന്റ് പ്രഭാഷണവും കവിപ്രതിഭാ ഹാളിൽ നടന്നു.

**14. കോളേജ് ഡേ**

സെന്റ് തോമസ് കോളേജിൽ കോളേജ് ഡേയും എഥിനിക്ക് ഡേയും ആഘോഷിച്ചു. വൺസ് അപ്പൺ ഏ ടൈമ് എന്ന മ്യൂസിക്ക് ബാൻഡ് പരിപാടി അവതരിപ്പിച്ചു.

**15. പ്രൊഫ. പി.എൽ യേശുദാസ് മെറിറ്റ് ഡേ**

കോളേജിലെ സുവോളജി റിസർച്ച് ആൻഡ് പി.ജി. ഡിപാർട്ട്മെന്റും സ്റ്റാർസും ചേർന്ന് പ്രൊഫ. പി.എൽ. യേശുദാസൻ മെമ്മോറിയൽ മെറിറ്റ് ഡേ നടത്തി. മെറിറ്റ്ഡേയോട് അനുബന്ധിച്ച് പൊതുവായ ദന്ത പ്രശ്നങ്ങൾ: കാരണങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ പ്രഭാഷണം സംഘടിപ്പിച്ചു. ഡോ.ഡേവിസ് തോമസ് ആണ് പ്രഭാഷണം നടത്തിയത്.

**16. ബ്രോഡ്കാസ്റ്റ്: റെവല്യൂഷൻ ഇന്നൊവേഷൻസ് ഇൻ റേഡിയോ ആങ്കറിങ്ങ്**

ബ്രോഡ്കാസ്റ്റ്: റെവല്യൂഷൻ ഇന്നൊവേഷൻസ് ഇൻ റേഡിയോ ആങ്കറിങ്ങ് എന്ന വിഷയത്തിൽ മീഡിയ സ്റ്റഡീസ് വിഭാഗം വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ശിൽപശാല നടത്തി. ആർ.ജെ വിനീത് ശിൽപശാലയ്ക്ക് നേതൃത്വം നൽകി.

**17. ദേശീയ സമ്മേളനം**

സെന്റ് തോമസ് കോളേജിലെ ഐ.ക്യു.എ.സി, സ്റ്റാർസ് എന്നിവയുമായി ചേർന്ന് ഡാറ്റാ സയൻസ് ഡിപ്പാർട്ട്മെന്റ് ഡാറ്റാ സയൻസിലെയും ക്ലൗഡ് കമ്പ്യൂട്ടിംഗിലെയും ഉയർന്നുവരുന്ന പ്രവണതകളെക്കുറിച്ചുള്ള രണ്ടാമത്തെ ദേശീയ സമ്മേളനം നടത്തി. മികച്ച പേപ്പറിനുള്ള അവാർഡും മികച്ച അവതരണത്തിനുള്ള അവാർഡും ഡാനിഷ് സേവ്യർ, സീനിയർ എ.ഐ എഞ്ചിനീയറുടെ പ്രസംഗവുമാണ് പരിപാടിയുടെ പ്രധാന ആകർഷണങ്ങൾ.

**18. ഇന്നൊവേഷൻ സംഘടിപ്പിച്ചു**

സെന്റ് തോമസ് കോളേജിലെ ഐ.ക്യു.എ.സി, റിസർച്ച് ഡിപ്പാർ

ട്ട്മെന്റ് ഓഫ് കൊമേഴ്സ്, ഐ.ഇ.ഡി.സി ആന്റ് ഐ.ഐ.സി എന്നിവർ സംയുക്തമായി പ്രോസസ് ഓഫ് ഇന്നൊവേഷൻ ഡെവലപ്മെന്റ്, ടെക്നോളജി റെഡിനസ് ലെവൽ എന്നിവയെക്കുറിച്ച് വിദഗ്ധ സംഭാഷണം സംഘടിപ്പിച്ചു. ബീക്കൺ എനർജി സ്റ്റോറേജ് സിസ്റ്റംസ് മാനേജിംഗ് ഡയറക്ടർ ശ്രീ. ജോസഫ് കണിച്ചായായിരുന്നു റിസോഴ്സ് പേഴ്സൺ.

**19. പ്ലേസ്മെന്റ് സെൽ**

പ്ലേസ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ ബിരുദ വിദ്യാർത്ഥികൾക്കായി വിവിധ ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു. സെല്ലിന്റെ ആഭിമുഖ്യത്തിൽ നടന്ന പ്ലേസ്മെന്റ് സെൽ ഡ്രൈവിൽ വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. അസെഞ്ചർ (91), ജി.ഐ.സി.ഇ (29) കെ 2 ടെക്നോ സർവ്വീസ് (17), മൈക്കിൾസ് അക്കാദമി (9) ഇൻഫോസിസ് (8), കോഡ് യങ്ങ് (5), ടാൾ റോപ് (3), വിദ്യാലി (3), ടീച്ച് ഫോർ ഇന്ത്യ (1), ടി.സി.എസ് (1).

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മാനേജർ

**മെസ്റ്റിൻ പി.സി**
PRO

## മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര

**ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2023-2025 ബാച്ച് വിദ്യാർത്ഥികൾക്കായി ജോബ് ഫെസ്റ്റ് മാർച്ച് 5-ാം തിയ്യതി സംഘടിപ്പിച്ചു. ഭാരതീയ വിദ്യ ഭവൻസ് എസ്.രാമകൃഷ്ണൻ മെമ്മോറിയൽ പബ്ലിക് സ്കൂൾ അകമല, സെന്റ് ജോസഫ് സ്കൂൾ കുരിയച്ചിറ തുടങ്ങിയ സ്കൂളുകൾ പങ്കെടുത്തു. നിരവധി വിദ്യാർത്ഥികൾ ജോബ് ഫെസ്റ്റിൽ പങ്കെടുത്തു.

**വുമൺസ് ഡേ ആഘോഷിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024-2026 ബാച്ച് വിദ്യാർത്ഥികൾക്കായി ആന്റി അടാട്ട് ക്ലബ്ബിന്റെ നേതൃത്വത്തിൽ മാർച്ച് 7-ാം തിയ്യതി ഇന്റർനാഷണൽ വുമൺസ് ഡേ ആഘോഷിച്ചു. കോളേജ് സ്റ്റാഫ് സെക്രട്ടറി ഷീബ വി.ജോസ് വുമൺസ് ഡേ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

**ചാർട്ട്, മോഡൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024–2026 ബാച്ച് വിദ്യാർത്ഥികൾക്കായി ചാർട്ട് മോഡൽ വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. മാർച്ച് 11–ാം തിയ്യതി മോഡൽ വർക്ക്ഷോപ്പും സംഘടിപ്പിച്ചു

**കോളേജ് ഡേ ആഘോഷിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ മാർച്ച് 14–ാം തിയ്യതി കോളേജ് ഡേ ആഘോഷിച്ചു. കോളേജ് മാനേജർ മോൺ. ജോസ് കോനിക്കര കോളേജ് ഡേ ഉദ്ഘാടനം ചെയ്തു സംസാരിച്ചു. കോളേജ് ബർസാർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് മുഖ്യപ്രഭാഷണം നടത്തി. കോളേജ് പ്രിൻസിപ്പൽ റവ. ഡോ. ചാക്കോ ചിറമ്മൽ കോളേജ് റിപ്പോർട്ട് അവതരിപ്പിച്ചു. മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2023–2025 ബാച്ച് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കോളേജ് മാഗസിൻ മോൺ. ജോസ് കോനിക്കര പ്രകാശനം ചെയ്തു. കോളേജ് അസിസ്റ്റന്റ് മാനേജർ റവ. ഡോ. ഷിജു ചിറ്റിലപ്പിള്ളി, സ്റ്റാഫ് പ്രതിനിധി ആതിര എസ്. കുമാർ, ജി.ടി.എ പ്രസിഡന്റ് ഷലീൽ എസ്, സിജോ തോമസ്, കോളേജ് സ്റ്റാഫ് സെക്രട്ടറി ഷീബ വി.ജോസ്, ഐ.ക്യു.എ.സി കോഡിനേറ്റർ ശ്രീവിദ്യ രാധാകൃഷ്ണൻ കോളേജ് ചെയർപേഴ്സൺ ശ്രീലക്ഷ്മി.എം, ശ്രീരാം, കോളേജ് ജനറൽ സെക്രട്ടറി ജിയ എ.ജെ, കോളേജ് സ്പോർട്സ് ക്യാപ്റ്റൻ ജീസ്മോൻ പി.ജെ എന്നിവർ സന്നിഹിതരായിരുന്നു. വിദ്യാർത്ഥികൾ വിവിധങ്ങളായ കലാപരിപാടികൾ അവതരിപ്പിച്ചു.

**സെക്കന്റ് ജി.ടി.എ മീറ്റിംഗ് സംഘടിപ്പിച്ചു**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിൽ സെക്കന്റ് ഗാർഡിയൻ ടീച്ചർ അസോസിയേഷൻ (ജി.ടി.എ) മീറ്റിംഗ് മാർച്ച് 17–ാം തിയ്യതി ഉച്ചയ്ക്ക് 1.30ന് കോളേജ് പ്രിൻസിപ്പൽ റവ.ഡോ. ചാക്കോ ചിറമ്മൽ ഉദ്ഘാടനം നിർവ്വഹിച്ചു. പ്രസിഡന്റ് സിജോ തോമസ് ആശംസകൾ നേർന്നു സംസാരിച്ചു.

**സെക്കന്റ് സെമസ്റ്റർ മോഡൽ എക്സാം നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2024–2026 ബാച്ച് വിദ്യാർത്ഥികൾക്കായി മാർച്ച് 24–ാം തിയ്യതി മുതൽ മാർച്ച് 27–ാം തിയ്യതി വരെ സെക്കന്റ് സെമസ്റ്റർ മോഡൽ എക്സാം നടത്തി.

**ഷെയറിംഗ് സെഷൻ നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2023–2025 ബാച്ച് വിദ്യാർത്ഥികൾക്കായി മാർച്ച് 27–ാം തിയ്യതി ഷെയറിംഗ്

സെഷൻ നടത്തി. വിദ്യാർത്ഥികൾ രണ്ടു വർഷക്കാലത്തെ അനുഭവങ്ങൾ പങ്കുവെച്ചു.

**സെന്റ് ഓഫ് മീറ്റിംഗ് നടത്തി**

മുള്ളൂർക്കര മഹാജൂബിലി ട്രെയിനിംഗ് കോളേജിലെ 2023-2025 ബാച്ച് വിദ്യാർത്ഥികളുടെ സെന്റ് ഓഫ് മീറ്റിംഗ് മാർച്ച് 28-ാം തിയ്യതി നടത്തി.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പൽ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി. മാനേജർ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. യാത്രയയപ്പ് സമ്മേളനവും വിജയോത്സവവും**

കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിൽ വരുന്ന വിദ്യാലയങ്ങളിലെ ജീവനക്കാരിൽ ഈ വർഷം സർവീസിൽ നിന്ന് വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങൾക്ക് യാത്രയയപ്പും ഏജൻസിയുടെ കീഴിൽ വരുന്ന വിദ്യാലയങ്ങളിൽ നിന്ന്, ഒന്നു മുതൽ ഒൻപതു വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് കേന്ദ്രീകൃത മൂല്യനിർണ്ണയ പരീക്ഷകളിലൂടെ മികച്ച പ്രകടനം കാഴ്ചവച്ച വിദ്യാർത്ഥികളെയും വിദ്യാലയങ്ങളെയും കണ്ടെത്തി വിജയോൽസവവും സംഘടിപ്പിച്ചു. DBCLC ഓഡിറ്റോറിയത്തിൽ വച്ച് 2025 മാർച്ച് 12 ന് (ബുധൻ) ഉച്ചതിരിഞ്ഞ് നടത്തിയ ചടങ്ങിന് അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം നിർവഹിക്കുകയും വിരമിക്കുന്ന സ്റ്റാഫ് അംഗങ്ങൾക്കുള്ള മെമെന്റോയും മികച്ച വിദ്യാലയങ്ങൾക്കുള്ള ട്രോഫി കൈമാറുകയും ചെയ്തു. വികാരി ജനറൽ മോൺ. ജോസ് കോനിക്കര അധ്യക്ഷത വഹിച്ചു.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

**ഏപ്രിൽ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 2,3,4– 9,10,11– 23,24,25– 30, മെയ് 1, 2. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺ ലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്.

ഓൺലൈൻ വഴി ബുക്ക് ചെയ്യാനുള്ള സെറ്റാണിത് trichurfamilyapostolate.org നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2024 നവംബർ, ഡിസംബർ, 2025 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർ പരിശീലനമാണ് ഏപ്രിൽ 12 ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

'ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം' എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
**ഫാ. ജോജോ എടത്തിരുത്തി**
അസി. ഡയറക്ടർമാർ

# കുടുംബക്കൂട്ടായ്മ

**ഫൊറോന ആനിമേറ്റേഴ്സിന്റെയും വർക്കിങ്ങ് കമ്മിറ്റിയുടെയും സംയുക്ത യോഗം**

16 ഫൊറോനകളിലെ കുടുംബകൂട്ടായ്മ ആനിമേറ്റേഴ്സ് അച്ചന്മാരുടെയും ഫൊറോന കൺവീനർമാരുടെയും അതിരൂപത ഭാരവാഹികളുടെയും സംയുക്ത യോഗം മാർച്ച് 10-ാം തിയ്യതി തിങ്കളാഴ്ച്ച കാലത്ത് 11 മണിക്ക് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് നടന്നു. 2025 ഏപ്രിൽ- 2026 മാർച്ച് വരെയുള്ള കുടുംബകൂട്ടായ്മ വാർഷിക പദ്ധതി ചർച്ച ചെയ്ത് പാസാക്കി. യോഗത്തിൽ പങ്കെടുത്ത ആനിമേറ്റർ അച്ചന്മാർക്കും ഫൊറോന കൺവീനർമാർക്കും അതിരൂപത കുടുംബകൂട്ടായ്മയുടെ പ്രത്യേക നന്ദി.

**അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡിയും വാർഷിക പദ്ധതി പ്രകാശനവും**

തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ ജനറൽബോഡി യോഗം മാർച്ച 15-ാം തിയ്യതി ശനിയാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉച്ചയ്ക്ക് ശേഷം 2.30 ന് നടന്നു. പ്രസ്തുത യോഗത്തിൽ റിപ്പോർട്ടും, കണക്കും അവതരിപ്പിക്കുകയും 2025 - 2026 വർഷത്തെ അതിരൂപത, ഫൊറോന, ഇടവക, കുടുംബ തലത്തിലെ പ്രവർത്തനങ്ങളുടെ മാർഗ്ഗരേഖയായ വാർഷിക പദ്ധതിയുടെ പ്രകാശന കർമ്മം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിക്കുകയും ചെയ്തു. അതിരൂപത ജനറൽബോഡി അംഗങ്ങൾക്ക് പുറമെ ഇടവകയിൽ നിന്ന് പ്രത്യേക ക്ഷണിതാക്കളായി കേന്ദ്ര സമിതി കൺവീനർമാർ ഈ യോഗത്തിൽ പങ്കെടുത്തു. പരേസിയ 2K25 ന്റെ ഇടവകയിലേക്കുള്ള പോസ്റ്ററും മെമന്റോ പാസും വാർഷിക പദ്ധതിയും യോഗത്തിന് ശേഷം വിതരണം ചെയ്തു.

**മാതൃക യൂണിറ്റ് തിരഞ്ഞെടുപ്പ്**

അതിരൂപതയിലെ എല്ലാ കുടുംബകൂട്ടായ്മകളിൽ നിന്നും നിശ്ചിത മാർക്ക് കിട്ടുന്ന കുടുംബയൂണിറ്റുകളെ മാതൃക കുടുംബ യൂണിറ്റുകളായി തെരഞ്ഞെടുക്കുന്നു. അതിനായി 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കുടുംബകൂട്ടായ്മയുടെ റിപ്പോർട്ടും ഹാജരും പ്രവർത്തനങ്ങളുടെ ഫോട്ടോയും അടക്കം ഇടവക വികാരിയും ഇടവക കേന്ദ്രസമിതി കൺവീനറും സാക്ഷ്യപ്പെടുത്തി 2025 ഏപ്രിൽ 10-ാം തിയ്യതിക്കകം കുടുംബകൂട്ടായ്മ

ഓഫീസിൽ എത്തിക്കേണ്ടതാണ്.

**പാലയൂർ ജാഗരണ പദയാത്ര & തീർത്ഥാടനം**

ഏപ്രിൽ 6-ാം തിയ്യതി നടക്കുന്ന അതിരൂപത പാലയൂർ തീർത്ഥാടന പദയാത്രയിൽ ഇടവകകളിൽ നിന്നുള്ള കുടുംബകൂട്ടായ്മ ഭാരവാഹികളുടെയും കുടുംബകൂട്ടായ്മ അംഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുമല്ലോ. ഇതിനു മുന്നോടിയായുള്ള ജാഗരണ പദയാത്രയിൽ കുടുംബകൂട്ടായ്മയുടെ നിശ്ചയിക്കപ്പെട്ട ദിവസമായ മാർച്ച് 21-ാം തിയ്യതി വെള്ളിയാഴ്ച്ച രാത്രി 9.00 ന് പുത്തൻപള്ളിയിൽ നിന്ന് ആരംഭിച്ച പദയാത്രക്കായി എത്തിച്ചേർന്ന കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് പ്രത്യേക നന്ദി.

**മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

കുടുംബകൂട്ടായ്മയുടെ സ്ഥാപക പിതാവും 'പാവങ്ങളുടെ പിതാവ്' എന്ന അപരനാമത്തിൽ ലോകമെങ്ങും അറിയപ്പെട്ട തൃശ്ശൂർ അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്ത മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ 27-ാം ചരമ വാർഷികത്തോടനുബന്ധിച്ച് ഈ വർഷവും തൃശ്ശൂർ അതിരൂപത കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ 2025 ഏപ്രിൽ 26-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ഫാമിലി അപ്പസ്റ്റോലേറ്റിൽ വെച്ച് മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം സംഘടിപ്പിക്കുന്നു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ഉദ്ഘാടനം നിർവ്വഹിക്കുന്ന അനുസ്മരണ യോഗത്തിലേക്ക് അതിരൂപത, ഫൊറോന, ഇടവക കുടുംബകൂട്ടായ്മ പ്രതിനിധികളെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. ഈ യോഗത്തിൽ വച്ച് അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് നടത്തിയ മത്സരത്തിന്റെ സമ്മാനവിതരണം നിർവ്വഹിക്കുന്നതായിരിക്കും. ഇതിന് മുന്നോടിയായി ഏപ്രിൽ 22-ാം തിയ്യതി രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ ജൂബിലി മിഷ്യൻ മെഡിക്കൽ കോളേജിൽ കുണ്ടുകുളം പിതാവിനോടുള്ള അനുസ്മരണാർത്ഥം രക്തദാന ക്യാമ്പ് സംഘടിപ്പിക്കുന്നു. ഒരു ഇടവകയിൽ നിന്ന് ഒരു കുടുംബകൂട്ടായ്മ ഭാരവാഹി എങ്കിലും രക്തദാനം ചെയ്യുവാനായി മുന്നോട്ടു വരുമല്ലോ.

**കുടുംബകൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2025- 2028**

2025 - 2028 കാലയളവിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് താഴെ പറയുന്ന രീതിയിലായിരിക്കും.

യൂണിറ്റ് തല തിരഞ്ഞെടുപ്പ് - ജൂൺ, ജൂലായ് മാസങ്ങളിൽ

ഇടവക കേന്ദ്രസമിതി തിരഞ്ഞെടുപ്പ് - ആഗസ്റ്റ് മാസത്തിൽ

ഫൊറോന തിരഞ്ഞെടുപ്പ്- സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ

അതിരൂപത തിരഞ്ഞെടുപ്പ് - ഡിസംബർ മാസത്തിൽ

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**പ്രൊഫ. ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**പ്രാർത്ഥനാദിനം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപതാതല പ്രാർത്ഥനാദിനമാണ് ഏപ്രിൽ 8-ാം തിയ്യതി ചൊവ്വാഴ്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് 9.30 am - 1.00 pm വരെ കൂടുന്നത്. 9.30 ന് ജപമാലയോടുകൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**പ്രത്യാശയുടെ തീർത്ഥാടകർ - പഠന പരമ്പര**

തൃശ്ശൂർ അതിരൂപതയിലെ മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാർക്കായി സഭയിലും സമൂഹത്തിലും നേതൃത്വ നിരയിലേക്ക് വളരുക എന്ന ലക്ഷ്യത്തോടെ ഒരു വർഷം നീണ്ടു നിൽക്കുന്ന പ്രത്യാശയുടെ തീർത്ഥാടകർ പഠന പരമ്പരയുടെ ഒന്നാമത്തെ ക്ലാസ്സ് ഏപ്രിൽ 8-ാം തിയ്യതി ചൊവ്വാഴ്ച്ച 11 മണി മുതൽ 1 മണി വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ പഠന പരമ്പരയിലേക്ക് താൽപര്യമുള്ള എല്ലാ മാതൃവേദി അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഈ പ്രാവശ്യം നടത്തേണ്ടത് ബസിലിക്ക ഫൊറോനയിലെ ഇടവക

കളാണ്. താൽപര്യമുള്ളവർ ഏപ്രിൽ 8-ാം തിയ്യതി ചൊവ്വാഴ്ച്ച 9.30 am- 1.00 pm കൊണ്ടുവരാവുന്നതാണ്.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഫാ. അനീഷ് കൂത്തൂർ**
അസി. ഡയറക്ടർ

**ശ്രീമതി ഉജ്ജ്വല ബിജു**
പ്രസിഡണ്ട്

**ശ്രീമതി റീന വർഗ്ഗീസ്**
സെക്രട്ടറി

## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി. കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഏപ്രിൽ 7 തിങ്കൾ വൈകീട്ട് 5.30 മുതൽ 7.00 വരെ നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയി ലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഏലീശ്വാ സഹഗമനം**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെയും ഹോളി ഫാമിലി സിസ്റ്റേഴ്സിന്റേയും നേതൃത്വത്തിൽ നല്ല കുഞ്ഞു ങ്ങൾ പിറക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഏലീശ്വാ സഹഗമനം ഏപ്രിൽ മാസത്തെ ഓൺലൈൻ ആരാധനയും ക്ലാസ്സും ഏപ്രിൽ 13-ാം തിയ്യതി ഞായറാഴ്ച്ച വൈകീട്ട് 5.45 മുതൽ 6.45 വരെ ഉണ്ടായിരിക്കുന്നതാണ്. ഇതിലേയ്ക്ക് എല്ലാ ഗർഭിണികളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഓൺലൈൻ ലിങ്ക് പിന്നീട് അയച്ചു തരുന്നതാണ്. കൂടുതൽ വിവരങ്ങൾ അറിയാൻ ആഗ്രഹിക്കുന്നവർ ഇതോടൊപ്പമുള്ള നമ്പറിൽ വിളിക്കേണ്ടതാണ് 7736106824.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

**LOAF COUPLES RETREAT**

ദമ്പതികൾക്കായി ലോഫ് ഒരുക്കുന്ന അടുത്ത ദമ്പതി ധ്യാനം മെയ് 16,17,18 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ സ്പിരിച്ച്വൽ ആനിമേഷൻ സെന്റർ, ആമ്പല്ലൂരിൽ വച്ച് സംഘടിപ്പിക്കുന്നു. മെയ് 16 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ 15 ഞായറാഴ്ച വൈകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF ANNUAL RETREAT**

ലോഫ് കുടുംബങ്ങളുടെ വാർഷിക ധ്യാനം ഏപ്രിൽ 12,13,14 തിയ്യതികളിലായി സെന്റ് ജോസഫ്സ് സ്കൂൾ കുരിയച്ചിറയിൽ വെച്ച് നടത്തപ്പെടുന്നു. ഇടുക്കി രൂപത ഡിവൈൻ മെഴ്സി റിട്രീറ്റ് സെന്ററിന്റെ ഡയറക്ടറായ റവ. ഫാ. ജെയിംസ് മാക്കിയിലിന്റെ നേതൃത്വത്തിലാണ് ധ്യാനം നയിക്കപ്പെടുന്നത്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**LOAF ACADEMIC SESSION**

ലോഫ് അക്കാഡമിക് സെക്ഷൻ ഏപ്രിൽ 27-ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്. എല്ലാ കുടുംബങ്ങളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**സ്വയം തൊഴിൽ കണ്ടെത്താം; സഹായത്തിനുണ്ട് സർക്കാർ പദ്ധതികൾ**

സംരംഭ മേഖലയിൽ കാതലായ മാറ്റങ്ങൾ സംഭവിച്ച വർഷമാണ് കടന്നുപോയത്. തൊഴിൽ അന്വേഷകനിൽനിന്ന് തൊഴിൽ ദാതാവാ

യുള്ള മാറ്റത്തിന് അനുകൂലമായ ഒരു സാമൂഹിക അന്തരീക്ഷം കേരളത്തിൽ രൂപപ്പെട്ടുകഴിഞ്ഞു. ഈ സാഹചര്യം ഉപയോഗപ്പെടുത്താൻ, സംസ്ഥാന സർക്കാരിന്റെ തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്കായി വിവിധ സഹായ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. ഗ്രൂപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിന് മൾട്ടിപർപ്പസ് ജോബ് ക്ലബ്, കേരളത്തിൽ രജിസ്റ്റർ ചെയ്ത തൊഴിൽരഹിതർക്കുള്ള കെസ്റു, വിധവകൾക്കും വിവാഹ മോചിതർക്കുമുള്ള ശരണ്യ, ഭിന്നശേഷിക്കാർക്കുള്ള കൈവല്യ, മുതിർന്ന പൗരൻമാർക്കും ഉപയോഗപ്പെടുത്താവുന്ന നവജീവൻ എന്നിങ്ങനെ അഞ്ച് സ്വയംതൊഴിൽ പദ്ധതികളാണ് നിലവിലുള്ളത്.

**മൾട്ടിപർപ്പസ് ജോബ് ക്ലബ്: 10 ലക്ഷംവരെ വായ്പ**

സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് രണ്ടുമുതൽ അഞ്ചുവരെ അംഗങ്ങളുള്ള ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപവരെ വായ്പ ലഭിക്കുന്ന പദ്ധതിയാണ് മൾട്ടിപർപ്പസ് ജോബ് ക്ലബ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളവർക്കാണ് ഇത് ലഭ്യമാകുക. ധനകാര്യസ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

**അർഹതയും മുൻഗണനയും**

ചെറുകിട ഉൽപ്പാദന, സേവന സംരംഭങ്ങൾ, ഭക്ഷ്യസംസ്കരണം, കാർഷിക മൂല്യവർധന, ഫാമിങ്, കച്ചവടം തുടങ്ങി എല്ലാത്തരം സംരംഭങ്ങൾക്കും വായ്പ ലഭിക്കും. ആകെ പദ്ധതി ചെലവ് 10 ലക്ഷം രൂപയിൽ കൂടരുത്. അപേക്ഷകരുടെ കുടുംബവാർഷിക വരുമാനം പരമാവധി ഒരു ലക്ഷം രൂപയും പ്രായം 25നും 45നു മിടയിലുമായിരിക്കണം. പട്ടികജാതി, പട്ടികവർഗം, ഭിന്നശേഷിക്കാർ എന്നീ വിഭാഗങ്ങൾക്ക് ഉയർന്ന പ്രായപരിധി 50 വയസ്സായിരിക്കും.

ബിരുദമുള്ള സ്ത്രീകൾ, പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയവർ, തൊഴിൽരഹിത വേതനം കൈപ്പറ്റുന്നവർ, പോളിടെക്നിക്, ഐടിഐ എന്നിവിടങ്ങളിൽനിന്ന് വിവിധ ട്രേഡുകളിൽ സർട്ടിഫിക്കറ്റ് നേടിയവർ, വിവിധ വകുപ്പുകൾ നടത്തുന്ന തൊഴിൽ പരിശീലനം വഴി കാര്യക്ഷമതാ സർട്ടിഫിക്കറ്റ് നേടിയ പരമ്പരാഗത തൊഴിലാളികൾ എന്നിവർക്ക് പദ്ധതിയിൽ മുൻഗണന ലഭിക്കും.

**സംരംഭക വിഹിതവും സബ്സിഡിയും**

പദ്ധതി ചെലവിന്റെ 10 ശതമാനം ഗുണഭോക്തൃ വിഹിതമായി സംരംഭകർ കണ്ടെത്തേണ്ടതാണ്. 25 ശതമാനം (പരമാവധി രണ്ട് ലക്ഷം രൂപ) സർക്കാർ സബ്സിഡിയായി നൽകും. ക്രെഡിറ്റ്

ഗ്യാരന്റി സ്കീം വഴി പുറമെനിന്നുള്ള ഈട് ഒഴിവാക്കിയാണ് പൊതുവിൽ ഈ വായ്പ അനുവദിക്കുന്നത്. തിരിച്ചടവ് ജോബ് ക്ലബ് അംഗങ്ങളുടെ കൂട്ടുത്തരവാദിത്വമായിരിക്കും.

**കെസ്റു-കേരള സംസ്ഥാന സ്വയംതൊഴിൽ പദ്ധതി**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടും തൊഴിൽ ലഭിച്ചിട്ടില്ലാത്തവർക്കായി സംസ്ഥാന സർക്കാർ ആരംഭിച്ച സ്വയംതൊഴിൽ പദ്ധതിയാണിത്. കുറഞ്ഞ മുതൽമുടക്കിൽ ഉൽപ്പാദന, വാണിജ്യ, സേവന സംരംഭങ്ങൾ ഈ പദ്ധതിയിലൂടെ തുടങ്ങാം. വ്യക്തിഗതമായോ ഗ്രൂപ്പായോ സംരംഭം ആരംഭിക്കാവുന്നതാണ്.

**വായ്പയും യോഗ്യതയും**

കെസ്റു പദ്ധതിയിൽ പരമാവധി ഒരു ലക്ഷം രൂപ വായ്പ ലഭിക്കും. ഗ്രൂപ്പ് സംരംഭമാണെങ്കിൽ ഗ്രൂപ്പിലെ ഒരംഗത്തിന് ഒരു ലക്ഷം രൂപവീതം കിട്ടും. വായ്പയുടെ 20 ശതമാനം (20,000 രൂപ) സബ്സിഡിയും ലഭിക്കും. ധനകാര്യ സ്ഥാപനങ്ങളുമായി ചേർന്നാണ് സർക്കാർ ഈ പദ്ധതിയും നടപ്പാക്കുന്നത്.

അപേക്ഷകരുടെ പ്രായം 21നും 50 നും ഇടയിലായിരിക്കണം. കുടുംബ വാർഷികവരുമാനം ഒരു ലക്ഷം രൂപയിൽ അധികമായിരിക്കരുത്. മലയാളം വായിക്കാനും എഴുതാനുമറിയണം. വിദ്യാർഥികൾക്ക് ഈ പദ്ധതിക്ക് അപേക്ഷിക്കാൻ അർഹതയില്ല. കെസ്റു പ്രയോജനപ്പെടുത്തുന്നവരെ എംപ്ലോയ്മെന്റ് വഴിയുള്ള താൽക്കാലിക നിയമനങ്ങൾക്ക് പരിഗണിക്കില്ല. എന്നാൽ, സ്ഥിരനിയമങ്ങൾക്ക് അർഹതയുണ്ടാകും.

**സ്ത്രീകൾക്ക് മാത്രമായി ശരണ്യ**

അശരണരായ സ്ത്രീകളോടുള്ള സംസ്ഥാന സർക്കാരിന്റെ കരുതലാണ് ശരണ്യ സ്വയംതൊഴിൽ വായ്പ പദ്ധതി. തൊഴിൽ രഹിതരായ വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ, ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, കിടപ്പിലായ രോഗിയുടെ ഭാര്യ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗത്തിലെ വിവാഹം കഴിക്കാത്ത അമ്മമാർ തുടങ്ങിയവർക്ക് ഇതിന് അപേക്ഷിക്കാം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ രജിസ്ട്രേഷനുണ്ടായിരിക്കണം. വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ താഴെയായിരിക്കണം.

**പലിശയില്ലാതെ 50,000 രൂപ, 50 ശതമാനം സബ്സിഡി**

ഉൽപ്പാദന, സേവന, കച്ചവട, സംരംഭങ്ങൾ ആരംഭിക്കുന്നതിന്

പരമാവധി 50,000 രൂപവരെ പലിശ രഹിത വായ്പ ലഭിക്കും. ആകെ പദ്ധതി ചെലവിന്റെ 10 ശതമാനം സംരംഭക കണ്ടെത്തേണ്ടതാണ്. വായ്പയുടെ 50 ശതമാനം (25,000 രൂപ) സബ്സിഡിയായി ലഭിക്കും. ശരണ്യ സംരംഭങ്ങൾ വീടുകളിലും തുടങ്ങാവുന്നതാണ്.

**മുതിർന്ന പൗരൻമാർക്ക് നവജീവൻ**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള മുതിർന്ന പൗരർക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ നടപ്പാക്കുന്ന പദ്ധതിയാണ് നവജീവൻ. മുതിർന്ന പൗരർക്ക് വായ്പ നൽകാൻ ധനകാര്യസ്ഥാപനങ്ങൾ പൊതുവെ വിമുഖത കാണിക്കുന്ന കാലത്ത് അവർക്ക് വരുമാനവും സാമൂഹിക സുരക്ഷയും ഉറപ്പാക്കാൻ ഈ പദ്ധതി സഹായിക്കും.

**25 ശതമാനം സ്ത്രീകൾക്ക്**

50,000 രൂപവരെയാണ് ഈ പദ്ധതിയിൽ വായ്പ ലഭിക്കുക. ഇതിന്റെ 25 ശതമാനം (12,500 രൂപ) സബ്സിഡിയായി ലഭിക്കും. ഒരു ലക്ഷം രൂപയിലധികം വാർഷിക വരുമാനമില്ലാത്ത, 50 നും 65 നുമിടിയിൽ പ്രായമുള്ളവർക്ക് അപേക്ഷിക്കാം. ആകെ വായ്പയുടെ 25 ശതമാനം സ്ത്രീകൾക്കും 25 ശതമാനം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്കു (ബിപിഎൽ)മായി മാറ്റിവച്ചിട്ടുണ്ട്. ഭിന്നശേഷിക്കാർക്കും 55 വയസ്സ് കഴിഞ്ഞ വിധവകൾക്കും മുൻഗണന ലഭിക്കും.

**ലഭ്യമാകും സൗജന്യ പരിശീലനം**

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപ്പാക്കുന്ന സംരംഭക സഹായ പദ്ധതികൾക്ക് ജില്ലാതലങ്ങളിൽ ലീഡ് ബാങ്കുകൾ നടത്തുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾവഴി സൗജന്യ പരിശീലനം നേടുന്നതിന് എംപ്ലോയ്മെന്റ് വകുപ്പ് അവസരം ഒരുക്കിയിട്ടുണ്ട്.

**എങ്ങനെ അപേക്ഷിക്കാം**

സ്വയംതൊഴിൽ സഹായ പദ്ധതികളുടെ അപേക്ഷാഫോറവും കൂടുതൽ വിവരങ്ങളും അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലഭ്യമാകും. അപേക്ഷാഫോറം https://employment.kerala.gov.in എന്ന വെബ്സൈറ്റിൽനിന്ന് ഡൗൺലോഡും ചെയ്യാം.

**77,200/ രൂപ തുടക്ക ശമ്പളത്തോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിൽ (KAS) ജോലി**

കേരള സർക്കാർ സ്ഥാപനമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഓഫീസിൽ KAS Officer Trainee പോസ്റ്റിലേക്കുള്ള പരിമിതമായ ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. EWS റിസർവേഷൻ ബാധകമാണ്. അപേക്ഷിക്കേണ്ട തീയതി : 2025 മാർച്ച് 7 മുതൽ 2025 ഏപ്രിൽ 9 വരെ. ഒഴിവുകൾ: 31. അപേക്ഷ ഫീസ്: ഇല്ല

ശമ്പള തുക: 77,200/- 1,40,500/

വിദ്യാഭ്യാസ യോഗ്യത- ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നും ലഭിച്ച ബിരുദം

പ്രായപരിധി

Stream 1 : 21 – 32 വരെ

Stream 2 : 21 – 40 വരെ

Stream 3 : 50 വയസ്സ് വരെ

നിബന്ധനകൾ

1. അപേക്ഷകൻ ഓൺലൈൻ ആയി തന്നെ അപേക്ഷ സമർപ്പിക്കണം

2. കേന്ദ്ര സർവീസിലോ, മറ്റ് സംസ്ഥാന ഗവൺമെന്റ് സർവീസിലോ സേവനമനുഷ്ഠിക്കുന്നവർ scheme 1 ൽ അപേക്ഷിക്കുമ്പോൾ അത് ഗവൺമെന്റിന്റെ അനുമതിപത്രം (NOC) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

3. പ്രതിരോധ സേനയിൽ നിന്നും വിരമിക്കാൻ ഒരു വർഷം മാത്രം ശേഷിക്കുന്ന ഉദ്യോഗാർത്ഥികൾ NOC ക്ക് പകരം ലിങ്കിൽ ചേർത്തിട്ടുള്ള മാതൃകയിൽ സർട്ടിഫിക്കറ്റും അണ്ടർടേക്കിനും ഹാജരാക്കേണ്ടതാണ്.

4. പ്രാഥമിക പരീക്ഷ ഒരു സ്ക്രീനിങ് ടെസ്റ്റ് മാത്രമായിരിക്കും. പ്രാഥമിക പരീക്ഷയുടെ മാർക്ക്, റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിക്കുന്നതല്ല. ഉദ്യോഗാർത്ഥിക്ക് മുഖ്യപരീക്ഷയ്ക്കും, അഭിമുഖത്തിനും ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് റാങ്ക് നിർണയം നടത്തുന്നത്.

5. KAS ട്രെയിനിയായി ജോലിയിൽ പ്രവേശിക്കുന്നവർ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ ആകെ രണ്ടുവർഷം പ്രൊബേഷൻ കാലയളവിൽ ആയിരിക്കും ഇതിൽ പരിശീലന കാലയളവ് കൂടി ഉൾപ്പെടുന്നതാണ്.

**സാങ്കേതിക സഹായം**

കൂടുതൽ വിവരങ്ങളും പുതിയ അപേക്ഷ ഫോം, സർട്ടിഫിക്കറ്റിനുള്ള ഫോർമാറ്റ്, ഇതുസംബന്ധിച്ച ഗവൺമെൻറ് ഓർഡറുകൾ, തുടങ്ങിയവ ആവശ്യമുള്ളവർക്ക് തൃശൂർ അതിരൂപത ഫാമിലി അപ്പോസ്റ്റോലേറ്റിൽ പ്രവർത്തിക്കുന്ന അതിരൂപത ഫെസിലിറ്റേഷൻ സെന്റർ ഓഫീസുമായി ഫോണിൽ ബന്ധപ്പെടാവുന്നതാണ്. വിശദാംശങ്ങളും അപേക്ഷ ഫോമും www.afctcr.com എന്ന വെബ്സൈറ്റിലും ലഭ്യമാണ്. സംശയദുരീകരണത്തിനു (+91) 7902713325,

7909293325 എന്ന നമ്പറുകളിൽ വിളിക്കുക.

**ഫാ. ടിങ്കിൾ വാഴപ്പിള്ളി**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

## കത്തോലിക്ക കോൺഗ്രസ്

അതിരൂപത ചുമതലകൾ ഒഴിയുന്ന 7 വർഷം ഡയറക്ടറായി സേവനം ചെയ്ത റവ.ഫാ.വർഗ്ഗീസ് കൂത്തൂരിനും അസി. ഡയറക്ടർ റവ.ഫാ. ജിൻസൺ ചിരിയങ്കണ്ടത്തിനും യാത്ര മംഗളങ്ങൾ നേർന്നു. കത്തോലിക്ക കോൺഗ്രസ് ഓഫീസിൽ വെച്ച് മുൻ ഡയറക്ടർ റവ.ഫാ.വർഗ്ഗീസ് കൂത്തൂരിന്റേയും എക്സിക്യൂട്ടിവ് അംഗങ്ങളുടെയും സാന്നിധ്യത്തിൽ 2025 ഫെബ്രു. 10 ന് പുതിയ ഡയറക്ടർ റവ.ഫാ. ജീജോ വള്ളൂപ്പാറയും അസി. ഡയറക്ടർ റവ.ഫാ. അനു ചാലിലും ചുമതലകൾ ഏറ്റെടുത്തു.

**നേതൃസംഗമം, ഗ്ലോബൽ ഭാരവാഹികളുടെ സന്ദർശനം**

നേതൃസംഗമം ഫാമലി അപ്പോസ്തോലെറ്റ് സെന്ററിൽ നടന്നു. നേതൃ സംഗമത്തോടനുബന്ധിച്ച് ഗ്ലോബൽ ഭാരവാഹികളുടെ സന്ദർശനവും നടന്നു. നേതൃസംഗമം അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. സാമൂഹിക തിന്മ കൾകെതിരെ പൊരുതുന്നവരും ജനതയുടെ ആവശ്യങ്ങളിൽ ഇടപെ ടുന്ന സത്യസന്ധരായ രാഷ്ട്രീയ നേതാക്കളാണ് നാടിനാവശ്യമെന്ന് ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പറഞ്ഞു. സിറോ മലബാർ സഭയെ തകർക്കുന്ന ശക്തികൾ അകത്തും പുറത്തും സജീവമായി പ്രവർത്തിക്കുന്നു. ഈ പ്രവർത്തികളിൽ വിവേചനത്തോടെ കരുതലോടെ സഭാമക്കൾ മുന്നോട്ട് നിങ്ങണമെന്നും ഇത്തരം നിക്കങ്ങളിൽ നാം ഒറ്റക്കെട്ടായി നേരിടണമെന്നും മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടന സന്ദേശത്തിൽ പറഞ്ഞു. ഗ്ലോബൽ സമിതി പ്രസിഡണ്ട് രാജീവ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കാവിയിൽ അനുഗ്രഹ പ്രഭാഷ ണവും, ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ സംഘടന വിഷയങ്ങളും അവതരിപ്പിച്ചു. ലഹരി മയക്കുമരുന്ന് മാഫിയ കെതിരായി ശക്തമായ നടപടിയും, സമൂഹത്തിൽ ലഹരി കെതിരെ ബോധവൽക്കരണം ഊർജിതമാക്കണമെന്നാവശ്യപ്പെട്ട്

പ്രമേയം അഡ്വ. ബിജു കുണ്ടുകുളം അവതരിപ്പിച്ചു. ജസ്റ്റിസ് ജെ.ബി കോശി കമ്മീഷൻ പ്രസിദ്ധികരിക്കണമെന്നും, നടപ്പിലാക്കണമെന്നും ആവശ്യപ്പെട്ട് പ്രമേയം അഡ്വ. ബൈജു ജോസഫ് അവതരിപ്പിച്ചു. വന്യജീവി അക്രമം മൂലം മനുഷ്യ ജീവനും കൃഷിയും നേരിടുന്ന ഗുരുതരമായ ഇന്നത്തെ അവസ്ഥ തരണം ചെയ്യാൻ അടിയന്തിര നടപടികളാവശ്യപ്പെട്ട് അന്റോതൊറയൻ പ്രമേയം അവതരിപ്പിച്ചു. പ്രമേയങ്ങൾ യോഗം പാസാക്കി.

**വനിത ദിനാചരണം**

വനിത കൗൺസിലിന്റെ നേതൃത്വത്തിൽ വനിത സംഗമം നടത്തി. അതിരൂപത വികാരി ജനറാൾ മോൺ ജെയ്സൺ കൂനംപ്ലാക്കിൽ സംഗമം ഉദ്ഘാടനം ചെയ്തു.  ആവശ്യങ്ങൾ കണ്ടറിഞ്ഞ് കുടുംബങ്ങളെ മനോഹരമായി കൂട്ടിയിണക്കി കൊണ്ടുപോകുന്ന നമ്മുടെ സ്ത്രീകൾ പൊതു സമൂഹത്തിൽ നേതൃത്വപരമായ പങ്ക് വഹിക്കാൻ കടന്ന് വരണമെന്നും ഇന്നിന്റെ സാഹചര്യത്തിൽ പൊതുസമൂഹത്തെ നന്മയിലൂടെ നയിക്കാൻ സ്ത്രീകൾക്ക് കഴിയും എന്നും സംഗമം ഉദ്ഘാടനം ചെയ്തു കൊണ്ട് മോൺ. ജെയ്സൺ കൂനംപ്ലാക്കിൽ പറഞ്ഞു. നേതൃത്വനിരയിലേക്ക് സ്ത്രീകളുടെ പങ്കാളിത്വം എന്ന വിഷയത്തിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ വൈ. പ്രസിഡണ്ട് ട്രിസ ലിസ് സെബാസ്റ്റ്യാൻ ക്ലാസ് നയിച്ചു. കേരള കാർഷിക സർവ്വകലാശാലയുടെ മികച്ച കൃഷി വിജ്ഞാന കേന്ദ്രത്തിനുള്ള അവാർഡ് നേടിയ തൃശൂർ കൃഷി വിജ്ഞാനകേന്ദ്രം ഡയറക്ടർ ഡോ. മേരി റജീനക്ക് അതിരൂപത ഡയറക്ടർ ഫാ. ജീജോ വള്ളൂപ്പാറയും വനിതാ കൗൺസിൽ ഭാരവാഹികളും ചേർന്ന് സ്വീകരണം നൽകി ആദരിച്ചു.

**ഫാ. ജീജോ വള്ളൂപ്പാറ**
ഡയറക്ടർ

## സാന്ത്വനം

**സാന്ത്വനം സർജിക്കൽസ് (രോഗി പരിചരണ ഉപകരണ ബാങ്ക്)**

ഫെബ്രുവരി മാസത്തിൽ കട്ടിൽ,എയർബെഡ്,ബെഡ്, എന്നീ സർജിക്കൽ ഉപകരണങ്ങൾ വിവിധ ഇടവകകളിലെ രോഗികൾക്ക് നൽകി.

**യാത്രയയപ്പ് നൽകി**

കഴിഞ്ഞ 5 വർഷം സാന്ത്വനം ഡയറക്ടറായി സ്തുത്യർഹ സേവനമനുഷ്ഠിച്ച ഫാ.ജോയ് മൂക്കനും 32 വർഷത്തെ സ്തുത്യർഹ സേവനത്തിന് ശേഷം വിരമിക്കുന്ന സാന്ത്വനം സ്റ്റാഫ് ശ്രീമതി ബീന വർഗീസിനും സ്നേഹനിർഭരമായ യാത്രയയപ്പ് നൽകി.

**പുതിയ ഡയറക്ടർ ചാർജെടുത്തു**

കൊട്ടേക്കാട് ഇടവക വികാരിയായിരുന്ന ഫാ.ജോജു ആളൂർ സാന്ത്വനം ഡയറക്ടറായി ചാർജെടുത്തു. സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ അച്ചന് ഹൃദ്യമായ സ്വീകരണം നൽകി.

**വനിത സംരഭകരെ ആദരിച്ചു**

അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് തൃശ്ശൂർ അതിരൂപത സാമൂഹ്യക്ഷേമ വിഭാഗമായ സാന്ത്വനത്തിന്റെയും നബാർഡിന്റെയും നേതൃത്വത്തിൽ സ്വയം സഹായസംഘങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 10 വനിതാ സംരഭകരെ ആദരിച്ചു. ചടങ്ങിൽ കെസിബിസി സോഷ്യൽ വെൽഫെയർ അവാർഡ് ജേതാവ് അഡ്വ. വില്ലി ജിജോക്കും സ്വീകരണം നൽകി.

തൃശ്ശൂർ കിഴക്കേക്കോട്ടയിലുള്ള സാന്ത്വനം അങ്കണത്തിൽ ചേർന്ന വനിതാ സംഗമം നബാർഡ് ഡിഡിഎം ശ്രീ. സെബിൻ ആന്റണി ഉദ്ഘാടനം നിർവഹിച്ചു.

**ലോക വനിതാദിനം**

അന്താരാഷ്ട്ര വനിതാദിനത്തോടനുബന്ധിച്ച് കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയം ആമോസ് സെന്ററിൽ വെച്ച് തദ്ദേശ ഭരണസമിതിയിലെ തിരഞ്ഞെടുക്കപ്പെട്ട വനിതകളെ ആദരിച്ചു. തൃശൂർ അതിരൂപതയിലെ മികച്ച വനിതക്കുള്ള അവാർഡ് അഡ്വ.വില്ലി ജിജോ ഏറ്റുവാങ്ങി. തൃശൂർ വ്യാകുലമാത ബസിലിക്കയിൽ ലോക വനിതാദിനത്തോടനുബന്ധിച്ച് നടന്ന വനിതാദിനാഘോഷ പരിപാടിയിൽ സാന്ത്വനം അസ്സോ. ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി വനിതാദിനവും സംരംഭകത്വവും എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ് നയിച്ചു. 100 വനിതകൾ പരിപാടിയിൽ പങ്കെടുത്തു.

ആളൂർ സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ സ്വയം തൊഴിൽ സംരംഭത്തെക്കുറിച്ചും സംഘം രൂപീകരണത്തെക്കുറിച്ചുമുള്ള ക്ലാസുകൾ നടത്തി. 8 ലോക വനിതാദിനത്തോടനുബന്ധിച്ച് വനിതകൾ സ്വയംസംരംഭത്തിലൂടെ മുൻനിരയിലേയ്ക്ക് എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി.ജിസ്മരിയ നടത്തിയ ക്ലാസിൽ 50 വനിതകൾ പങ്കെടുത്തു.

**സ്വയം സഹായ സംഘം**

നിർമലപുരം ഇടവകയിൽ ഒരു അർദ്ധദിന സെമിനാർ സംഘടിപ്പിച്ചു. പുതിയ സ്വയം സഹായ സംഘം രൂപീകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സാന്ത്വനം അസ്സോ. ഡയറക്ടർ ഫാ. ജോസ് വട്ടക്കുഴി നൽകി. ഇടവക വികാരി ഫാ. റാഫേൽ മുത്തുപീടിക, സ്വയം സഹായ സംഘം കോർഡിനേറ്റർ ശ്രീമതി ബീന വർഗീസ് എന്നിവർ സംസാരിച്ചു.

**ഫാ. ജോജു ആളൂർ**
ഡയറക്ടർ

**ഫാ. ജോസ് വട്ടക്കുഴി**
അസോ. ഡയറക്ടർ

**ഫാ. ടെൻസ് കുന്നപ്പിള്ളി**
അസിസ്റ്റന്റ് ഡയറക്ടർ
ഇൻ ചാർജ്ജ്

**ഫാ. ഡിക്സൺ കൊളമ്പ്രത്ത്**
അസിസ്റ്റന്റ് ഡയറക്ടർ

# ചിൽഡ്രൻസ് മിനിസ്ട്രി

**നന്ദി, സ്വാഗതം**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ ഡയറക്ടറായി നാല് വർഷക്കാലം സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ബഹു. ഫാ. സിജോ മുരിങ്ങാത്തേരിയച്ചനും കോർഡിനേറ്റർ സി. ബീന റോസ് എസ് എസ് പി സി ക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ സ്നേഹോഷ്മളമായ നന്ദിയും കടപ്പാടും അറിയിക്കുന്നതോടൊപ്പം പുതിയ ഡയറക്ടറായി നിയമിതനായ ബഹു. പോൾ മുട്ടത്തച്ചനും കോർഡിനേറ്ററായ സി. ജീജ പോൾ എസ് എസ് പി സി ക്കും ഹൃദ്യമായ സ്വാഗതവും അഭിനന്ദനവും ആശംസിക്കുന്നു.

**അവാർഡ് ഡേ 2025**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2024-2025 പ്രവർത്തനകാലഘട്ടത്തിൽ അതിരൂപത തലത്തിൽ നടത്തിയ എല്ലാ മത്സരങ്ങളുടേയും സമ്മാനദാനം 2025 ജനുവരി 19 ന് ഞായറാഴ്ച വിശ്വാസപരിശീലകേന്ദ്രത്തിൽവെച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത മെത്രാപോലിത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു.

## ആമി ജെസു ചാലഞ്ച് 2025 (Ami Gesù Challenge 2025)

സ്നേഹമുള്ള ചിൽഡ്രൻസ് മിനിസ്ട്രി കുട്ടുക്കാരെ, ഈ വർഷം 2025 മാർച്ച് 3 മുതൽ വലിയ നോമ്പ് ആരംഭിച്ചിരിക്കുകയാണല്ലോ. ഈശോ നമുക്ക് രക്ഷനേടിത്തരുന്നതിനായ് സഹിച്ച പീഡകളേയും കുരിശുമരണത്തേയും പ്രത്യേകമായി ഓർത്ത് പ്രാർത്ഥിക്കുവാനായ് സഭ മാറ്റിവെച്ചിരിക്കുന്ന ദിവസങ്ങളാണ് വലിയ നോമ്പിന്റെ ഏഴ് ആഴ്ചകൾ. ഈശോ പത്രോസിനോട് ചോദിച്ച ആ ചോദ്യം ഈ നോമ്പുകാലത്ത് നമുക്ക് ധ്യാനവിഷയമാക്കാം. നീ എന്നെ സ്നേഹിക്കുന്നുവോ? (യോഹ 21.16). പത്രോസ് അന്ന് മറുപടി നൽകി യതുപോലെ അവിടുത്തോട് നമുക്കും മറുപടി നൽകാനുള്ള ഒരു അവസരമാക്കി ഈ വലിയ നോമ്പുക്കാലത്തെ നമുക്ക് മാറ്റാം. യേശു പത്രോസിനോട് ചോദിച്ച ആ ചോദ്യത്തെ ചിൽഡ്രൻസ് മിനിസ്ട്രി നിങ്ങൾക്കുമുന്നിൽ ഒരു ചാലഞ്ചാക്കി മുന്നോട്ട് വയ്ക്കുന്നു. ആമി ജെസു ചാലഞ്ച് 2025. ഈശോ പത്രോസിനോട് ചോദിച്ച് ആ ചോദ്യത്തിന്റെ (നീ എന്നെ സ്നേഹിക്കുന്നുവോ?) ഇറ്റാലിയൻ പരിഭാഷയാണ് ആമി ജെസു. ഈ വലിയ നോമ്പിൽ ചിൽഡ്രൻസ് മിനിസ്ട്രിയിലെ അംഗങ്ങൾക്ക് പഠിക്കുവാനായി 50 വചനങ്ങളും പ്രവർത്തിക്കുവാനായി 50 പരിത്യാഗപ്രവർത്തനങ്ങളും അടങ്ങുന്ന വീഡിയോ 50 ദിവസവും ചിൽഡ്രൻസ് മിനിസ്ട്രിയുടെ വാട്സപ്പ് ചാനലിലൂടെ അയച്ചുതരുന്നതാണ്. വചനം ഹൃദ്യസ്ഥമാക്കുകയും പ്രവർത്തനം പ്രാവർത്തികമാക്കുകയും ചെയ്യാം. ഈസ്റ്ററിനുശേഷം 50 വചനവും പഠിച്ച ചിൽഡ്രൻസ് മിനിസ്ട്രി അംഗങ്ങൾക്കായ് ഒരു വചന എഴുത്ത് മത്സരവും സംഘടിപ്പിക്കുന്നു. മത്സരവിവരങ്ങൾ പിന്നീട് ചാനലിലൂടെ അറിയിക്കുന്നതായിരിക്കും. ഇതിലുള്ള കുട്ടികളുടെ പങ്കാളിത്തം ബെസ്റ്റ് യൂണിറ്റുകളെ തിരഞ്ഞെടുക്കുന്നതിൽ പരിഗണിക്കുന്നതായിരിക്കും.

## Preparation Course for Holy Communion Teachers

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ ഈ വർഷം ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്ന അധ്യാപകർക്കായി നടത്തിയ പരിശീലന പരിപാടി 2025 മാർച്ച് 8 ശനിയാഴ്ച ഉച്ചയ്ക്ക് 1.30 മുതൽ 4.30 വരെ തൃശ്ശൂർ ആർച്ച്ബിഷപ്പ് ഹൗസിലെ മുകളിലുള്ള ഹാളിൽ വച്ച് സംഘടിപ്പിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. പോൾ മുട്ടത്ത് ഉദ്ഘാടനം നിർവഹിച്ചു. ഈ വർഷം വ്യത്യസ്തമായി തൃശ്ശൂർ അതിരൂപതയിലെ വിവിധ ഏഴ് സന്യാസിനി സമൂഹങ്ങളിൽ നിന്നുള്ള 14 സിസ്റ്റേഴ്സാണ് ട്രെയിനിങ് പ്രോഗ്രാം നയിച്ചത്. ഒരു മാസത്തെ ഒരുക്കത്തിന്റെ വെളിച്ചത്തിൽ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന്റെ പരിശീലന

സഹായി എന്ന പാഠപുസ്തകത്തിലെ ഓരോ പാഠഭാഗങ്ങളെയും പഠിച്ചറിഞ്ഞ് അതിനെ സാങ്കേതിക വിദ്യയുടെ മികവോടെ കൂടുതൽ കാര്യക്ഷമമായി എങ്ങനെ കുട്ടികളിലേക്ക് നൽകണമെന്നും എന്ത് നൽകാമെന്നും ബഹുമാനപ്പെട്ട സിസ്റ്റേഴ്സ് അധ്യാപകരുമായി പങ്കുവെച്ചു. ഇരുന്നൂറോളം അധ്യാപകർ പരിശീലപരിപാടിയിൽ പ ങ്കെടുത്തിരുന്നു. വിഷയാവതാര ണത്തിനു ശേഷം അധ്യാപകർക്ക് സംശയനിവാരണത്തിനുള്ള അവസരങ്ങൾ ഉണ്ടായിരുന്നു.

**അതിരൂപത നേതൃത്വപരിശീലന ക്യാമ്പുകൾ**

1. സ്പർശ് 2025 മെയ് 6, 7 തിരുബാലസഖ്യം

2. ക്രിസ്റ്റ്യൻ ലൈഫ് ക്യാമ്പ് 2025 മെയ് 13 14 ജൂനിയർ സിഎൽ സി

3. ബെർക്കുമെൻസ് ക്യാമ്പ് 2025 ഏപ്രിൽ 29, 30 അൾത്താരസംഘം

ഫൊറോന പ്രമോട്ടേഴ്സിൻറെ അനുമതിയോടെ ഓരോ ഫൊറോ നയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന 5 പേർക്ക് മാത്രമേ പ്രസ്തുത ക്യാമ്പുകളിൽ പങ്കെടുക്കുവാനായി സാധിക്കുക. തൃശ്ശൂർ ഡി ബി സി എൽ സി യിൽ വെച്ച് രാവിലെ 9 മണിക്ക് ആരംഭിക്കുന്ന ക്യാമ്പുകൾ അടുത്ത ദിവസം വൈകുന്നേരം 4. 00 മണിക്ക് അവസാ നിക്കുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. രജിസ്ട്രേഷൻ ഫീസ് 150/ രൂപയാണ്.

**ANIMATORS FORMATION CAMP**

തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം എന്നീ സംഘടനകളുടെ ആനിമേറ്റേഴ്സിനുവേണ്ടിയുള്ള പരിശീലന ക്യാമ്പ് തൃശ്ശൂർ, ഡി ബി സി എൽ സി യിൽവെച്ച് 2025 മെയ് 31 ന് സംഘടിപ്പിക്കുന്നു. രാവിലെ 9.00 ന് ആരംഭിച്ച് വൈകുന്നേരം 4.00 ന് അവസാനിക്കുന്ന വിധത്തിലാണ് ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. റജിസ്ട്രേഷൻ ഫീസ് 100/- രൂപയാണ്. പങ്കെടുക്കാനഗ്രഹിക്കുന്നവർ 2025 ന് മെയ് 31 ന് മുമ്പ് ഗൂഗിൾ ഫോം വഴി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**BCL, MCL, SFL**

അൾത്താരസംഘാംഗങ്ങൾക്കായ് ഏപ്രിൽ 23, 24 തിയ്യതികളിൽ ബെർക്കുമൻസ് ക്രിക്കറ്റ് ലീഗും മെയ് 13,14 തിയ്യതികളിൽ ഫാ. സിൻസൺ എടക്കളത്തൂർ മെമ്മോറിയൽ ഫൈസ് ഫുട്ബോൾ ലീഗും ജൂനിയർ സി എൽ സി അംഗങ്ങൾക്കായ് മെയ് 22 ന് മരിയൻ കാരംസ് ലീഗും മെയ് 24 ന് മരിയൻ ചെസ് ലീഗും സംഘടിപ്പിക്കുന്നു. പങ്കെടുക്കാനഗ്രഹിക്കുന്ന ടീമുകളും വ്യക്തികളും 2025 മാർച്ച് 31 ന് മുമ്പ് വികാരിയച്ചന്റെ അനുവാദത്തോടെ രജിസ്ട്രഷൻ നടത്തേ ണ്ടത്. ആദ്യം രജിസ്ട്രേഷൻ നടത്തുന്ന ടീമുകൾക്കായിരിക്കും മുൻ

ഗണനന ലഭിക്കുക.

**യൂണിറ്റ് റജിസ്ട്രഷൻ 2025**

തിരുബാലസഖ്യം, ജൂനിയർ സി എൽ സി, അൾത്താരസംഘം എന്നീ സംഘടനകളുടെ 2025 ലെ യൂണിറ്റ് റജിസ്ട്രഷൻ 2025 മാർച്ച് 01 മുതൽ ആരംഭിക്കുന്നു. ചിൽഡ്രൻസ് മിനിസ്ട്രയുടെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ പരിപാടികളിലും പങ്കെടുക്കുന്നതിന് യൂണിറ്റ് റജിസ്ട്രേഷൻ നിർബന്ധമാണ്. ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വന്ന് നേരിട്ട് 100 രൂപ അടച്ച് ഓരോ യൂണിറ്റുകളും അതാത് സംഘടനകളുടെ റജിസ്ട്രേഷൻ നടത്തേണ്ടതാണ്.

**എയ്ഞ്ചലോസ് 2025**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 2025 മെയ് 18ന് അതിരൂപതലത്തിൽ, ഈ വർഷം ആഘോഷമായ കുർബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 5 മണി വരെ തൃശ്ശൂർ ലൂർദ് മെട്രോപൊളിറ്റൻ കത്തീഡ്രൽ വച്ച് സ്വീകരണം നൽകുന്നു. വി. കുർബാനയും അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം ഫോട്ടോകൾ എടുക്കുവുമാനുള്ള സൗകര്യവും ഉണ്ടായി രിക്കുന്നതാണ്. എല്ലാ ഇടവകകളിൽ നിന്നും പങ്കാളിത്തവും സഹകരണവും പ്രതീക്ഷിക്കുന്നു.

**HOPE 2025: ജൂബിലി വർഷ വിളംബര സൈക്കിൾ റാലി**

2025 മെയ് 6 അൾത്താരസംഘത്തിന്റെ സഹമധ്യസ്ഥനായ വി. ഡൊമിനിക് സാവിയോയുടെ തിരുന്നാൾ ആഘോഷിക്കുകയാണ്. അന്നേ ദിനം എല്ലാ യൂണിറ്റുകളിലും അൾത്താരസംഘത്തിന്റെ പതാക ഉയർത്തേണ്ടതാണ്. 2025 സാർവ്വത്രിക സഭ ജൂബിലി വർഷമായി ആചരിക്കുകയാണല്ലോ. സഭാസമൂഹം പ്രത്യാശയുടെ തീർഥാടകരാകണമെന്ന പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പയുടെ ആഹ്വാനമുൾക്കൊണ്ടുകൊണ്ട് ജൂബിലി വർഷത്തെ പറ്റി ദൈവജനത്തെ ബോധവത്കരിക്കാനെന്ന ലക്ഷ്യത്തെ മുൻനിർത്തി യൂണിറ്റ് തലത്തിൽ ജൂബിലി വർഷ വിളംബര സൈക്കിൾ റാലി HOPE 2025 എന്ന പേരിൽ യൂണിറ്റുകളിൽ സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. ജൂബിലി വർഷത്തെ പറ്റി ദൈവജനത്തെ ബോധവത്കരിക്കാനുതകുന്ന തരത്തിൽ പോസ്റ്ററുകളും മറ്റും നിങ്ങൾക്ക് തയ്യാറാക്കാവുന്നതാണ്. ഇടവകയുടെ അതിർത്തിക്കുള്ളിൽ സൈക്കിളിൽ സഞ്ചരിച്ച് ജൂബിലിയെ പറ്റി ദൈവജനത്തെ ഓർമ്മപ്പെടുത്താൻ ലക്ഷ്യമിടുന്നതാണ് ഈ സൈക്കിൾ വിളംബര റാലി. വികാരിയച്ചന്റെ അനുമതിയോടെ വി. ഡൊമിനിക് സാവിയോയുടെ തിരുന്നാളിനോടനുബന്ധിച്ച് HOPE 2025 എന്ന ജൂബിലി വർഷ വിളംബര സൈക്കിൾ റാലി നടത്തുന്നത് ഉചിതമാണ്.

**പ്രാർത്ഥിക്കാം പ്രവർത്തിക്കാം**

<u>തിരുവചനം:</u> 'തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു' (യോഹന്നാൻ 3: 16).

<u>സുകൃതജപം:</u> ഈശോയെ, എനിക്ക് അങ്ങയോടുള്ള സ്നേഹത്തെ വർദ്ധിപ്പിക്കണമേ.

<u>പ്രാർഥനാ നിയോഗം:</u> ക്രൈസ്തവമൂല്യങ്ങൾക്ക് വിലകൽപ്പിക്കാത്തവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

<u>പരിചയപ്പെടുന്ന വിശുദ്ധൻ:</u> പരിശുദ്ധ കന്യകാമറിയത്തോടുള്ള തീവ്രമായ ഭക്തിയുടെ പേരിൽ ആദരിക്കപ്പെടുന്ന 17 നൂറ്റാണ്ട് ജീവിച്ചിരുന്ന വിശുദ്ധ ലൂയിസ് മാരീ ദി മോണ്ട് ഫോർട്ട് ആണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. ദൈവത്തെ പിതാവായും പരിശുദ്ധ മറിയത്തെ അമ്മയായും ഈ വിശുദ്ധൻ സ്വീകരിച്ചു. ഈ വിശുദ്ധൻ തന്റെ ജീവിതം, ഭക്ഷണം, ഭവനം എന്നിവ ദരിദ്രർക്കും, രോഗികൾക്കും, ഭിക്ഷാടകർക്കുമായി പങ്കിട്ടു. മരിയൻ ഭക്തിയെ കുറിച്ചുള്ള വിശുദ്ധന്റെ ശ്രദ്ധേയമായ കൃതികൾ 'ജപമാലയുടെ അത്ഭുതകരമായ രഹസ്യവും മറിയത്തോടുള്ള യഥാർത്ഥ ഭക്തിയുമാണ്'. 1716 ഏപ്രിൽ 28 ന് 43-ാം വയസ്സിൽ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ടു. ഏപ്രിൽ 28നാണ് വിശുദ്ധന്റെ തിരുനാൾ സഭയിൽ കൊണ്ടാടുന്നത്. ഈ വിശുദ്ധന്റെ പാത പിന്തുടർന്നുകൊണ്ട് നമുക്കും പരിശുദ്ധ അമ്മയ്ക്ക് സ്വയം സമർപ്പിച്ചുകൊണ്ട് പരിശുദ്ധ അമ്മ വഴി യേശുവിലേക്ക് കൂടുതൽ അടുക്കാം.

<u>പ്രവർത്തനം:</u> ഈ വലിയ നോമ്പുക്കാലത്തിൽ 15 മിനിറ്റ് സമയമെങ്കിലും വി. ഗ്രന്ഥം വായിക്കാനായി നീക്കിവെച്ച് വചനമായ ഈശോയുടെ കൂടെയായിരിക്കാം.

**ഫാ. പോൾ മുട്ടത്ത്** — **സി. ജീജ SSPC**

ഡയറക്ടർ — കോർഡിനേറ്റർ

## മദ്യവിരുദ്ധസമിതി

**1. സ്മരണിക വിതരണോദ്ഘാടനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത 'സുചിരം' സ്മരണികയുടെ വിതരണോദ്ഘാടനം സംഘടിപ്പിച്ചു. വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് സേവ്യർ ഫൊറോന പള്ളിയങ്കണത്തിൽ അരങ്ങേറിയ യോഗത്തിന് ഫൊറോന വികാരി വെരി

റവ. ഫാ. വർഗ്ഗീസ് തരകൻ ഉദ്ഘാടകനായി. 'പണിയൂർ ഗ്രാമം' എന്ന നോവലിന് തിരുവനന്തപുരം ഗമനം സാഹിത്യവേദിയുടെ സംസ്ഥാന തല നോവൽ പുരസ്കാരം ലഭിച്ച ചൂണ്ടൽ ആശ്രമം സുപ്പീരിയർ റവ. ഫാ. വർഗ്ഗീസ് തിരുത്തിച്ചിറ വി.സി.യെ വേദിയിൽ സമാദരിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത തയ്യാറാക്കിയ 27-ാമത് സ്മരണിക 'സുചിരം' ഡയരക്ടറച്ചൻ ഫൊറോന വികാരിയച്ചന് നൽകിക്കൊണ്ട് വിതരണം ചെയ്തു.

**2. മധ്യമേഖല സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സുൽത്താൻപേട്ട് രൂപത കഞ്ചിക്കോട് മൾട്ടി പർപ്പസ് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഹാളിൽ മധ്യമേഖല സമ്മേളനം സംഘടിപ്പിച്ചു. ഇരിങ്ങാല ക്കുട, തൃശൂർ, കോട്ടപ്പുറം, പാലക്കാട്, സുൽത്താൻപേട്ട് എന്നീ രൂപത-അതിരൂപതകളാണ് യോഗത്തിൽ പങ്കെടുത്തത്. സുൽത്താൻപേട്ട് രൂപത വികാരി ജനറൽ മോൺ. മരിയ ജോസഫ് ഉദ്ഘാടകനായി. മധ്യമേഖല പ്രസിഡന്റ് ശ്രീ. സാബു എടാട്ടുകാരൻ അദ്ധ്യക്ഷനായ യോഗത്തിൽ മുഖ്യപ്രഭാഷകനായത് മധ്യമേഖല ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരനാണ്. സുൽത്താൻപേട്ട് രൂപത ഡയരക്ടർ റവ. ഫാ. സഹായവേന്ദൻ ആമുഖപ്രഭാഷകനായി. തൃശൂർ അതിരൂപതയുടെ പ്രവർത്തന റിപ്പോർട്ട് അതിരൂപത പി.ആർ.ഒ. ശ്രീ. ലിന്റോ ഫ്രാൻസീസ് യോഗത്തിൽ അവതരിപ്പിച്ചു.

**3. കഞ്ചിക്കോട് ബ്രൂവറി സമരത്തിന് ഐക്യദാർഢ്യം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത, അതിരൂപത ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ കഞ്ചിക്കോട് ബ്രൂവറി സമരവേദി പങ്കിടുകയും ഡയറക്ടർ അച്ചന്റെ പ്രസംഗത്തിൽ സമിതിയുടെ എല്ലാവിധ പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിക്കുകയും ചെയ്തു. സമരവേദിയിൽ ജനകീയ മുന്നണി അംഗങ്ങളുമൊത്ത് മനുഷ്യചങ്ങല തീർത്തുകൊണ്ടാണ് മദ്യവിരുദ്ധ സമിതി പ്രവർത്തകർ സമരവേദി വിട്ടത്.

**4. സംസ്ഥാന സമ്മേളനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സംസ്ഥാന ഘടകം 26-ാമത് സംസ്ഥാന സമ്മേളനം സംഘടിപ്പിച്ചു. കോട്ടയം ലൂർദ്ദ് ഫൊറോന ദൈവാലയ ഹാളിൽ സമ്മേളിച്ച യോഗം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. തൃശൂർ അതിരൂപതയ്ക്കുവേണ്ടി ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരന്റെ നേതൃത്വത്തിൽ 60 ൽ പരം സമിതി അംഗങ്ങൾ സമ്മേളനത്തിൽ പങ്കെടുത്തു. മദ്യലഹരി വിരുദ്ധ ബോധവൽക്കരണത്തിന്റെ

ഭാഗമായി തൃശൂർ അതിരൂപത തയ്യാറാക്കിയ 27-മത് സ്മരണിക 'സുചിരം,' തൃശൂർ അതിരൂപത പ്രഥമ മെത്രാൻ അഡോൾഫ് എഡ്‌വിൻ മെഡ്‌ലിക്കോട്ടിന്റെയും ചങ്ങനാശ്ശേരി മെത്രാൻ മാർ തോമസ് കുര്യാളശ്ശേരിയുടെയും ഇടയ ലേഖനങ്ങൾ എന്നിവ വിതരണം ചെയ്തു.

**5. ഏകദിന നേതൃത്വ പരിശീലനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. തൃശൂർ പാസ്റ്ററൽ സെന്ററിൽ അരങ്ങേറിയ യോഗം ഉദ്ഘാടനം ചെയ്ത് പ്രസംഗിച്ചത് അതിരൂപത വികാരി ജനറൽ മോൺ. ജെയ്സൺ കൂനംപ്ലാക്കൽ ആണ്. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ സമ്മേളനത്തിന് അതിരൂപത ഡയരക്ടർ റവ. ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖപ്രഭാഷണം നടത്തി.

**6. മദ്യ ലഹരി വിരുദ്ധ ജനജാഗ്രതാ സദസ്സ്**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത മദ്യ -ലഹരി വിരുദ്ധ ജനജാഗ്രതാ സദസ്സ് സംഘടിപ്പിച്ചു. തൃശൂർ കോർപ്പറേഷൻ ഓഫീസിനു മുന്നിൽ അരങ്ങേറിയ യോഗം പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോഷി വടക്കൻ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശൂർ അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ സദസ്സിൽ തൃശൂർ അതിരൂപത ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ ആമുഖ പ്രഭാഷകനായി. മുഖ്യ പ്രഭാഷകനായത് റവ. ഫാ. അലക് സാണ്ടർ കുരീക്കാട്ടിലാണ്.

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

## ലീജിയൻ ഓഫ് മേരി

**പ്രതിജ്ഞയും പ്രകടനവും**

തൃശൂർ അതിരൂപതാ ലീജിയൻ ഓഫ് മേരിയുടെ തൃശൂർ കമ്മീസിയം, അതിരൂപതയിലെ 130 ഓളം ഇടവകകളിൽ നിന്നുള്ള മരിയൻ സൈനികരെ പങ്കെടുപ്പിച്ചു കൊണ്ട് മാർച്ച് 16 നു ഞായറാഴ്ച

തൃശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് പ്രതിജ്ഞ പുതുക്കലും, ആച്ചിയസും (സൈനിക പ്രകടനം) നടത്തപ്പെട്ടു. അടുത്ത ഒരു വർഷത്തേക്കുള്ള ഈ പ്രതിജ്ഞ പുതുക്കൽ ചടങ്ങ് നടന്നു. ബിഷപ്പ് എമിററ്റസ് മാർ ബോസ്കോ പുത്തൂർ അനുഗ്രഹ പ്രഭാഷണം നടത്തി. ആദ്ധ്യാത്മിക നിയന്താവ് ഫാ. ജോൺ മൂലൻ കുർബാനക്ക് മുഖ്യകാർമ്മികനായി.

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മിക നിയന്താവ്

# ബൈബിൾ പ്രേഷിതത്വം

**സൊഫറീം സോഫിയ**

വചനം പകർത്തി എഴുതുന്നവരുടെ പ്രാർത്ഥന കൂട്ടായ്മയായ സൊഫറീം സോഫിയയുടെ 2025 വർഷത്തിലെ ആദ്യത്തെ സംഗമം മാർച്ച് 30ന് ഉച്ചകഴിഞ്ഞ് 2.00ന് ലൂർദ്ദ് കത്തീഡ്രൽ ദേവാലയത്തിൽ വെച്ച് നടന്നു. ബൈബിളിലെ ഏതെങ്കിലും ഒരു നിയമം പൂർണ്ണമായി എഴുതി കഴിഞ്ഞ 125 ഓളം പേർക്ക് സോഫർ സർട്ടിഫിക്കറ്റ് നൽകി ആദരിച്ചു.

**ഇടവകതല സൊഫറീം സോഫിയ കമ്മ്യൂണിറ്റി**

സൊഫറീം സോഫിയയുടെ ആദ്യ ഇടവക തലത്തിലുള്ള കൂട്ടായ്മ ഫെബ്രുവരി പതിനാറാം തീയതി മാന്ദാമംഗലം ഇടവകയിൽ വെച്ച് ആരംഭിച്ചു. തുടർന്നുള്ള ഞായറാഴ്ചകളിൽ പീച്ചി, നന്തിപുലം, വരന്തരപ്പിള്ളി, കാരമുക്ക്, കൊട്ടേക്കാട്, ഒളരി, അരണാട്ടുകര, വരാക്കര സൗത്ത് എന്നീ ഇടവകയിൽ സൊഫറീം സോഫിയ കമ്മ്യൂണിറ്റിക്ക് ആരംഭം കുറിച്ചു. ഇതിനോടകം 400 ഓളം പേർ ഇടവകതല കൂട്ടായ്മയിൽ പേരുകൾ രജിസ്റ്റർ ചെയ്തു. ബൈബിൾ പകർത്തി എഴുതിയവർക്കും ഇപ്പോൾ എഴുതുന്നവർക്കും തുടർന്ന് ബൈബിൾ പഠിക്കുവാനും ധ്യാനിക്കുവാനും ജീവിക്കുവാനും സഹായിക്കുക എന്നതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. ഈ ലക്ഷ്യം നേടുന്നതിനായി ഓരോ മാസത്തിലും ഇടവക തലത്തിൽ കൂട്ടായ്മ കൂടുന്നതാണ്. ഈ കൂട്ടായ്മക്ക് നേതൃത്വം നൽകുവാനായി ഒരു പ്രിഫക്റ്റിനെയും 2 അസോസിയേറ്റ് പ്രിഫക്റ്റിസിനെയും 3 എക്സിക്യൂട്ടീവ് അംഗങ്ങളെയും തിരഞ്ഞെടുക്കുകയും ചെയ്തു. ഇടവക കൂട്ടായ്മയിലെ എല്ലാ അംഗങ്ങൾക്കും അംഗത്വ

കാർഡ് നൽകിയിട്ടുണ്ട്. ഈ അംഗത്വ കാർഡ് ലഭിച്ചവർക്ക് ബൈബിൾ പ്രേഷിതത്വത്തിന്റെ ഓഫീസിൽ നിന്നും നടത്തുന്ന പ്രേഷിതപ്രവർത്തനങ്ങളിൽ പങ്കുകാരാകാവുന്നതാണ്.

**ബൈബിൾ ക്ലാസ്**

<u>ബൈബിൾ കോഴ്സ്  പുതിയ നിയമം</u>

തൃശ്ശൂർ അതിരൂപതാ ബൈബിൾ പ്രേഷിതത്വത്തിന്റെ ബൈബിൾ അക്കാദമിയും തിയോളജി ഇൻസ്റ്റിട്യൂട്ടും ചേർന്ന് മൂന്ന് വർഷം നീണ്ടുനിൽക്കുന്ന ബൈബിൾ കോഴ്സിന്റെ ഔദ്യോഗികമായ ഉദ്ഘാടനം മാർച്ച് 2ാം തിയ്യതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് DBCLC യിൽ വെച്ച് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റുകൾ നൽകപ്പെടുന്നതാണ്. എല്ലാ ഞായറാഴ്ചയും ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി വരെയാണ് ഈ ക്ലാസുകൾ നടത്തപ്പെടുന്നത്. കൂടാതെ ബൈബിൾ സെമിനാറുകളും നടത്തപ്പെടുന്നു.

<u>അഡ്വാൻസ് ബൈബിൾ ടീച്ചേഴ്സ് കോഴ്സ്</u>

തൃശ്ശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വത്തിന്റെ ബൈബിൾ അക്കാദമി അഡ്വാൻസ്സ് ബൈബിൾ ടീച്ചേഴ്സ് കോഴ്സ് ഏപ്രിൽ പതിനഞ്ചാം തീയതി മുതൽ ആരംഭിക്കുന്നു. മൂന്നുവർഷത്തെ ബൈബിൾ കോഴ്സ് പഠനം പൂർത്തിയായവർക്കും തിയോളജി പഠിച്ചു കഴിഞ്ഞവർക്കും പഠിക്കുന്നവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. കോഴ്സിൽ ചേരുവാൻ ആയിട്ടുള്ള അവസാന തീയതി ഏപ്രിൽ മാസം 12-ാം തീയതി ആണ്.  കൂടുതൽ വിവരങ്ങൾക്ക്  ഈ നമ്പറിൽ 6282726254,7558937090 ബന്ധപ്പെടുക.

**ലോഗോസ് പ്രിപ്പറേറ്ററി കോഴ്സ്**

ലോഗോസ് ക്വിസ് ആരംഭിച്ചിട്ട് 25 വർഷങ്ങൾ പൂർത്തിയാവുകയാണ്. ജൂബിലി വർഷമായ 2025 ൽ ലോഗോസ് ക്വിസിൽ കൂടുതൽ ആളുകളെ പങ്കെടുപ്പിക്കുവാനും കൂടുതൽ പേർക്ക് വചനം പഠിച്ചെഴുതുവാനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി സഹായിക്കുന്നതിനായി തൃശ്ശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വം ആരംഭിച്ച ലോഗോസ് പ്രിപ്പറേറ്ററി കോഴ്സ് ഈ വർഷം ഏപ്രിൽ മുതൽ ഓൺലൈനിൽ ആരംഭിക്കുകയാണ്.

**സ്ക്രിപത്തൂര**

ബൈബിൾ പ്രേഷിതത്വത്തിന്റെ കയ്യെഴുത്ത് വിഭാഗമായ സ്ക്രിപ്ത്തൂരയുടെ നേതൃത്വത്തിൽ ബൈബിൾ സാഹിത്യ രചന മത്സരങ്ങൾ  വിവിധ ഇനങ്ങളിലായി ഉപന്യാസം, ചെറുകഥ, കവിത മത്സരങ്ങളാണ് നടത്തപ്പെടുന്നത്. സാഹിത്യ രചന മത്സരങ്ങളുടെ കൃതി

കൾ ബൈബിൾ പ്രേഷിതത്വത്തിന്റെ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി ഏപ്രിൽ മാസം 15ന് ആണ്. കൈകൊണ്ട് എഴുതിയ രചനകൾ ബൈബിൾ പ്രേഷിതത്വത്തിന്റെ ഓഫീസിൽ നേരിട്ട് എത്തിക്കുകയോ പോസ്റ്റ് വഴി അയക്കുകയോ ചെയ്യാവുന്നതാണ്. പ്രവാസികളായ ആളുകൾക്ക് കൈ കൊണ്ട് എഴുതിയ രചനകൾ സ്കാൻ ചെയ്ത് 6282726254 എന്ന നമ്പറിലേക്ക് വാട്സ് ആപ്പ് അയക്കാവുന്നതാണ്.

*പോസ്റ്റലായി അയക്കേണ്ട വിലാസം:*

ബൈബിൾ പ്രേഷിതത്വം,
കാത്തലിക് പാസ്റ്ററൽ സെൻറർ,
തൃശ്ശൂർ, ഈസ്റ്റ് ഫോർട്ട്- 680 005.

**ഫാ. ദിജോ ഒലക്കേങ്കിൽ**
ഡയറക്ടർ

## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

കരിസ്മാറ്റിക് നവീകരണത്തിന്റെ ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെടുന്ന കുടുംബോത്സവം ഫെബ്രുവരി 22ന് ഒല്ലൂർ സബ് സോണിൽ ചിയ്യാരം വിജയമാതാ ദേവാലയത്തിൽ വച്ച് നടന്നു. ഇടവക വികാരി റവ. ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ ബൈബിൾ പ്രതിഷ്ഠ നടത്തി, തിരി തെളിയിച്ച് അനുഗ്രഹ പ്രഭാഷണം നടത്തി. തുടർന്ന് കുടുംബോത്സവ സന്ദേശം K.C.S.C അംഗം സാബു എം. വർഗീസ് നൽകി. റവ. ഫാ. റോയ് വേളാകൊമ്പിൽ വിശുദ്ധ ബലിയർപ്പിച്ച് സന്ദേശം നൽകി. പാനൽ സെക്ഷന് വിൻസന്റ് ചിറയത്ത് നേതൃത്വം നൽകി. ഫാമിലി മിഷനെക്കുറിച്ച് റോയ് തൈക്കാട്ടിൽ സംസാരിച്ചു. മൂന്നുമണിക്ക് ദിവ്യകാരുണ്യ ആരാധനയ്ക്ക് റവ. ഫാ. റോയ് വേളാക്കൊമ്പിൽ നേതൃത്വം നൽകി.

മാർച്ച് 8-ാം തീയതി പുതുക്കാട് കുടുംബോസ്തവം പുതുക്കാട് സെന്റ് ആന്റണീസ് ഫെറോന ദേവാലയത്തിൽ വച്ച് നടന്നു. കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ. റോയ് വേളക്കൊമ്പിൽ തിരി തെളിയിച്ച് അനുഗ്രഹപ്രഭാഷണം നടത്തി. സോണൽ സെക്രട്ടറി റോയ് തൈക്കാട്ടിൽ കുടുംബോത്സവ സന്ദേശം നൽകി. പുതുക്കാട് ഫൊറാന വികാരി വെരി. റവ. ഫാ. പോൾ തേക്കാനത്ത് വിശുദ്ധ ബലിയർപ്പിച്ച പ്രാർത്ഥിച്ചു. സർവീസ് ടീം അംഗം റീന റാഫേൽ പാനൽ സെക്ഷൻ നേതൃത്വം നൽകി. സെക്രട്ടറി റോയ് തൈക്കാട്ടിൽ

ഫാമിലി മിഷനെക്കുറിച്ച് പങ്കുവെച്ചു. സബ് സോണിൽ മുൻകാല കോ-ഓർഡിനേറ്റർമാർക്കും 25 വർഷം പ്രാർത്ഥനാ കൂട്ടായ്മയിൽ സ്ഥിരമായി വന്നവരെയും പ്രത്യേകം മെമെന്റോ നൽകി ആദരിച്ചു. ആനിമേറ്റർ ജിയോച്ചൻ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നൽകി.

മാർച്ച് 8 തീയതി ബസിലിക്ക കുടുംബോത്സവം കുരിയച്ചിറ സെന്റ് ജോസഫ് ദേവാലയത്തിൽ വച്ച് നടന്നു. ഫൊറാന വികാരി വെരി. റവ. ഫാ. തോമസ് കാക്കശ്ശേരി തിരി തെളിയിച്ച് അനുഗ്രഹ പ്രഭാഷണം നടത്തി. ഇടവക വികാരി റവ. ഫാ. തോമസ് വടക്കൂട്ട് ബൈബിൾ പ്രതിഷ്ഠ നടത്തി ആശംസകൾ നേർന്നു. കെ.സി. എസ്. സി. അംഗം സാബു എം. വർഗീസ് ജൂബിലി സന്ദേശം നൽകി. ആനിമേറ്റർ റവ. ഫാ. രാജു അക്കര വിശുദ്ധ ബലിയർപ്പിച്ച് പ്രാർ ത്ഥിച്ചു. അഡ്വ. ടോമി പാനൽ സെക്ഷൻ കൈകാര്യം ചെയ്തു. സബ് സോണിലെ മുൻകാല ശുശ്രൂഷകരെ ആദരിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്ക് റവ. ഫാ. റോയ് വേളാക്കൊമ്പിൽ നേതൃത്വം നൽകി.

**തിരുസന്നിധി**

ഫെബ്രുവരി പതിനെട്ടാം തീയതി ജൂബിലിക്ക് ഒരുക്കമായ തിരുസന്നിധി ശുശ്രൂഷ എരുമപ്പെട്ടി മങ്ങാട് സെന്റ് ജോർജ് ദേവാ ലയത്തിൽ വെച്ച് നടന്നു. ഇടവക വികാരി റവ. ഫാ. ഫ്രാൻസിസ് കുത്തൂർ ജൂബിലി തിരി തെളിയിച്ച് അനുഗ്രഹപ്രഭാഷണം നടത്തി. K.C. S.C. അംഗം സാബു എം. വർഗീസ് ജൂബിലി സന്ദേശം നൽകി. റവ. ഫാ. റോയ് വേളാക്കൊമ്പിൽ വിശുദ്ധ ബലിയർപ്പിച്ച് പ്രാർ ത്ഥിച്ചു. ദിവ്യകാരുണ്യ ആരാധനയ്ക്ക് സോണൽ സർവീസ് ടീം കോ-ഓർഡിനേറ്റർ ഷാജു, സെക്രട്ടറി റോയ്, റീന റാഫേൽ എന്നിവർ നേതൃത്വം നൽകി.

**L.S.S. പ്രോഗ്രാം**

പ്രാർത്ഥന കൂട്ടായ്മകളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ലൈഫ് ഇൻ സ്പിരിറ്റ് സെമിനാർ 7 ആഴ്ചകളിലായി ആബാ ധ്യാന കേന്ദ്രത്തിൽ നടത്തപ്പെടുന്നു. ആയതിന്റെ ഉദ്ഘാടനം ഫെബ്രുവരി 19-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് ആദ്യ ബാച്ച് ഡയറക്ടർ റവ. ഫാ. റോയ് വേളാക്കൊമ്പിൽ തിരി തെളിയിച്ച് ഉദ്ഘാ ടനം ചെയ്തു. 2 ബാച്ചുകളിലായി 82 പേർ പങ്കെടുക്കുന്നു. K.C.S.C. റിസോഴ്സ് ടീം ആണ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകുന്നത്.

വൈദികർക്ക് വേണ്ടിയുള്ള പ്രാർത്ഥന ആബാ ധ്യാന കേന്ദ്രത്തിൽ എല്ലാ ദിവസവും നടന്നുവരുന്നു.

എല്ലാ ദിവസവും വിവിധ ഇടവകകളിൽ നിന്നു വിവിധ മിനിസ്ട്രികളുടെയും നേതൃത്വത്തിൽ മധ്യസ്ഥ പ്രാർത്ഥന നടന്നു വരുന്നു.

**ഫാ. റോയ് വേളക്കൊമ്പിൽ**

ഡയറക്ടർ

## സി.എൽ.സി.

**ജനറൽ ബോഡി യോഗം**

തൃശ്ശൂർ അതിരൂപത സി എൽ സിയുടെ 2025 വർഷത്തെ ആദ്യ ത്തെ ജനറൽ ബോഡി യോഗം ഫെബ്രുവരി 16ന് ഉച്ചക്ക് 2 മണിക്ക് സെന്റ് ക്ലെയേഴ്സ് സ്കൂളിൽ നടന്നു. തൃശ്ശൂർ അതിരൂപത യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. അലക്സ് മരോട്ടിക്കൽ യോഗം ഉദ്ഘാടനം ചെയ്തു. വി. മദർ തെരേസ ചിത്രരചന മത്സരത്തിന്റെ സമ്മാന ദാനവും നട ത്തുകയുണ്ടായി. സി.എൽ.സിയുടെ പുതിയ അസിസ്റ്റന്റ് പ്രമോട്ടറായി തിരഞ്ഞെടുക്കപ്പെട്ട റവ. ഫാ. സന്തോഷ് അന്തിക്കാട്ടിനെ അതിരൂപത സി.എൽ.സി കുടുംബത്തിലേക്ക് സ്വാഗതം ചെയ്തു. യോഗത്തിൽ അതിരൂപത സി.എൽ.സിയുടെ വരുംകാല പ്രവർ ത്തനങ്ങൾ ചർച്ച ചെയ്തു. തൃശ്ശൂർ അതിരൂപത സി എൽ സി ജോയിന്റ് സെക്രട്ടറി സിയ സേവ്യറിന്റെ നന്ദിയോടുക്കൂടി യോഗം അവസാനിച്ചു.

**ലോക സി.എൽ.സി ദിനാചരണം സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം**

മാർച്ച് 30 നു ബസിലിക്ക ഫൊറോനയുടെ നേതൃത്വത്തിൽ അര ണാട്ടുകര പള്ളിയിൽ വച്ചു നടക്കുന്ന 463 മത് അതിരൂപത ലോക സി.എൽ. സി ദിനാചരണത്തിന്റെ സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം 2/3/2025 ന് രാവിലെ 10.30 ന് അരണാട്ടുകര ഇടവക വികാരി റവ. ഫാ. ജോസ് ചാലക്കൽ നിർവഹിച്ചു. 2025 മാർച്ച് 30 നാണ് അരണാട്ടുകര വച്ചുള്ള ലോക സി.എൽ.സി ദിനാഘോഷം.

**ഫാ. ഫ്രജോ വാഴപ്പിള്ളി**

പ്രൊമോട്ടർ

**ഫാ. സെബി വെളിയൻ**

**ഫാ. സന്തോഷ് അന്തിക്കാട്ട്**

അസി. പ്രൊമേട്ടർമാർ

# അതിരൂപത പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്

**മാധ്യമ പ്രേഷിതത്വത്തിന്റെ 50 സുവർണ വർഷങ്ങൾ**

ഇന്ത്യയിലെ ആദ്യത്തെ രൂപതാതല പബ്ലിക് റിലേഷൻസ് വകുപ്പു രൂപം കൊണ്ടത് സീറോ മലബാർ സഭയുടെ ആദ്യ വികാരിയത്തായ തൃശൂർ രൂപതയിലാണ്. അമ്പതു വർഷം മുമ്പ് 1975 ലാണ് അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് പബ്ലിക് റിലേഷൻസ് വകുപ്പ് ആരംഭിച്ചത്. തന്റെ ആദ്യ ആദ്‌ലിമീന സന്ദർശനശേഷം കുണ്ടുകുളം പിതാവു ദീർഘവീക്ഷണത്തോടെ നടത്തിയ ചുവടുവയ്പ്. സി.ബി.സി.ഐ. മാധ്യമ പ്രേഷിതത്വത്തിലേക്കു പ്രവേശിക്കുന്നതിന് 25 വർഷം മുൻപേ അവിഭക്ത തൃശൂർ രൂപത മാധ്യമ പ്രേഷിതത്വത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി. അതിരൂപതയുടെ മാധ്യമ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകുന്ന പ്രസ്ഥാനമാണ് പബ്ലിക് റിലേഷൻസ് വകുപ്പ്.

അതിരൂപത വിശേഷങ്ങൾ എല്ലാ വീടുകളിലും എത്തിക്കുന്ന പത്രമെന്ന നിലയിൽ 1997 ഫെബ്രുവരി 15 മുതൽ ഡയോമീഡിയ (ഡയസിഷൻ മീഡിയ) പ്രസിദ്ധീകരിച്ചു തുടങ്ങി. രണ്ടോ മൂന്നോ മാസത്തിലൊരിക്കൽ എന്ന തോതിൽ 28 പ്രത്യേക പതിപ്പുകൾ പ്രസിദ്ധീകരിച്ചു. ഡയോമീഡിയയുടെ തുടർച്ചയായാണ് 2008 സെപ്റ്റംബറിൽ 'കത്തോലിക്കസഭ' പത്രം ആരംഭിച്ചത്. സഭയ്ക്കെതിരേ 2018 ൽ വ്യാപക ദുഷ്പ്രചാരണങ്ങൾ ശക്തമായതോടെ ശരിയായ വിവരങ്ങൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാൻ 'നേർജ്വാല' എന്ന സ്പെഷൽ പത്രം പുറത്തിറക്കി. പ്രമുഖ ദാർശനികരുടേയും മാധ്യമപ്രവർത്തകരുടേയും ഈടുറ്റ ലേഖനങ്ങൾ ഉൾപ്പെടുത്തിയുള്ള 'നേർജ്വാല' എല്ലാ മാസവും 15-ാം തീയതിയാണു പുറത്തിറക്കിയത്.

മാധ്യമരംഗത്ത് സഭാമക്കളെ കർമ്മസജ്ജരാക്കാൻ പഠന കളരികൾ, അർദ്ധദിന ഏകദിന സെമിനാറുകൾ, ക്യാമ്പുകൾ എന്നിവ സംഘടിപ്പിച്ചു. ഇടവകയും കുടുംബങ്ങളും തമ്മിലുള്ള ബന്ധം വളർത്തുന്ന പാരിഷ് ബുള്ളറ്റിനുകൾ മികച്ചതാക്കാൻ പരിശീലന ശില്പശാലകൾ നടത്തി. ദ ഹിന്ദു പത്രാധിപരായിരുന്ന എൻ. റാം അടക്കമുള്ള പ്രഗൽഭരാണു ശിൽപശാലകൾ നയിച്ചത്. 1997 മുതൽ പാരിഷ് ബുള്ളറ്റിനുകൾക്കു മത്സരങ്ങൾ നടത്തി, വിജയികൾക്ക് അവാർഡുകൾ നൽകുന്നു. ഇടവക വിശേഷങ്ങൾ മാധ്യമങ്ങളിലൂടെ

പ്രഘോഷിക്കാൻ എല്ലാ ഇടവകയിലും പി.ആർ.ഒ. മാർക്കു പരിശീലനം നൽകി. സാർവ്വത്രിക സഭ, മാധ്യമദിനം ആചരിക്കുന്നതിന്റെ ഭാഗമായി പബ്ലിക് റിലേഷൻസ് വകുപ്പ് എല്ലാ വർഷവും മാധ്യമ ദിന സമ്മേളനം സംഘടിപ്പിക്കുന്നുണ്ട്. സഭയ്ക്കും സമൂഹത്തിനും മികച്ച സംഭാവനകൾ നൽകിയവരെ 1995 മുതൽ മാധ്യമ പുരസ്കാരം നൽകി ആദരിക്കുന്നു. 2018 ൽ ഇടവക പി.ആർ.ഒ. മാരുടെ ഡയറക്ടറി പ്രസിദ്ധീകരിച്ചു.

അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവു സ്ഥാപിച്ച പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സുവർണ ജൂബിലി വർഷമാണിത്. മാർ കുണ്ടുകുളം പിതാവിനു പിറകേ, അതിരൂപതാ സാരഥികളായ മാർ ജേക്കബ് തൂങ്കുഴി പിതാവും, മാർ ആൻഡ്രൂസ് താഴത്തു പിതാവും പബ്ലിക് റിലേഷൻസ് വകുപ്പിനെ ശക്തമാക്കി. അതിരൂപതാ സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവാണ് ഇപ്പോഴത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി ചെയർമാൻ. മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവ് സഹായ മെത്രാനായിരുന്നപ്പോൾ എക്സിക്യൂട്ടീവ് കമ്മിറ്റി മുൻ ചെയർമാനെന്ന നിലയിൽ മാർഗദർശനങ്ങൾ നൽകി. അതിരൂപതയിൽ പബ്ലിക് റിലേഷൻസ് വകുപ്പും മീഡിയ കമ്മീഷനും ഒന്നിച്ചാണ് പ്രവർത്തിക്കുന്നത്.

അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾ 2000 മാർച്ച് 12 ന് തൃശ്ശൂർ ടൗൺ ഹാളിൽ സി.ബി.സി.ഐ. അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. അലൻ ഡി ലാസ്റ്റിക് പിതാവാണ് ഉദ്ഘാടനം ചെയ്തത്. മന്ത്രിമാർ അടക്കമുള്ള പൗര പ്രമുഖർ പങ്കെടുത്ത ചടങ്ങാണത്. അമ്പതു വർഷംമുമ്പ് റവ. ഫാ. സിൽവസ്റ്റർ ഏഴുമലയായിരുന്നു പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആദ്യ ഡയറക്ടർ. മാധ്യമപ്രവർത്തകനായ കെ.പി. ആന്റണി പ്രസിഡന്റും. പിന്നീടു ഫാ. ജോൺ കൊള്ളന്നൂർ, ഫാ. പോൾ പൂവത്തിങ്കൽ, ഫാ. വർഗീസ് പാലത്തിങ്കൽ, രാമനാഥപുരം ബിഷപ് മാർ പോൾ ആലപ്പാട്ട്, ഫാ. റാഫേൽ ആക്കാമറ്റത്തിൽ, ഫാ. ലോറൻസ് തൈക്കാട്ടിൽ, ഫാ. ജിയോ കടവി, ഫാ. നൈസൺ ഏലന്താനത്ത് എന്നിവർ ഡയറക്ടർമാരായി. ഡേവിസ് കണ്ണനായ്ക്കൽ, വിൻസി ലൂവിസ്, ജോൺസൺ കാഞ്ഞിരത്തിങ്കൽ, പ്രഫ. തോമസ് മാത്യു എന്നിവരാണു മുൻ പ്രസിഡന്റുമാർ. ഇപ്പോൾ ഫാ. സിംസൺ ചിറമ്മൽ ഡയറക്ടറും ജോർജ് ചിറമ്മൽ പ്രസിഡന്റുമാണ്.

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

**ശ്രീ. ജോർജ്ജ് ചിറമ്മൽ**
പ്രസിഡന്റ്






തൃശ്ശൂർ മെത്രാപ്പൊലീത്തൻ പ്രൊവിൻസ് പാസ്റ്ററൽ കൗൺസിൽ
08 മാർച്ച് 2025

Registered R.N.I. No. 27348/1975
KL/TCR/275/2024-2026
Licence No. KL/CR/TCR/WPP-11/2024-2026
Licensed to Post Without Prepayment
Posted at Thrissur RMS

₹ **25/-**
Date of Publication 24.03.2025
**April - 2025**



## ദൈവകരുണയുടെ തിരുനാൾ

**ഏപ്രിൽ 27**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor